# അക്ഷര


2002



MAHATMA GANDHI COLLEGE - IRITTY

# With best compliments from

KERALA STATE RUBBER CO- OPERATIVE LTD. ❑ Hawai Chappal Manufacturing Unit ❑ Cycle TyreManufacturing Unit ❑ Tread Rubber Manufacturing Unit ❑ Rubberised Coir Mattress Unit ❑ Natural Rubber Trading RUBCO SREEKANTAPURAM LATEX PVT.LTD. ❑ Rubber latex and ISNR 20. RUBCO HUAT WOODS PVT. LTD. ❑ Rubber Wood Processing and Furniture ManufacturingRUBCO TYRES INDIA PVT. LTD. ❑ Manufacture of Tyres RUBCO SALES INTERNATIONAL LTD. ❑ Marketing of Rubco Products ❑ Casual Shoe Manufacturing Unit.



RUBCO

Corporate Office: K.V.R. Tower, 4th Floor, South Bazar, Kannur - 670002, Kerala State, India. Tel: 0497-709749, 711134, 701908, 711376 -378. Fax : 0497 - 711030. E - Mail: info@rubcogroup.com.Website: www.rubcogroup.com



# MAHATMA GANDHI COLLEGE

## IRITTY

# സ്മരണാഞ്ജലി



ശ്രീ. മുരളീധരൻ. പി. കെ.

A.K. ANTONY
CHIEF MINISTER, KERALA

Phone Office : 333812
333682
Fax : 333489

Thiruvananthapuram
05-08-2002



## *MESSAGE*

It gives me immense pleasure together that Mahatma Gandhi College, Iritty is bringing out an elegant and informative annual magazine this year.


My good wishes for the success of this creditable venture.

A.K. ANTONY

K. SUDHAKARAN
MINISTER FOR FORESTS & SPORTS

Phone Office : 327039
327295
Res : 312326
313295

Thiruvananthapuram
05-08-2002



സുഹൃത്തേ,

മഹാത്മാ ഗാന്ധി കോളേജ് 2001- 02 വർഷത്തിൽ പ്രസിദ്ധീകരിക്കുന്ന കോളേജ് മാഗസിന് എല്ലാവിധ മംഗളാശംസകളും നേരുന്നു. സമൂഹപരിവർത്തനത്തിന്റെ ചാലകശക്തിയാകേണ്ട വിദ്യാർത്ഥി സമൂഹം അതീവ ജാഗ്രതയോടെ പ്രവർത്തിക്കേണ്ട ഒരു കാലഘട്ടമാണിത്. ഈ സന്ദർഭത്തിൽ ഈ മഹനീയ സംരംഭത്തിന് അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ.

സ്നേഹപുരസ്സരം

കെ. സുധാകരൻ

*OUR MANAGER*



**Sri. K.P. NOORUDHEEN**


## *OUR PRINCIPAL*



**Prof: M. A. H. KHAN**

# അക്ഷരത്താളുകളിലൂടെ..........


| | |
|---|---|
| ചില ചെറിയ കാര്യങ്ങൾ .................................... | നുറുങ്ങുകൾ |
| **Death's failure** .................................... | **Poem** |
| സരയൂനദി ഒഴുകുന്നു.. നിശ്ശബ്ദയായി .................... | കഥ |
| भाषा के संबन्ध में .................................... | प्रबन्ध |
| **A Horror Nonpareil** .................................... | **Essay** |
| സ്മൃതിലയം .................................... | കഥ |
| വവ്വാലുകൾ .................................... | കവിത |
| सुन मेरे प्रवासी देश .................................... | कविता |
| കാലം .................................... | ചെറുകഥ |
| കനിവുറുന്ന കലാക്ഷേത്രം .................................... | ഫീച്ചർ |
| **Status on Indian Women** .................................... | **Essay** |
| സമയത്തിന്റെ പ്രവേഗം .................................... | കഥ |
| അത്രമേൽ സ്നേഹവാത്സല്യമാർ .................... | കവിത |
| **What is friendship made of** .................................... | **Poem** |
| സ്വപ്നം മാത്രം .................................... | കഥ |
| **It's you** .................................... | **Poem** |
| ഇലഞ്ഞി പൂത്തപ്പോൾ .................................... | കവിത |
| **Queen of Flowers** .................................... | **Poem** |
| ഗീതാഞ്ജലിയുടെ ഏടുകളിൽ നിന്ന് .................... | ലേഖനം |
| എൻ പ്രിയ റോസാ പുഷ്പം.................................... | കവിത |
| **India Gate** .................................... | **Essay** |
| മരണം ദുർബലം .................................... | കവിത |
| **Need for a new educational policy** .................... | **Essay** |
| അവസാനത്തെ കത്ത് .................................... | കഥ |
| ഓർമ്മയിലെ പൂക്കാലം .................................... | കഥ |
| നക്ഷത്ര സോദരീ നിനക്കായ് .................................... | കവിത |
| हंसी .................................... | कविता |
| മഴ പെയ്യുന്നത് .................................... | കവിത |
| കൃഷ്ണാ നീയെന്നെ അറിയില്ല .................................... | ലേഖനം |
| അർത്ഥമറിയാതെ .................................... | കവിത |
| എൻ. എസ്. എസ് ക്യാമ്പ് .................................... | അവലോകനം |
| **SWEETEST LOVE I DO NOT GO**.................... | **Poem** |
| പക്ഷികളുടെ മാനിഫെസ്റ്റോ .................................... | കവിത |



# മുഖമൊഴി

ക്യാമ്പസ്സിന്റെ ഇടനാഴികളിൽ വീർപ്പുമുട്ടുന്ന യുവചേതനയുടെ ഗൂഢ വികാരങ്ങളെ തൊട്ടുണർത്താൻ ..............

വിജ്ഞാനപീഠത്തിലേക്ക്, അറിവിന്റെ കാണാപ്പുറങ്ങളിലേക്ക് അർത്ഥം തേടി യാത്ര തിരിക്കുവാൻ ..............

ഋതുഭേദങ്ങൾക്കനുസൃതമായി കവിതകൾ കുറിക്കുവാൻ ..........

അക്ഷരങ്ങളിൽ നിന്ന് ഉയിർകൊള്ളുന്ന [illegible] അനന്തതയിലേക്ക് ആകാശപ്പറവകളായി പറന്നുയരുവാൻ ..................

നിറക്കൂട്ടുകളുടെ തൃപ്തതകൊണ്ട് പ്രതീക്ഷയുടെ കാൽവെയ്പുമായ് അക്ഷര!..........

മനസ്സിന്റെ മഷിത്തണ്ടിൽ നിന്ന് നിങ്ങൾ കോർത്തെടുത്ത അക്ഷരങ്ങൾ ..........

മൗനത്തിന്റെ അകക്കാമ്പിൽ നിന്നും ഊറിയിറങ്ങിയ നീരുറവകൾ ..........

വർണ്ണങ്ങൾ ചാലിച്ചെഴുതിയ നിറക്കൂട്ടുകൾ ............

പാതയോരത്തിൽ പതിയിരുന്നിരുന്ന തൃപ്ത മോഹങ്ങൾ...............

ആശയറ്റ ജീവനെ കുളിരണിയിച്ച മന്ത്രങ്ങൾ............

കാലപ്രവാഹത്തിൽ മുഖം നഷ്ടപ്പെട്ട നേരങ്ങൾ ...........

വളപ്പൊട്ടുകൾ കൊണ്ട് കവിത മെനഞ്ഞ ബാല്യങ്ങൾ ...........

എല്ലാം ഒത്തുചേർന്നപ്പോൾ അക്ഷരയുടെ ചിത്രം പൂർത്തിയാവുകയായിരുന്നു. ചാലിച്ചെഴുതിയ വർണ്ണങ്ങൾക്ക് വർണ്ണപ്പൊലിമകളുടെ പരിവേഷമുണ്ടാകണമെന്നില്ല...... [illegible] നഷ്ടപ്പെടുത്തിയിട്ടില്ല. എങ്കിലും അത് ശ്രമമാണ്.

സഹൃദയർക്കായ് ഈ അക്ഷരങ്ങൾ സമർപ്പിക്കുന്നു.....

ഇഷ്ടത്തോടെ,
നിങ്ങളുടെ എഡിറ്റർ
ജിജേഷ് പി. വി.



Most 12th pass students don't know the importance of IT. I was lucky to join the ACCP World Programme.



The ACCP WORLD PROGRAM @ Rs.990/- per month

WE CHANGE LIVES GLOBALLY

APTECH COMPUTER EDUCATION



Ph: 491050

APTECH COMPUTER EDUCATION


MISHAL COMPLEX
NEAR BUS STAND
IRITTY - 670 703



# EDITORIAL BOARD



Prof: M.A. H.KHAN
Managing Editor



JIJEESH. P.V
Student Editor



Sri.ANEESH KUMAR. K
Staff Editor




Sri. REJI PAIKKATTU
English Department




Smt. SHEEJA JAYAKUMAR
Malayalam Department



Smt. MEERA SASINDRAN
Hindi Department



JOBY K. JOSEPH
Ist BCom



SEBASTIAN .C.A
Ist BCom



SAJINA. P.K
Ist BSc. Comp.

*With Best Compliments From:*

**THE AZHIKODE SERVICE CO-OPERATIVE BANK LTD.,**

No. F. 1149, AZHIKODE, KANNUR - 670 009, Phone : 777479

Branches:-

| | | |
|---|---|---|
| 1. Main Branch | : | 777290 |
| 2. Azhikkal Branch | : | 770346 |
| 3. Azhikode South | : | 742528 |
| 4. Evening Branch | | |
| Poothappara | : | 777481 |

*President*
A.V. Damodaran Nair

*Secretary*
M.N. Ravindran

**അജയ കുമാർ.വി.വി**
III BSc, Physics

# ചില ചെറിയ കാര്യങ്ങൾ

**സത്യം**

ആരെയും ദ്രോഹിക്കാതെ, ആരെയും വെറുക്കാതെ അടങ്ങിയൊതുങ്ങി നടന്നിരുന്നവൻ. പക്ഷെ ഒരു രാത്രിയുടെ മറവിൽ ലക്ഷ്യം തെറ്റിയെത്തിയ ഒരു കത്തി സത്യത്തിന്റെ നട്ടെല്ലു തുളച്ചുകയറി. പാവം ഇപ്പോൾ ഐ.സി.യു.വിലാണ്. നാൽപ്പത്തെട്ട് മണിക്കൂർ കഴിഞ്ഞേ എന്തെങ്കിലും പറയാൻ പറ്റൂ എന്ന് വിദഗ്ധ മൊഴി.

**സമത്വം**

തന്റെ പേരും പറഞ്ഞ് പലരും പലതും നേടുന്നത് കണ്ട് സായൂജ്യമടഞ്ഞവൻ. പക്ഷെ പലരും പുറംകാലുകൊണ്ട് തൊഴിച്ചത് മറക്കാനെളുപ്പമല്ലല്ലോ? ഒരു നല്ല തൊഴിൽരഹിതന് വേണ്ട ബിരുദങ്ങൾ പോലുമില്ലാതെ അലഞ്ഞുതിരിയുന്നു.

**സ്വാതന്ത്ര്യം**

എന്തും ചെയ്യാനുള്ള അധികാരമല്ല സ്വാതന്ത്ര്യം എന്ന് പണ്ട് ഗാന്ധിജി പറഞ്ഞത്രേ. ആരെയും എങ്ങനെയും എന്തും ചെയ്യാനുള്ള അവകാശമാണ് സ്വാതന്ത്ര്യം എന്ന് പുതിയ പത്രക്കുറിപ്പ്. അതിനാൽ ഇദ്ദേഹം (സ്വാതന്ത്ര്യം) നാട്ടുകാരെ പേടിച്ച് മുങ്ങിനടപ്പാണത്രേ.

**സാഹോദര്യം**

സഹോദരൻ സഹോദരരെ ഉന്മൂലനം ചെയ്യുന്ന ദുരന്തദൃശ്യങ്ങൾ കണ്ട് മനംമടുത്ത ഇദ്ദേഹം തന്റെ പേര് മാറ്റാൻ ഗസറ്റിൽ പരസ്യം നൽകാൻ ശ്രമിക്കുന്നതായി അറിയാൻ കഴിഞ്ഞു.

**സോഷ്യലിസം**


ഉള്ളവനെന്നും ഇല്ലാത്തവനെന്നുമുള്ള അതിർവരമ്പുകൾ ഇല്ലാതാകലാണ് സോഷ്യലിസം എന്ന് ചിലർ വാദിക്കുന്നു. ഇതിലേതെങ്കിലും ഒരു വർഗ്ഗത്തെ ഇല്ലാതാക്കി മറ്റേ വർഗ്ഗത്തെ നിലനിർത്തുമ്പോൾ ഇത് സാധ്യമല്ലേ എന്ന് മറ്റ് ചിലർക്ക് സംശയം. എങ്കിൽപ്പിന്നെ 'ഇല്ലാതാക്കുന്നത് ' ഇല്ലാത്തവരെത്തന്നെ ആയിക്കൂടേ എന്ന് അവരിൽ ചിലർ. ആകെക്കൂടി സോഷ്യലിസം ഇപ്പോൾ കൺഫ്യൂഷനിലാണത്രേ.

**ജനാധിപത്യം**


"ജനങ്ങൾക്കുവേണ്ടി ജനങ്ങൾ ജനങ്ങളാൽ നടത്തുന്ന ഭരണവ്യവസ്ഥയാണ് ജനാധിപത്യം " എന്ന് പറഞ്ഞ എബ്രഹാം ലിങ്കന് തെറ്റുപറ്റിയോ? "ജനങ്ങൾക്ക് വേണ്ടി ജനങ്ങൾ തിരഞ്ഞെടുക്കുന്ന ജന്മിത്തമാണ് പോലും ജനാധിപത്യം." പുതിയ ചരിത്രം തിരുത്തുകാർ വ്യാഖ്യാനിക്കുന്നു.

> അനുസരണ, സന്നദ്ധത, ലക്ഷ്യത്തോടുള്ള താത്പര്യം എന്നിവ നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങളെ പിന്തിരിപ്പിക്കാൻ ഒന്നിനും കഴിയില്ല.
>
> \- സ്വാമി വിവേകാനന്ദൻ

# യൂണിയൻ




**Sri. M.J. MATHEW**
Union Advisor



**SHINTO. K.J**
Chairman




**JEEN THERESA.K**
Vice Chairman



**ANEESH. K.V**
Fine Arts Sec.




**HUBAID. N**
U.U.C



**REJEESH. K.V**
Comp. Association



**RENEESH MATHEW**
Commerce Association



**ANOOP JOSEPH**
Physics Association



**SHARON. N.M**
Maths Association

# ഭാരവാഹികൾ




**ANEESH KUMAR.K**
Staff Editor



**BINEESH GEORGE**
Gen. Secretary



**SREEPRIYA. M**
Joint Secretary




**JIJEESH. P.V**
Editor



**SIDDIK BABU**
Gen. Captain



**JIJO JOSEPH**
I D.C. Rep.



**ARUN GEORGE**
II D.C.Rep.

**BIBIN**
III D.C. Rep.

*With Best Compliments From:*



*Kallarackal's*

# MAHARANI
## Jewellers

Bank Road, Kannur — Phone :
M.O. Road, Trichur — Phone :
Gandhi Square, Perumbavur — Phone :



*With Best Compliments From:*

# ATHULYA
## BOOKS



H.O. M. G. Road / Logan's Road
**THALASSERY**
Ph: 324099

V.K. Complex, Fort Road
**KANNUR**
Ph: 709294

# Death's Failure



**Sebastian C. A**
II[nd] BCom.

The winds came to me mourning,
That the Queen is no more,
I consoled that it may not happen,
But who could prevent it happening.

If so, you and I lost something precious,
Precious than Diamond, or even more
A loss, for all, to all and above all,
Can never be thought of recovered.

She was a mother and a sister,
And all could see it in her,
She loved them all
And all could see her as one.

She cried and cried over her children,
As they had no food to eat,
No dress to wear and no where to sleep,
And when she saw them fighting each other.

She was widowed being divorced,
Her brothers never felt sorry for that,
They speared her with blames,
But she never stopped looking her children

How could she be dead, leaving them motherless,
Who will watch them after now,
Who will come to rescue them all,
Who will milk them, feed them as she.

Oh God, how could you be so cruel,
You always pluck the best,
Oh God, why such hurry in having her,
May be, you are happy seeing her on your lap.

Oh Queen, you are still alive,
And no one could kill you ever,
Why do you hide yourself from us,
We will cry till we see your face.

Oh Death, You come like a thief,
When all are sound asleep,
But you can't take our mother,
For we are awake for her always.

# സരയൂനദി ഒഴുകുന്നു.... നിശബ്ദമായി



**രാജശ്രീ .വി.എം.**
Ist DC, Mathematics

അയാൾക്കന്നുറങ്ങാൻ കഴിഞ്ഞില്ല. ഈശ്വരനെ അയാൾ എന്നുച്ചരിക്കാൻ പാടില്ലല്ലോ. മനുഷ്യനായി പിറന്നാൽ ദൈവവും മനുഷ്യന് തുല്യം. രാമന് അന്നുറങ്ങാൻ കഴിഞ്ഞില്ല. അതെ, സാക്ഷാൽ ശ്രീരാമദേവനുതന്നെ! അവതാരപുരുഷന്മാരായി ഭൂമിയിൽ ജന്മമെടുത്ത വിഷ്ണുവിന്റെ മറ്റൊരു ലീല.

രാമലക്ഷ്മണ സഹോദരബന്ധം ത്രൈലോക്യ പ്രസിദ്ധമാണല്ലോ! പക്ഷേ, ആ രാത്രി; അന്ന് രാമനുറങ്ങാൻ കഴിഞ്ഞില്ല. അനുജൻ ലക്ഷ്മണനും. ദൈവമാണെങ്കിലും മനുഷ്യസഹജമായ വികാരം രാമനെയും പിടികൂടി. ലക്ഷ്മണന് പക്ഷേ സമാധാനമുണ്ടായിരുന്നു. അമ്മയായ പ്രകൃതീദേവിക്ക് തന്നെയാണ് താൻ ജ്യേഷ്ഠത്തിയെ സമ്മാനിച്ചത്.

അതെ, രാമന്റെ കാളരാത്രികൾക്ക് അന്ന് തുടക്കം കുറിച്ചു. മംഗല്യസൂത്രം അണിയിച്ച ഒരു പാവം സ്ത്രീയെ വെറുമൊരു അലക്കുകാരന്റെ വിടുവാക്ക് കേട്ട് ഉപേക്ഷിക്കാൻ എങ്ങനെ മനസ്സു വന്നു ആ ദൈവത്തിന്. എന്തിനും ഉത്തരമുണ്ടല്ലോ(?) ഉത്തരമില്ലാത്ത ചോദ്യങ്ങൾക്ക് ഉത്തരമാണല്ലോ വിധി. എന്തും വിധിക്ക് കീഴടങ്ങിനില്ക്കുന്നു എന്ന തത്വം മനുഷ്യന് പരമപ്രധാനമാണല്ലോ?

രാമന്റെ മനസ്സാകെ കലങ്ങിമറിഞ്ഞിരിക്കുകയാണ്. എന്തെല്ലാം പരീക്ഷണങ്ങളാണ് നേരിടേണ്ടിവരുന്നത്. ഒരു നിമിഷമെങ്കിലും രാമൻ തന്നെത്തന്നെ ശപിച്ചിട്ടുണ്ടാവില്ലേ?

ഒരു പക്ഷേ സ്വച്ഛമായ നിദ്ര തനിക്ക് ലഭിക്കില്ല എന്ന് രാമന് തോന്നിയിട്ടുണ്ടാവില്ലേ? അർദ്ധാംഗിനിയെ കാട്ടിൽ ഉപേക്ഷിക്കുക, സ്വന്തം അനുജന്റെ കൈകൊണ്ട്, അതും പൂർണ്ണഗർഭിണിയായിരിക്കെ. രാമാ, ആ പാപക്കറ കഴുകാൻ നീ എന്തു ചെയ്യും? സീത സ്വയം മാതാവിന്റെ മടിത്തട്ടിലേക്ക് നീങ്ങുമ്പോഴെങ്കിലും എതിർക്കാമായിരുന്നില്ലേ?

ഹോമകുണ്ഡത്തിനരികെ കാഞ്ചനസീതയെ ഒപ്പമിരുത്തി ഹവിസ്സ് ഹോമിക്കുമ്പോൾ രാമാ, നിന്റെ ഹൃദയം നൊന്തില്ലേ? നീ ഒരു പരമാത്മാവ് തന്നെ. പക്ഷേ ഹൃദയത്തിൽ വേദന മാത്രമല്ലേ അവതാരകാലത്ത് ലഭിച്ചിരുന്നുള്ളൂ രാമാ.....

ഇതുപോലെ എത്ര രാത്രികൾ കണ്ണിമ എണ്ണയൊഴിച്ച് കാത്തിരിക്കേണ്ടി വന്നിട്ടുണ്ട്. ഇതൊന്നും സീതയുടെ ഒരു തുള്ളി കണ്ണുനീരിന് പകരമാവില്ല രാമാ......... പക്ഷേ അവൾ സർവ്വംസഹയാണ്. ഭൂമി ദേവിയോളം ക്ഷമിക്കുന്നവളാണ് അതാണ് സീത അഥവാ സ്ത്രീ.

ഒരു പക്ഷേ ഹരി തന്റെ പ്രിയതമയോടൊപ്പം ഭൂമിയിൽ ജനനമെടുക്കുന്നതിന് മുമ്പ് തന്നെ ഇതെല്ലാം കണ്ടുവെച്ചിരിക്കാം. പക്ഷേ പ്രവചനവും അനുഭവവും ഒന്നാകുന്നില്ലല്ലോ?

നിമിഷങ്ങൾ യുഗങ്ങളെപ്പോലെ തള്ളിനീക്കിയാണ് സീത രാമനെ വരിച്ചത്. രാമൻ സമ്മാനിച്ചത് ദുഃഖവും. എല്ലാ ദുഃഖവും സീത ഉള്ളിലൊതുക്കി. ഒന്നും ഓർമിക്കാൻ രാമാ, നിനക്ക് കഴിയില്ല. ഇനി എല്ലാ രാത്രികളിലും വിധിയുടെ വിളയാട്ടം കണ്ട് ഞെട്ടിയുണരാനേ നിനക്ക് കഴിയൂ. ഇത് ശാപമല്ല. 'വിധി' ലിഖിതമാണ്.

ഓർമിക്കാനും ഓമനിക്കാനും തന്റെ പിഞ്ചുകുട്ടികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ സീതയ്ക്ക്. നിനക്ക് പശ്ചാത്താപം തോന്നുന്നില്ലേ? ഉണ്ടെങ്കിൽ അതാണ് ഈ തെറ്റിനുള്ള ഏറ്റവും വലിയ പ്രായശ്ചിത്തം. എങ്കിൽ നിനക്ക് ഉറങ്ങാൻ കഴിഞ്ഞേക്കാം.

ഇങ്ങനെ എത്രയെത്ര സീതമാർ! എത്രയെത്ര രാമന്മാർ !! എത്രയെത്ര കാളരാത്രികൾ !! ഇതൊക്കെ കണ്ട് മരവിച്ച മനസ്സുമായി സരയൂനദി നിശ്ശബ്ദയായി അനുസ്യൂതമായി ഒഴുകുന്നു !!! എങ്ങോട്ടെന്നില്ലാതെ.............

# भाषा के संबन्ध में.......



मीरा एम

अपने भावों और विचारों के आदान - प्रदान का साधन है भाषा। आँगिक और कथित भाषा से शुरु होकर कई परिवर्तन के बाद हर भाषा अपना विकसित रुप पा चुकी हैं । प्रायेक भाषा में अच्छी अच्छी रचनायें भी हो रही है । साहित्य की प्रगति ही भाषा की प्रगति है। भारत का अपना प्राचीन साहित्य बहुत ही संपन्न और विशाल है। आत्मतत्व को प्रधानता देनेवाले भारतीय साहित्य में विदेशी - शिक्षा और साहित्य के प्रभाव से धीरे धीरे आधुनिकता बोध आने लगे। एक समय में यह आधुनिकता बोध की तीव्रता हमारे साहित्य और संस्कृति की नींव हिलाने की शक्ति रखती थी। लेकिन भारतीय साहित्य अपने सन्ता का पहचान करके बौद्धिकता और आत्मिक तत्व का मिलन करके आगे बढ़ रहा हैं।

एक देश की अपनी केवल एक भाषा होना देशीय सुरक्षा की दृष्टि से और जनता में आत्मीयता और एकता बहुत ही आसानी से बनाये रखने की दृष्टि से अच्छा हैं। भारत के संबन्ध में ऐसा होना असंभव है। कभी कभी थक जाने पर भी, विविधता में एकता लाने की कोशिश करके यह आगे चल रही है। अपनी एक राष्ट्रभाषा के साथ साथ उसकी अनेक बोलियाँ और भाषायें भी हैं। राष्ट्रभाषा का प्रचार स्वतन्त्रता - संग्राम के समय से ही शूरू हुआ था। भारत के हर राज्य में इसका बहुत ही सफल प्रचार हुआ है। इधर केरल में भी बहुत ज़्यादा लोग हिन्दी अच्छी तरह जानते हैं। दूरदर्शन और सिनेमा ने इसे और भी आसान बना दिया है।

अपनी मातृभूमि में रहते समय मातृभाषा में बोलना और पढना बहुत ही सहज और सही तरीका है। ये ऐसी जड हैं जो हमारी नींव ज़्यादा मज़बूत बनाती है। भूमंडलीकरण के इस युग में अंग्रेज़ी को, जिसे विश्वभाषा मानते हैं, बहुत प्रधानता देना पडता है। केरल की मातृभाषा और राष्ट्रभाषा अलग अलग है। राष्ट्रभाषा और मातृभाषा हर एक नागरिक का अस्तित्व दृढ़ बनाती है तो विश्वभाषा उसे आकर्षक और प्रयोजनप्रद बनाती है। इस दृष्टि से भारत सरकार का त्रिभाषा पद्धति बहुत ही अर्थपूर्ण है। अपनी भाषा और संस्कृति भूलकर विदेशी भाषा और संस्कृति अपनाया व्यक्ति डोर से छुटे उस पतंग के समान है, जिसे कहीं ठिकाना नहीं मिलता। ऐसा व्यक्तित्व अपनी मातृभूमि से मेल नहीं खाता और विदेशी भूमि में वह आप्रवासी ही ठहरेगा। मातृभाषा की जानकारी के साथ साथ दूसरी भाषाएँ और संस्कृतियों को जानना तो गर्व की बात है।



# Magazine Committe


*With Best Compliments From:*

Phone: 492867

**Govt: of India Recognised Courses**

**cybersoft**

Centre for Advanced Computer Software Technology

**K.C. COMPLEX OPP.X' tain CHURCH, Main Road, IRITTY**

AUTHORISED Centre For
**NAPCOL**
(National program For Computer Literacy)
[50% Scholership offered for all Courses by
LIONS CLUB INTERNATIONAL

Govt: OF INDIA
Ministry of SSI & ARI
Directorate of SEPTI
(Small Entrepreneur Promotion
and Training Institute)

**COURSES**

PGDCA, DCA, DTP, MS-OFFICE, DCP, DEO, CDTP, TALLY, ORACLE, VISUAL BASIC, C, C+ +, C#, JAVA, FOXPRO, INTERNET TOOLS, MS-PUBLISHER, MULTIMEDIA etc.

# A HORROR NONPAREIL



**Reji Paikkattu**
Head of the Dept.of English

### *ONE*

Vladimir Kuskov, in his A History of Old Russian Literature (Moscow : Progress publishers, 1980. P.P. 227-229) analyses a curious Russion book written in late 15 th century. According to a hypothesis, the author of the book might have been one Fedor Kuritsyn, who headed the Russian delegation to Moldavia and Hungary from 1482-1484. The English translation of the Russian book is titled 'Tale of the Wallachian Governor Dracula'. It deals with the extraordinary life of Vlad Tsepesh, ruler of Wallachia/Romania from 1456-1462. What we understand about the content of the book is interesting and at the same time, startling.

In the form of small anecdotes, the author depicts the career and character of the governor and points to the eccentric cruelty stemming from an extreme form of paranoia and sadism of a despot in the feudal hierarchy. The Wallachian governor punishes every one, whether he is a noble man or simple man, for what he perceives as evil deeds and insulting gestures. For example, he orders that the hats of foreign envoys who fail to remove them in front of him be nailed to their heads for not showing proper respect; he punishes soldiers who were wounded in the rear and not the front. He orders old men, cripples and beggars to be burned so that his realm may be rid of the poor and the disabled. A 'negligent' wife loses her hands for the simple reason that her husband walks around in a torn shirt!

Eventually the governor who gained the nickname 'Dracula' (which in Romanian means 'devil') is imprisoned by his overlord the Hungarian King. But even while in dungeon, Vlad Tsepesh alias 'Dracula' continues to show sadistic traits by killing mice and birds that have been specially purchased for him at the market.

This extraordinary Russian book, which was written in 15th century, might not have made Vlad Tsepesh (according to some historians Prince Vlad V of Wallachia, with the nickname Vlad Tepes; 'tzepa' means spike) immortal or infamous. He might have merged with the present day anonymity of the countless lords of the middle ages in Europe who were, in a sense, responding to the demands of the age in the then prevailing scale of values, attitudes and criteria. But his fate was not going to be so 'unkind'. His extraordinary eccentricity attracted the attention of purveyors of fiction in Germany even then. He became a subject of artists including even painters. Gradually, a popular mythology arose around his deeds and misdeeds. Thus, towards the last decade of 19th century, this Wallachian lord became the cetral character in an English novel which has never become out of print to this day.

### *TWO*

Bram Stoker wrote 'Dracula' in 1897. In terms of global acclaim and grass root level familiarity, Bram Stoker's 'Dracula' surpasses any single work in the English language including that of Shakespeare. [Bram Stoker was associated with Henry Irving, a great actor whose Lyceum Theatre specialised in Shakespearian dramas. Irving made him his first manager and in that capacity he ramained until Irving died in 1905.] The novel is included in the World's Classics series published

by the Oxford University. It is not always seen as a classic belonging to the central, 'respectable' literary tradition. But its popularity is phenomenal and examples of its influence abound in other languages also. In Malayalam, there are four (perhaps more) full length translations and two abridged versions, besides innumerable imitations of sensational kind. Creative writings of 'honourable' garb also bear the marks of the Lord Terror. A couple of years ago, a well known poet in Malayalam wrote a poem with the novel as its title and inspiration; recently a promising short story writer also used it as a raw-material for one short fiction.

One thing is self - evident. Cutting across languages and cultures, the novel exercises a perennial fascination for generations of readers and writers.

Who has not read this novel which was entitled 'The Undeed' in 1897? The craft may strike as unusual for a reader of today, but not uncommon in early and late 19th century. The story is told through multiple point of view using diaries, letters and news items attributed to different 'authors'. Thus the real author appears to be a helpless, infant innocent collector of journals and such personal memoranda left by an equally helpless band of people who were mysteriously assailed by an infernal count from bygone ages. This style of narration is the most convincing strategy to effect 'willing suspension of disbelief' which is quite necessary for the success of the story.

Essentially, this is the story of the blood sucking vampire who can be kept away only by garlic and crucifixes. The novel opens with the diary of Jonathan Harkar, a solicitor from London. Harker goes to the Transylvanian castle of Count Dracula in order to help the count purchase an 'old' house in London. Eventually he becomes a victim and prisoner in the castle. Also he realizes that the count is a sinister being who sleeps through centuries and sustains on blood. But Harker is unable to forestall the count's journey to London. He is trapped in the castle.

The Count then travels to England on board

ആശംസകളോടെ.....

# ഗ്രെയ്സ് ബുക്സ്

ന്യൂ ബസ് സ്റ്റാൻഡ്, ഇരിട്ടി

The Complete Book Shop

Only One Super Multishop in Iritty

സ്കൂൾ, കോളേജ് പുസ്തകങ്ങൾ, ഗൈഡുകൾ, കംപ്യൂട്ടർ സംബന്ധമായ പുസ്തകങ്ങൾ, പരീക്ഷാഗൈഡുകൾ, മെഡിക്കൽ, എഞ്ചിനിയറിംഗ്, M.C.A, M.B.A, സിവിൽ സർവ്വീസ് എൻട്രൻസ് പരീക്ഷാഗൈഡുകൾ

ആശംസാ കാർഡുകൾ, പേപ്പറുകൾ, പേപ്പർ ബാഗുകൾ, ആർട്ട് മെറ്റീരിയൽ, സ്കൂൾ-ഓഫീസ് സ്റ്റേഷനറി സാധനങ്ങൾ

എല്ലാത്തരം ഫോറങ്ങൾ, അക്കൗണ്ട് ബുക്കുകൾ, etc...

N.B.S, DC, കറന്റ് ബുക്സ് എന്നിവയുടെ പ്രസിദ്ധീകരണങ്ങൾ

- കംപ്യൂട്ടറൈസ്ഡ് ഫോട്ടോസ്റ്റാറ്റ്
- റബ്ബർസീലുകൾ ഓർഡർ പ്രകാരം ചെയ്തുകൊടുക്കുന്നു.

ഞങ്ങളുടെ സഹോദരസ്ഥാപനം: **മാതാ ബുക്സ്** നിർമ്മല, ഹോസ്പിറ്റലിന് മുൻവശം ഫോൺ : 491016

an illfated ship specially chartered for that purpose. A number of wooden boxes containing the soil from graveyard of his ancestors are on board the ship 'The Demeter'. By the time the ship reaches Whitby, all the crew save the captain perish owing to the sinister lord. The captain also meets the same fate, but he leaves a message of warning for the people of England.

The ship arrives at Whitby in a mysterious manner. Harker's fiancee Mina Murray and her friend Lucy Westenra happen to be there who witness the strange incidents involving the ship. Soon the uninvited guest from the eerie ship overtakes them. Lucy falls a victim to Dracula and becomes a Vampire. So only a stake through her heart brings her peace and salvation. Thus her friends and wellwishers are alerted.

By this time Jonathan Harker escapes from Transylvanian Castle and comes to London. Harker, Mina, Dr. John Seward, Dr. Van Helsing, Arthur Holmwood and Quincey Morris form a close knit group to face and annihilate the infernal count. Dr. Van Helsing, an expert in Vampirism, leads the expedition. Meanwhile the count turns his attention to Mina. So the offensive gathers added momentum. The age old paradigm of good versus bad comes in bold relief. The 'holy war' allied with goodness and virtue drives the count to be on the defensive and later to flee back to his old Transylvanian Castle on the Carpathian mountains. There the pursuit ends when the undead succumbs to the old magic of stake and crucifix, which grants him peace. Thus the evil is thwarted ; goodness triumphs.

The novel is unequalled in popular appeal and it has inspired a vast sub-culture comprising films, dramas, T.V. serials and even tours conducted through the regions depicted in the novel by the Romanian Tourist Board. As for film versions, they abound in number and mode of presentation ranging from a silent film by Murnau to a new Hollywood hit 'Bram Stoker's Dracula : Love Never Dies' by the legendary film director Francis Ford Coppola.

## THREE

What is the reason for the overwhelming fame of this novel? The initial reception of the novel was overly positive; since then the trend has never waned - dramas, silent films, box office hits and T.V. serials in different European countries, America and Britain have kept up the fame of the Lord of Evil.

The primary reason for the tremendous success of the novel is our weakness for the unknown. Also we love to be Scared and Stoker is astonishingly successful in his ability to scare in the most subtle, mysterious manner.

The success of the novel may be attributed to the wonderful timing of its appearance . Towards the end of 19th century, advances in Geology shocked the countless believers in to the realization that the Earth is millions and millions of years old, as opposed to the literal interpretation of the story of creation. Then theory of evolution in Biology deprived them of the belief in uniqueness of human beings and the posibility of Last Judgement and a Resurrection of the Body. Suddenly shorn of belief in personal immortality and consolation of a resurrection after the judgement, man looked fragile and puny in a vast universe where the vastness of the age of earth deprives the human beings of greatness and regard them as 'evolved animals' as the new prophets in science argue.

In response to this disconcerting argument, a collective search began in 19th century which took the form of English Psychical Society and American Psychical Society. Their sole aim was to establish personal immortality, existence of soul or spirit and the posibility of communication with the world of spirits. Countless books and yearly proceedings from these organizations bear ample testimony to man's craving for personal immortality in the face of the cold 'nihilism' of Geology and Biology.

If man yearns for a proof of immortality, here was a proof in the form of fiction, a novel which arouses terror and disgust at the same time and a fictional consolation which has got compulsive hold on the dark terrains of imagination. Here

is a count who lives through centuries, proving that there is some thing immortal to body other than the corporeal frame -something which can resurrect even the body! Alas, that spirt is evil! Then, here is a group of chaste, virtuous men and women who vanquish the sinister spirit, proving that goodness triumphs, virtue prevails. With one stroke, the existence of spirit is proved and the ultimate power of virtue is high lighted. Thus, in a sense, the craving for immortality is soothed; the disbelief, scepticism and 'cruel' rationalism depriving man [illegible] immortal spirit - all stand negated, albeit in the wor[illegible] of fiction.

Then, fiction is not mere tasteless and li[illegible] less fabrication. Narration is essential to huma[illegible] nature. Man is a being who delights in telling st[illegible] ries-to console himself or to comfort others.

In Stoker's case, the consolation offered [illegible] partly sensational and the rest metaphysical.


ALUKKAS

The No.I in 22 karat jewellery

CITY CENTRE, KANNUR, Ph : 708135, 707535

E-mail : alukkas@sancharnet.in



*With Best Compliments From:*

PUSHPARAM INDUSTRIAL TRAINING CETRE

IRITTY - 670703, KERALA - INDIA

PUSHPARAM I T C

NCVT Permanent Application

Trades:

Electrician (Two Years)

Electronic, Mech (Two Years)

*(Admission both for Boys and Girls)*

PUSHPARAM TAILORING CENTRE, PUSHPARAM ASHRAM

# സ്മൃതിലയം



ശ്രീപ്രിയ.എം
II BSc. Maths

കാലചക്രത്തിന്റെ ഘനഗംഭീരമായ ചിറകടി, ഏതോ ഒരജ്ഞാത സ്വരത്തെ അലകളായി കാതുകളിൽ എത്തിച്ചിരിക്കുന്നു. എന്നും പരിചിതമായ ആ സ്വരം ഒരു പ്രകമ്പനം പോലെ മാറ്റൊലി കൊള്ളുന്നു.

ഒരു ഗ്രാമത്തിന്റെ മുഴുവൻ ശ്രദ്ധയും തന്നിലേക്കാവാഹിച്ച, ആ മനുഷ്യൻ ഏതോ ഒരു പുരാണകഥയിലെ കഥാപാത്രത്തെപ്പോലെ തോന്നിച്ചു. ...... തന്റെ മാന്ത്രികക്കുഴലിനാൽ എലികളെ ചതിച്ച കുഴലൂത്തുകാരനായും അയാളെ സങ്കല്പിക്കാം. പക്ഷേ, അതിലെ ചതി ഒഴിവാക്കണമെന്ന് മാത്രം.

ഏതോ ഒരു പരിചിത സ്വരം കേട്ടിട്ടെന്ന പോലെ ചമ്പുവും ബുഷും ഗേറ്റിനടുത്തെത്തി. കൂടെ കണ്ടൻ പൂച്ചയുമുണ്ട്. ചമ്പുവും ബുഷും എന്റെ വീട്ടിലെ നായ്ക്കളാണ്. ചമ്പുവിനിപ്പോഴും കുട്ടിത്തം മാറിയിട്ടില്ല. ബുഷാണെങ്കിൽ വാർദ്ധക്യത്തിലേക്കടുത്തു.

ചമ്പുവിനെ കുട്ടൻ അടുത്ത ഒരു വീട്ടിൽ നിന്നും കൊണ്ടുവന്നതാണ്. അന്നതിന്റെ രൂപം കാണേണ്ടതായിരുന്നു. ചെറിയൊരു പൂച്ചക്കുട്ടിയോളം വരും. രോമമെല്ലാം കൊഴിഞ്ഞ് ആകപ്പാടെ ആരും വെറുക്കുന്ന രൂപം. കുട്ടനതിനെ കുളിപ്പിച്ച് പാലുകൊടുത്തപ്പോൾ, എന്തോ അനുഭൂതി അതിന് തോന്നിയിട്ടുണ്ടാവണം. - അത് ചിരിച്ചു

പൊതുവേ ദേഷ്യക്കാരനാണ് ബുഷ്. പക്ഷേ അതൊന്നും ചമ്പുവിന്റടുത്ത് ശരിയാവില്ല. അത്രയ്ക്ക് സ്നേഹമാണ് ചമ്പുവിന് ബുഷിനോട്. ബുഷിനോടെന്നല്ല എല്ലാവരോടും. പിന്നെ നമ്മുടെ കണ്ടന്റെ കാര്യം. നല്ല സുന്ദരക്കുട്ടപ്പനാണവൻ, നല്ല നല്ല ഭക്ഷണം മാത്രമേ കഴിക്കൂ, ഏതു സമയവും ഉറക്കം, എവിടെയെങ്കിലും ഒരു 'സഞ്ചി' അനങ്ങിയാ മതി, തുടങ്ങും മ്യാവൂ ........ന്ന്. അതാണെങ്കിലോ അരമണിക്കൂർ കണക്കാക്കി ട്യൂൺ ചെയ്ത് വച്ചത്പോലെയാവും.

കുട്ടാ............ ചമ്പുവിനെ കൂട്ടിലാക്ക്, ദാ... അതെവിടെയോ പോയി. ഓ.... നമ്മുടെ മീൻകാരനെത്തേടിപ്പോയതാ, അവരുടെ സ്പെഷൽ വാങ്ങാൻ, അതെന്നും പതിവുള്ളതാണല്ലോ.

ഈ നായ്ക്കളെക്കൊണ്ട് തോറ്റു. ആ പാവം മനുഷ്യനെ മുടിപ്പിച്ചിട്ടേ അടങ്ങൂ....

ഇപ്പ കേൾക്കാം അയാളുടെ ബാങ്ക് വിളി കൂ...യ്, കൂ.......യ്, മത്തിമത്തിയേ...യ്, അയക്കൂറയുണ്ട് ചാച്ചിയേ..... നല്ല അയലോംണ്ട്.. അങ്ങനെ നീളും. ....നാട്ടിക്കണ്ട വർത്തമാനം മുഴുവൻ പറഞ്ഞുനടക്കാൻ തുടങ്ങും.

അയാളോടൊരു ദിവസം പേരു ചോദിച്ചു. അതായിരുന്നു രസം. എന്റെ പുള്ളാരേ ഇക്ക്ന്റുപ്പാ പേരിട്ടിട്ടില്ലായിരുന്നു.... പച്ചേ... നിക്കൊരു പോരൊണ്ട്. അതെന്റെ ഉമ്മ സഹികെട്ട് വിളിച്ചിരുന്നതാ.... കിട്ടുമ്പം തീനി. മക്കളുടെ പേര് ചോദിച്ചാലോ.. ചപ്പില, ഉപ്പില, കരിയില എന്നൊക്കെപ്പറഞ്ഞ് ചിരിക്കാൻ തുടങ്ങും.

ചിലപ്പോ തോന്നും അയാൾ ഒരു വലിയ മനുഷ്യനാണെന്ന്. ചിലപ്പോ അരക്കിറുക്കുള്ളത് പോലെയും. അയാളുമായി സംസാരിക്കുമ്പോൾ എന്തോ തീരാ നഷ്ടം അയാളുടെ ജീവിതത്തിലുണ്ടായിരുന്നിട്ടുണ്ടെന്ന് തോന്നും. അയാളുടെ ജീവിതത്തെക്കുറിച്ചും സാഹചര്യത്തെക്കുറിച്ചും ഒരു തരം ചർച്ചയ്ക്കും അയാൾക്ക് താൽപര്യമില്ലെന്ന് എനിക്ക് മനസ്സിലായി.

അമ്മേ ഒൻപതേമുക്കാൽ ആയല്ലോ, ഇന്ന് മീനില്ലെന്നാ തോന്നണത്. കുട്ടാ...... നീയാ

നാട്ടിലെ കുട്ടികളല്ലേ

അല്ലാ... ഇന്നത്തെ കണ്ടാളുടെ മുഖത്തും ഒരു വാട്ടം. ഓ.. പിടികിട്ടി നമ്മുടെ കിട്ടുമ്പം തീനിയൊരു കൊച്ചുകള്ളൻ തന്നെ അല്ലേ ചമ്പുവേ..?

അപ്പോ ബുഷ് മുരളാൻ തുടങ്ങി. അവനോട് ചോദിക്കാത്തതിന്റെ പരിഭവമാ...

“എന്താടാ ബുഷേ, ഇങ്ങനെ ഇഞ്ചികടിച്ചത് പോലെ ഒന്ന് റിലാക്സ് ചെയ്യ്, നാളെ നമുക്ക് അയാളെ ഒരു പാഠം പഠിപ്പിക്കണം.”

ഓ... നിങ്ങളോട് കൊഞ്ചിക്കൊണ്ടിരുന്നാൽ, നാളെ ക്ലാസിലെചെന്നാൽ മോളിലോട്ട് നോക്കേണ്ടി വരും. അല്ലെങ്കിലും അതു പതിവാ. ഹൊ.. ഒന്നിനും സമയം കിട്ടുന്നില്ലല്ലോ..

കാലത്തിന്റെ കാര്യം അതിനല്ലേ പറയാൻ പറ്റൂ... പിന്നെ ഗീതയിലെ ഒരു മഹദ് വചനമില്ലേ “നഷ്ടപ്പെട്ടതോർത്ത് എന്തിന് ദുഃഖിക്കുന്നു” എന്നത്. അതൊന്ന് ചിന്തിച്ചു നോക്കൂ. ഭഗവാന്റെ ഗീതോപദേശം ഏതു കാലത്തിനും ഉചിതമെന്ന് തോന്നും. ശരിയല്ലേ, ഇപ്പോൾ ലഭിക്കുന്ന സുഖത്തെ അനുഭവിക്കാതെ നഷ്ടപ്പെട്ട സുഖത്തെക്കുറിച്ചോർത്ത് ദുഃഖിക്കുമ്പോൾ നാളെ ദുഃഖിക്കുവാൻ ഒന്നു കൂടി അവശേഷിക്കും. നമ്മൾ ദുഃഖിച്ച് പാഴാക്കിയ ഈ സുന്ദര യുഗം. ഓ.. എന്തോ, എനിക്ക് വട്ടുപിടിച്ചോ? അതൊന്നുമല്ലെന്നാ തോന്നണത്. ഞാൻ പറഞ്ഞില്ലേ കാലത്തിന്റെ കാര്യം. എത്രവേഗമാണ് ഒരാഴ്ച പോയത്.

പിന്നെ നമ്മുടെ ചമ്പുവും ബുഷും എന്നോടിപ്പോ പിണക്കത്തിലാ, കാരണമെന്താണോ, നമ്മുടെ കിട്ടുമ്പം തീനിയെ കാണാനില്ല. പതിവ് മുടങ്ങിയതിന്റെ പരിഭവം. കണ്ടാൽ തോന്നും ഞാനാ അയാളെ ഓടിച്ചതെന്ന്.

അല്ലാ... അത് നേരാണല്ലോ? അങ്ങേരെ കണ്ടിട്ടും കുറച്ചു ദിവസമായല്ലോ? എന്തു പറ്റിയാവോ?

അയാളുടെ സ്വരം ഈ നാടുമായി എന്നേ ലയിച്ചിരുന്നു. എനിക്ക് തോന്നുന്നു ഈ വീട് തന്നെ മാറിപ്പോയോ എന്ന്, എന്തായാലും അത്യാഹിതമൊന്നും സംഭവിക്കാതിരുന്നാ മതിയായി


*With Best Compliments From:*

**ELITE**

Ph: 324702

**MED/ ENGG. ENTRANCE COACHING CENTRE**

Aiswarya Complex, Logan's Road, Thalassery

OUR COURSES

+1, VHSE, CBSE, Science Tuition Batches,

+1, VHSE, CBSE Science Tuition + Entrance Batches

*of*

Repeater's Batch for +2 Course Completed Students.

രുന്നു.

അമ്മേ,............ അച്ഛൻ വന്നു.

നീയെന്താ ഇവിടെ വന്നിരിക്കുന്നത്? അച്ഛൻ ചോദിച്ചു.

ഒന്നൂല്ല ആ കിട്ടുമ്പം തീനി.. ഓ അല്ല, മീൻകാരനെ നോക്കിയിരിക്കുവാ.... അല്ല അച്ഛാ.. ഇത് കണ്ടോ ഇവറ്റകളിപ്പോ ഒന്നും കഴിക്കണില്ല.

ഞാൻ പറഞ്ഞത് ഗൗനിക്കാതെ അച്ഛൻ വലിയ ചിന്തയിലാണ്ടു. ഗൗരവഭാവത്തോടെയിരിക്കുന്ന അച്ഛനെ കണ്ടിട്ടും എനിക്ക് അത് ചോദിക്കാതിരിക്കാനായില്ല.

ഓ.. ഇനി പലതും ഇല്ല്യാന്ന് കരുതിയാ മതി., അയാള് പോയി. നമ്മളെ വിട്ട്..... ഈ ഗ്രാമത്തെ വിട്ട്... അച്ഛൻ പറഞ്ഞു.

എന്താച്ഛാ, എന്താ അച്ഛൻ പറഞ്ഞ് വരുന്നത്. കിട്ടുമ്പം തീനിക്കെന്തുപറ്റിയച്ഛാ..

എന്റെ മോളെ നമ്മളെല്ലാം മറക്കണം. എനിക്കറിയാം നിനക്കും എല്ലാവർക്കും വിഷമമുണ്ടാകും... സഹിച്ചല്ലേ പറ്റൂ.........

ഞാൻ സ്തംഭിച്ചു നിന്നുപോയി. കണ്ണിൽ വല്ലാത്തൊരിരുട്ട് പരക്കുന്നത് പോലെ...

ഡെയർ ഡോക്ടർ, പുറത്തൊരു കൈവന്നു തട്ടിയപ്പോൾ ഞാൻ ഞെട്ടിപ്പോയി.

ങേ... ഇതാരാ... അള്ളാന്റുപ്പാപ്പാ...... അച്ഛനെന്നെ പറ്റിച്ചുകളഞ്ഞല്ലോ? എന്താ, കിട്ടുമ്പം തീനിയിത് എവിടുന്ന് കിട്ടിയീ സ്യൂട്ടും കോട്ടും

നൊ... ഡെയർ ഡോക്ടർ, അയാം മിസ്തർ മുഹമ്മദ് അമീർ .

അയ്യേ.. ഇതാരാ, ഈ ഇംഗ്ലീഷൊക്കെ പഠിപ്പിച്ച് തന്നത്. ഞാൻ ഡോക്ടറല്ലേന്റെ മിസ്റ്റർ മുഹമ്മദ് അമീറെ, അയാം ഡോട്ടർ, എന്നാലും പറ നമ്മുടെ സൈക്കിളും മീൻ കൊട്ടയുമൊക്കെ...

ദാ... ഇയ്യബ്ടെ നോക്കൂ... കിട്ടുമ്പം തീനി ചൂണ്ടിക്കാട്ടിയ ദിക്കിലേക്ക് ഞാൻ നോക്കി.

അമ്പമ്പോ......... എന്തായീ കാണണത്.... എന്തൊരു ശേലുള്ള കാറാ ഇതെവിടുന്നാന്റുപ്പാപ്പാ....

റിലാസ്ക് അല്ലല്ല, നാദ് ഓ.. റിലാക്സ് ഡിയർ ഡോട്ടർ, അതൊക്കെ വലിയ സസ്പെൻസാ..

എന്റുപ്പാപ്പോ..ഈ ഇംഗ്ലീഷൊന്ന് മാറ്റി മനുഷ്യന് മനസ്സിലാവുന്ന ഭാഷ പറ..

എങ്കീ ...... ദാ.. ശ്ശ് കണ്ടോളൂ....., റുക്സൂ...

ഇതാരണപ്പാ,... നല്ല അടിപൊളി പാർട്ടിയാണല്ലോ ഞാൻ ചോദിച്ചുപോയി.


ഇതാണ് നമ്മുടെ ചപ്പിലേം, കെട്ടിയോനും, ഇന്റെ കൊച്ചുമക്കളും, അതായത് ഞമ്മന്റെ റുക്സാനേം ഭർത്താവും കുട്ട്യോളും. ഒരുപാട് നാള് ഉപ്പാനെ സങ്കടപ്പെടുത്തീട്ട് അവർക്കിപ്പോ മതിയായീന്ന്...

സമയം ഏറെയായല്ലോ മോളേ, ഇനീം ഒരുപാട് പേരെ കാണാനുണ്ട്. ഇനി നിങ്ങളെയൊന്നും കാണാനൊക്കില്ലല്ലോ എന്നോർക്കുമ്പോ ഒത്തിരി സങ്കടോണ്ട്. എന്റെ മോള് വന്ന് വിളിച്ചാപ്പിന്നെ എങ്ങനാ പോവാണ്ടിരിക്കുന്നത്. അയാളുടെ കണ്ണുകൾ നിറഞ്ഞ് കവിയുന്നുണ്ടായിരുന്നു. ബൗ.........ബ..........ഊ.....ഊം

ചമ്പുവും ബുഷും അയാൾക്കിരുവശവും ഇരുന്ന് മോങ്ങാൻ തുടങ്ങി. ആ ജീവികളുടെ സ്നേഹം കണ്ട് ഒരു പക്ഷെ, തനിക്കിത്രയും കാലം നഷ്ടപ്പെട്ട സ്നേഹത്തിന്റെ മഹത്വം റുക്സാനയ്ക്ക് മനസ്സിലായിട്ടുണ്ടാവണം. അവൾ തേങ്ങിക്കൊണ്ട് കാറിനടുത്തേക്കോടി.

അയാൾ കാറിനടുത്തേക്ക് നടക്കുമ്പോൾ ആ മീൻകൊട്ടയും കൂവലും ഈ നാടിന് സമ്മാനിച്ചിട്ട് അയാൾ അതിൽ നിന്നും അകലുകയാണെന്ന സത്യംഅൽപം ദുഃഖത്തോടെയും അതിലേറെ സന്തോഷത്തോടെയും ഉൾക്കൊള്ളുവാൻ എന്റെ മനസ്സുമായി ചെറിയൊരു ശീതസമരം നടത്തേണ്ടതായും വന്നു.

ചമ്പുവിന്റെയും ബുഷിന്റെയും കണ്ണിൽ നിന്നും ഉറ്റിയ കണ്ണുനീർത്തുള്ളി അയാളുടെ ഹൃദയത്തിൽ പതിഞ്ഞിട്ടെന്നപോലെ അയാൾതിരിഞ്ഞു നോക്കി. ബോധോദയം വന്ന പോലെ ചമ്പുവും കാറിനടുത്തേക്ക് കുതിച്ചു....



# വവ്വാലുകൾ

വവ്വാലുകൾ
ഇരുണ്ട മാനത്ത്
കറുത്ത ചിറക് നീർത്തുന്ന
വികൃത രൂപങ്ങൾ...........
ചെകുത്താന്റെ ഗുഹയിൽ
തല കീഴായ് തൂങ്ങുന്ന
ഭീഭത്സ ബിംബങ്ങൾ...............

വവ്വാലുകൾ .......
ജന്മനാ അന്ധർ
സൗന്ദര്യവും സൗരഭ്യവും
നിഷേധിക്കപ്പെട്ടവർ
ആർക്കുമേ വേണ്ടാത്തവർ..........

വവ്വാലുകൾ ..........
മധുരമായ് പാടാത്തവർ..............
വർണ്ണപ്പീലി വിടർത്താത്തവർ
ഏകാന്തതയുടെ
ഹൃദയ കന്ദരങ്ങളിൽ
തല കീഴായ് തൂങ്ങാൻ
വിധിക്കപ്പെട്ടവർ ..........

വവ്വാലുകൾ ..........
ചിഹ്നങ്ങൾക്കും വാക്കുകൾക്കുമപ്പുറത്തെ
അനന്തമായ മൗനം ..............
ആഗോള ഗ്രാമത്തിന്റെ പുറമ്പോക്കിൽ
കരിയുന്ന അരയാൽ ശാഖകളിൽ
ഇനി വവ്വാലുകളുടെ വംശവർദ്ധന.........

ബാബു. പി
HOD ( Commerce)
M.G.C IRITTY

## Inauguration of College Union & Fine Arts Association 2000-2001









prof:N.P Balakrishnan
(Inauguration of College Union)



Prof: A.Sreedharan
(Inauguration of fine arts association)





Felicitation




*Sports.......... Sports.......... Sports.......... Sports.......... Sports.......... Sports.......... Sports.......... Sports..........*

M.G. College Judo Team that won on **IInd Place** in the Kannur University Judo Championship 2001-2002 held at S.N College Kannur





**Induvidual Champions**



**Shibu Joseph**
**Ist Prize**



**Sithul K.M.**
**IInd Prize**




**Bhagyalakshmi K.S.**
**Ist Prize**



**Sarija k.**
**Ist Prize**



**Reni Luckose**
**IInd Prize**



**Remya S.K.**
**IInd Prize**



**Soniya Jacob**
**IInd Prize**



**Anu Mareena P.**
**IInd Prize**



**M.G. College Chess Team that Won II place in the Kannur Ulversity Chess Champion ship 2001-2002 held Nirmalagiri College**



**M.G. College Cricket Team**


Sports.........Sports.........Sports.........Sports.........Sports.........Sports
















Induvidual Champions



Abin K. Thomas



Roshini P.K.



Nisha James

ആശംസകൾ



പ്രമുഖ വസ്ത്രവ്യാപാരികൾ

ഫോൺ: 491450

**യുവറാണി**

**ഇരിട്ടി**

*With Best Compliments From:*

Ph: 493260

# PALA *Electronics*

ELECTRONICS & HOME APPLIANCES

OPP. CHRISTIAN CHURCH

MAIN ROAD, IRITTY - 670 703

# UNIVERSAL

**INTRODUCES IT ENABLED COURSES AND CURRICULUM**

*Celebrates 27 Years of excellence*

For the past 27 years Universal Group of Institution has been the leader in the field of education with all the sterling and scintillating qualities that an education Institution should possess. Universal group has always been the place to study at for thousands of students who aspire to scale the heights of glory and greatness in Life. It has succeeded in carving a niche for itself in the fields of Entrance coaching, Information Technology, Engineering, Career Development and Competitive Examination.

***No Wonder its still the favourite***

*Information Technology Division offers*

Govt. Recognised Courses

**A PGDCA** ❖ **PGDCA - A Level** ❖ **DCA - 'O' Level** ❖ **Uplift**

*Other Certificate Courses:* Visual Basic - 6, Oracle, C++, JAVA, etc..

*Advanced Studies Division offers*

Entrance Oriented Tuition for **VIII / IX / X / +1 / XI / +2 / XII** and **MED/ENGG.** Coaching

*Engineering Division offers*

Degree/Diploma in Electronics / Computer Science ❖ Job Oriented Practical Training in Electronics, Computer Hardware, Computer Networking, AC and Refrigeration

*Competitive Exams Division offers*

Coaching for **MBA/MCA/LLB** & Pre Recruitment Training for **BPO, RRB, PSC, SSC** etc...

*Career Development Division offers*

❖ *Commerce Computer Integrated Professional Courses:*

2 + Computer, BCom + Computer and MCom + Computer

❖ Diploma course in Finance & Marketing Management

**UNIVERSAL**


GROUP OF INSTITUTIONS

H.O.TRIVANDRUM

**Rasheeda Building, Fort Road, Kannur, Phone: 760486**

e-mail : ugicar99@md4.vsnl.net.in

A CARE FOR BETTER CAREER



स्वीनीश प्रेमराज
I[st] BCom.

# सून मेरे पडोसी देश

सून मेरे पडोसी देश!
तूने हमपे कर चूका बडा जुलुम
अब हम न सहेंगे ये जूलम!
अब भी वक्त है, सूधर जा!
मॉफ कर देंगे तेरे हर सितम को
भूल जाऐंगे अपने हर जखम को
जो तूने दी है इन पचास सालों मैं
भूल जाऐंगे उन्हें हम एक क्षण में!
कायरता छोड तू वीर बनके दिखा
वीर बनके तू सच्चाई की राह पर चलके दिखा!
तूझे हैं कसम तेरे खूदा की,
तूझे हैं कसम तेरे अल्लाह की
न चलेगा तू मक्कारी की राह पर,
आके मिलेगा गले तू सच्चाईकी राह पर !
कर भला तो हो झला!
जैसी करनी वैसी भरनी!
याद रख ले तू यें बाते!
एक भारतवासी की जूबानी!


*With best complements from:*

Men's Pavilion

ARAFA TRADERS, LOGANS ROAD, THALASSERY. 0490- 322044, ARAFA ENTERPRISES, MAVOOR ROAD, CALICUT
E-mail: mptly@menspavilion.com Visit us at: www.menspavilion.com

കഥ

# കാലം



അനൂപ്. പി.എൻ
I BSc, Physics

മലയാള അദ്ധ്യാപകൻ കാലത്തെക്കുറിച്ച് ക്ലാസ്സെടുക്കുകയായിരുന്നു.

"കാലങ്ങൾ മൂന്നുതരമുണ്ട്. ഭൂതകാലം, ഭാവികാലം, വർത്തമാനകാലം" അദ്ധ്യാപകൻ ഉദാഹരണസഹിതം വിശദീകരിക്കാൻ തുടങ്ങി. ക്ലാസ്സ് റൂമിലെ ഒരു പ്രത്യേക ഭാഗം ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. ഇവിടെ വെച്ച് ഞാൻ രാമനെ കൊന്നു. ഇത് ഭൂതകാലത്തിന് ഉദാഹരണമാണ്. തമാശക്കാരനും കുസൃതികളുമായ ചില കുട്ടികൾ അദ്ധ്യാപകൻ ചൂണ്ടിക്കാണിച്ച ഭാഗത്തേക്ക് നോക്കി. ഇതു കണ്ട അദ്ധ്യാപകൻ പറഞ്ഞു. തെളിവ് നശിപ്പിക്കുക എന്നത് അത്ര വിഷമമുള്ള കാര്യമൊന്നുമല്ല. ശരീരം പുഴയിൽ തള്ളിയാൽ മതിയല്ലോ. കുട്ടികൾ ചിരിച്ചു.

പിറ്റേദിവസത്തെ പത്രംകണ്ട കുട്ടികൾ ഞെട്ടി. അദ്ധ്യാപകനും. പുഴയോരത്ത് ഒരു മൃതശരീരം അടിഞ്ഞിരിക്കുന്നു. അന്വേഷണത്തിൽ അത് രാമൻ എന്നയാളുടെതാണെന്ന് മനസ്സിലായി. ക്ലാസ് മുറിയിലെ തമാശ കാര്യമായി. വിലങ്ങണിഞ്ഞ കൈകളുമായി പോലീസുകാരുടെ കൂടെ നടക്കുമ്പോൾ അദ്ധ്യാപകൻ ചിന്തിക്കുകയായിരുന്നു. ഇത് ഏതുകാലമാണ്. ഭൂതകാലമോ, ഭാവികാലമോ, വർത്തമാനകാലമോ? കലികാലമോ അതോ കഷ്ടകാലമോ?

ആശംസകളോടെ.......

**പായം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ്**

നമ്പർ സി. 1501, ഇരിട്ടി പി.ഒ. പായം –670704,

ഹെഡ്ഡാഫീസ്: പായം – ഫോൺ: 450277 ബ്രാഞ്ച്: വെളിമാനം – ഫോൺ: 454649

പ്രസിഡണ്ട്
എം.വി. വർഗീസ്

സെക്രട്ടറി-ഇൻ-ചാർജ്ജ്
എം.സി. തോമസ്

# കനിവൂറുന്ന കലാക്ഷേത്രം

തയ്യാറാക്കിയത് :
സോബിൻ തോമസ്, സെബാസ്റ്റ്യൻ സി.എ.

മരം കോച്ചുന്ന തണുപ്പും ചുരം കയറുന്ന ബസ്സിന്റെ മുരൾച്ചയും, തോരാതെ പെയ്യുന്ന കർക്കിടക മഴയും ഞങ്ങളെ അലോസരപ്പെടുത്തിയില്ല. കാരണം കലയുടെ കേദാരമായ കനവിന്റെ കനിവിലേയ്ക്കിറങ്ങാനുള്ള വെമ്പലായിരുന്നു ഞങ്ങളുടെ മനസ്സു മുഴുവൻ. സമയം കടന്നുപോയതറിഞ്ഞില്ല. തിടുക്കത്തിൽ ചായ കഴിച്ച് സുൽത്താൻ ബത്തേരി ബസ്സിൽ ഓടിക്കയറിയ ഞങ്ങൾ വളരെവേഗം കനവിലേക്കടുക്കുകയായിരുന്നു. ചീങ്ങോട് ബസ്സ് സ്റ്റോപ്പിലിറങ്ങി വയനാടിന്റെ കുളിർമ്മയും പ്രകൃതിരമണീയതയും ആവോളം നുകർന്നുകൊണ്ട് കനവിനെ ലക്ഷ്യമാക്കി കല്ലുപാകിയ വഴിയിലൂടെ ഞങ്ങൾ നടന്നു. ഏകദേശം ഒന്നര കിലോമീറ്റർ പിന്നിട്ടപ്പോഴേക്കും ഞങ്ങൾ കനവിന്റെ തിരുമുറ്റത്തെത്തി. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച നാട്, ദൈവത്തിന്റെ സ്വന്തം നാട്, ഭൂമിയിലെ അഴകെഴുന്നതൊക്കെയും ഇവിടെയൊന്നുചേർന്നപോലെ ഞങ്ങൾ അറിയാതെ പറഞ്ഞുപോയി. മുളയും ചെമ്മണ്ണും ഉപയോഗിച്ച് നിർമ്മിച്ച പുല്ലുമേഞ്ഞ കുടിലുകൾ, നോക്കെത്താ ദൂരത്തോളം പരന്നു കിടക്കുന്ന നെൽവയലുകൾ, ഭൂമിദേവിയുടെ പൊന്നരഞ്ഞാണം പോലെ വയലിനെ ചുറ്റിയൊഴുകുന്ന നിസരിപ്പുഴ, വയലിന് കാവലായി പുഴയ്ക്കക്കരെ നിസരിക്കാട്, എന്നിങ്ങനെ വർണ്ണനയ്ക്കതീതമായ സുന്ദരദൃശ്യങ്ങൾ.

ഞങ്ങളുടെ കണ്ണുകൾ കനവിനെ തേടി,



അല്പം ദൂരത്തായി ഒരു വിശാലമായ കെട്ടിടം, അതിനപ്പുറം ഒരു ആമ്പൽക്കുളം, കുളക്കരയിലായി പ്രാചീനശില്പകലാ - ചാതുര്യം മുഴുവൻ ഉൾക്കൊണ്ട ഒരു കൊച്ചുവീട്. ആദ്യം കണ്ട കെട്ടിടം കനവിലെ സ്കൂളാണ് എന്ന് ഞങ്ങൾക്ക് മനസ്സിലായി. കുറച്ചു കുട്ടികൾ ഒരിടത്തിരുന്ന് വരയ്ക്കുന്നു. കുറച്ചുപേർ വസ്ത്രങ്ങൾ കഴുകുന്നു. വേറെ ചിലർ കപ്പ പറിക്കുന്നു.... എന്നിങ്ങനെ വിവിധ ദൃശ്യങ്ങൾ. പിന്നിൽ നിന്നൊരു വിളി കേട്ട് ഞങ്ങൾ തിരിഞ്ഞുനോക്കി; ശാന്തമായ മുഖഭാവം, നരച്ച മുടി, കടുംപച്ച ജുബ്ബ ധരിച്ച ഒരു മനുഷ്യൻ! നരച്ച താടിരോമങ്ങളിൽ അലസമായി വിരലോടിച്ചു കൊണ്ട് അദ്ദേഹം ഞങ്ങളോട് ചോദിച്ചു. നിങ്ങൾ? ഞങ്ങൾ സ്വയം പരിചയപ്പെടുത്തി. അപ്പോഴാണ് ഞങ്ങൾക്കുമുന്നിൽ നിൽക്കുന്നത് കനവ് ബേബി എന്നറിയപ്പെടുന്ന കെ. ജെ. ബേബി സാറാണ് എന്ന് ഞങ്ങൾക്ക് മനസ്സിലായത്. 1994 -ൽ തുടങ്ങിയ കനവിന്റെ സ്ഥാപകനും നടത്തിപ്പുകാരനുമാണ് ബേബിസാർ. ഏകദേശം 45 ഓളം കുട്ടികൾ ഈ സ്ഥാപനത്തിൽ ഇപ്പോൾ പഠിക്കുന്നുണ്ട്. 5 വയസ്സു മുതൽ 18 വയസ്സുവരെയുള്ള പ്രായക്കാരെയാണ് പ്രധാനമായും ഉദ്ദേശിക്കുന്നതെങ്കിലും അതിനു ശേഷവും താല്പര്യമുള്ളവർക്ക് കനവിൽ തുടരാം.



എല്ലാ കുട്ടികൾക്കും അവരുടേതായ ജോലികളുണ്ട്. മിക്കവരും ആദിവാസികൾ, തങ്ങ

ളുടെ ലോകത്തിൽ തങ്ങളെ തന്നെ നിയന്ത്രിച്ച് ഒരുമയോടെ പ്രവർത്തിക്കുന്ന കുട്ടികളെ കണ്ട് അല്പനേരത്തേക്കെങ്കിലും ഞങ്ങൾക്ക് അസൂയ തോന്നിപ്പോയി. ഈ ഒത്തൊരുമയുടെ രഹസ്യം ഞങ്ങൾ സാറിനോട് തന്നെ ചോദിച്ചു. അദ്ദേഹത്തിന്റെ മറുപടി വിചിത്രമായിരുന്നു. വ്യത്യസ്ത കുടുംബങ്ങളിൽനിന്ന് വന്ന, വ്യത്യസ്ത തരക്കാരായ, പല പ്രായക്കാരായ, കുട്ടികളാണ് ഇവരെങ്കിലും സ്വയം നിയന്ത്രിക്കുവാനും മറ്റുള്ളവരെ നിയന്ത്രിക്കുവാനും അവർക്ക് അറിയാം. ഇവിടുത്തെ ജോലികൾ മിക്കവയും കുട്ടികൾ തന്നെയാണ് ചെയ്യുന്നത്. കുട്ടികളെ ആറു ഗ്രൂപ്പായി തിരിച്ച് ജോലികൾ വിഭജിച്ചു കൊടുക്കുന്നു. ഓരോ ദിവസവും ജോലികൾ മാറിമാറിവരും. ക്ലീനിംഗ്, കന്നുകാലികളെ മേയ്ക്കൽ, ഹാൾ വൃത്തിയാക്കൽ, ലൈബ്രറി സജ്ജീകരിക്കൽ എന്നിങ്ങനെ പലതരം ജോലികൾ. അപ്പോഴേക്കും രണ്ടു കുട്ടികൾ അങ്ങോട്ടേക്ക് കടന്നു വന്നു. അവർ പറഞ്ഞു. അമ്മിണിയെയും കറുമ്പിയേയും കാണുന്നില്ല. ഞങ്ങൾ ആദ്യം കരുതി അമ്മിണിയും കറുമ്പിയും രണ്ടു കുട്ടികളാണെന്ന്. പക്ഷെ, പിന്നീട് ഞങ്ങൾക്ക് മനസ്സിലായി മൈതാനത്ത് മേയാൻ വിട്ട കാലികളെ കുറിച്ചാണ് അവർ പറയുന്നത്.



അദ്ധ്യാപന രീതിയാണ് കനവിന്റെ മറ്റൊരു പ്രത്യേകത. 9.30 മുതൽ 11.30 വരെയാണ് പഠന സമയം. മുതിർന്ന കുട്ടികൾ അവർ പഠിച്ച കാര്യങ്ങൾ ചെറിയ കുട്ടികളെ പഠിപ്പിക്കുന്ന രീതിയാണ് ഇവിടെ പിൻതുടരുന്നത്. ഭാഷാപഠനത്തിനാണ് ഇവിടെ മുൻതൂക്കം നൽകുന്നത്. അന്യസംസ്ഥാനങ്ങളിലോ വിദേശ രാജ്യങ്ങളിലോ പോകുന്ന സാഹചര്യങ്ങളിൽ ഇവിടുത്തെ കുട്ടികൾക്ക് ഭാഷ തടസ്സമാവില്ല എന്നർത്ഥം. മലയാളം, ഹിന്ദി, ഇംഗ്ലീഷ്, എന്നീ ഭാഷകളാണ് പ്രധാനമായും പഠിപ്പിക്കുന്നത്. ഇതിന് പുറമെ, സാഹിത്യം, കല, ചരിത്രം, തുടങ്ങിയവയും ഇവിടെ പഠിപ്പിക്കുന്നുണ്ട്. 10 വയസ്സു കഴിഞ്ഞ മിക്ക കുട്ടികളും ആംഗ്ലേഷ ഭാഷ കൈകാര്യം ചെയ്യാൻ പ്രാപ്തരാണെന്ന് ഞങ്ങൾക്ക് മനസ്സിലായി. ഇത് ഈ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ നേട്ടമായി കാണാം. കലാവാസനയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതോടൊപ്പം അവർക്ക് വിദഗ്ദ്ധ പരിശീലനത്തിനുള്ള സൗകര്യവും ഒരുക്കുന്നുണ്ട്. സംഗീതക്ലാസുകൾ എല്ലാ കുട്ടികൾക്കും നൽകുന്നുണ്ട്. കൂടുതൽ വാസനയുള്ള കുട്ടികൾക്ക് ശാസ്ത്രീയമായ പരിശീലനവും നൽകുന്നു. ശാസ്ത്രീയ സംഗീതത്തിന് പ്രത്യേക ക്ലാസുകൾ ഇവിടെ നടത്തുന്നുണ്ട്. നാടൻ വാദ്യോപകരണങ്ങൾ വായിക്കുന്നതിനുള്ള പരിശീലന ക്ലാസ്സുകളും ഞങ്ങൾ കണ്ടു. പ്രകൃതി സ്നേഹവും രാജ്യസ്നേഹവും തുളുമ്പുന്ന വയനാടിന്റെ മക്കളുടെ പാട്ട് ഒരിക്കൽ കേട്ടാൽ പിന്നീടൊരിക്കലും മറക്കുകയില്ല. സ്വന്തം നാടിനോടുള്ള(വയനാട്) പ്രതിബദ്ധതയും സ്നേഹവും ഈ പാട്ടുകളിലുടനീളം ദർശിക്കുവാൻ കഴിയും.

യോഗയും കളരിപ്പയറ്റും ചെറുപ്പം മുതൽ ഇവിടെ അഭ്യസിപ്പിക്കുന്നുണ്ട്. ഈ ക്ലാസുകൾ നയിക്കാൻ വിദഗ്ധരായ അധ്യാപകർ ഇവിടെയുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് യോഗപരിശീലനം വളരെ സഹായകമാണ്. ആധുനിക സമൂഹം വൈദ്യശാസ്ത്രത്തിലുപരി ഇന്ന് യോഗയിൽ വിശ്വാസമർപ്പിച്ചിരിക്കയാണല്ലോ. മികച്ച കായിക ക്ഷമതയും മെയ് വഴക്കവും നേടുന്നതിന് കളരിപ്പയറ്റ് സഹായകമാണ്. കൂടാതെ സ്വരക്ഷയ്ക്കും കളരിപ്പയറ്റ് സഹായകമാണ്. എല്ലാ രംഗങ്ങളിലും പുരോഗമനാത്മകമായ ചിന്താഗതിയാണ് ഈ സ്ഥാപനം നയിക്കുവാൻ പുലർത്തുന്നതെന്ന കാര്യം ഞങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു.

ഉന്നത വിദ്യാഭ്യാസം അഥവാ, യൂനിവേഴ്സിറ്റി വിദ്യാഭ്യാസം ഇവർക്ക് അന്യമാവില്ലേ? എന്നായിരുന്നു ഞങ്ങളുടെ അടുത്ത ചോദ്യം. ഇതിന് മറുപടി മറ്റൊരു ചോദ്യത്തോടെയായിരുന്നു

നിങ്ങൾ ഡിഗ്രി വിദ്യാഭ്യാസവും കഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ നിങ്ങൾക്കൊരു ജോലി ഉറപ്പുണ്ടോ? ഒരു നിമിഷം പതറിയെങ്കിലും, ഞങ്ങൾക്ക് ജോലി പ്രതീക്ഷിക്കാമല്ലോ എന്ന് പറഞ്ഞ് ഞങ്ങളോട് ഇപ്പോഴത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെപ്പറ്റി ബേബിസാർ സംസാരിച്ചു. ഇപ്പോഴത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന് ജോലി വാഗ്ദാനം ചെയ്യുവാനുള്ള കഴിവില്ല. പണമില്ലാത്തവൻ ഡിഗ്രിയും കഴിഞ്ഞ് കൈലിയും കുത്തി നടക്കുന്ന കാലമാണിത്. ഇതിന് ഏക പോംവഴി തൊഴിലധിഷ്ഠിത വിദ്യാഭ്യാസമാണെന്നും സാർ ഓർമ്മിപ്പിച്ചു. വിദ്യാഭ്യാസ മേഖലയിൽ സംജാതമായിരിക്കുന്ന ഈ ദുരവസ്ഥയുടെ കാരണം ആസൂത്രണത്തിലെ പോരായ്മയും നടപ്പിലാക്കുന്നതിലെ വീഴ്ചകളുമാണെന്നും സാർ അഭിപ്രായപ്പെട്ടു. "ഡൊണേഷൻ കൊടുക്കുന്ന പണം ഉപയോഗിച്ച് ഒരു മത്തി കച്ചവടം തുടങ്ങിക്കൂടെ ...."എന്നും തമാശരൂപത്തിൽ ബേബിസാർ ചോദിച്ചു. കനവിനെ സംബന്ധിച്ചിടത്തോളം



ഉന്നതവിദ്യാഭ്യാസത്തിന് താല്പര്യമുള്ള കുട്ടികൾക്ക് ഓപ്പൺ കോഴ്സുകൾ ചെയ്യാനുള്ള സൗകര്യമുണ്ട്. തല്പരരായ കുട്ടികൾക്ക് പ്രത്യേകം ക്ലാസുകളും ഇവിടെ നല്കുന്നുണ്ട്.

നിരവധി പുസ്തകങ്ങളോടുകൂടിയ വിശാലമായ ഒരു ലൈബ്രറിയും ഇവിടെയുണ്ട്. പ്രാചീന ശില്പകലാ രീതിയിൽ ഒരു ആമ്പൽക്കുളത്തിന്റെ കരയിലാണ് ലൈബ്രറി സ്ഥിതിചെയ്യുന്നത്. കനവ് സന്ദർശിക്കുന്ന ഏതൊരു വ്യക്തിയുടെയും ശ്രദ്ധ പിടിച്ചു പറ്റുന്ന രീതിയിലാണ് ലൈബ്രറി കെട്ടിടം പണിതിരിക്കുന്നത്. വിവിധ ഭാഷകളിലുള്ള വിവിധ വിഷയങ്ങളിലുള്ള ധാരാളം പുസ്തകങ്ങൾ ഇവിടെയുണ്ട്. മനോഹാരിതയിലും പുസ്തകശേഖരണത്തിലും മികച്ചുനിൽക്കുന്ന ഒരു ലൈബ്രറിയാണ് ഇത്. ലൈബ്രറിയുടെ പ്രവേശന കവാടത്തിൽ കുറച്ചു പുസ്തകങ്ങൾ വിൽക്കുവാനായി വച്ചിരിക്കുന്നതും ഞങ്ങൾ കണ്ടു. മണ്ണുകൊണ്ടും മരങ്ങൾ കൊണ്ടും മറ്റും നിർമ്മിച്ച കലാരൂപങ്ങൾ കൊണ്ടലംകൃതമാണ് ലൈബ്രറിയുടെ ഉൾവശം.

പത്തോളം പശുക്കളും നാല് കുതിരകളും രണ്ട് നായ്ക്കളും ഇവിടെയുണ്ട്. പശുക്കളെയും കുതിരകളെയും കാട്ടിൽ മേയാൻ വിടുകയാണ് പതിവ്. പശുക്കളുടെ കഴുത്തിൽ മരം കൊണ്ട് നിർമ്മിച്ച, ചലിക്കുമ്പോൾ ശബ്ദം പുറപ്പെടുവിക്കുന്ന ഒരു ഉപകരണം കെട്ടിയിരിക്കും. 'മരവടി' എന്നാണിതിന്റെ പേര്. ഈ ഉപകരണം ശബ്ദം പുറപ്പെടുവിക്കുന്നതിനാൽ കാലികൾ കൂട്ടം തെറ്റിപ്പോകാതിരിക്കുകയും അവയെ വേഗത്തിൽ കണ്ടെത്തുകയും ചെയ്യും. വിശാലമായ നെൽവയലുകളും കൃഷിയിടങ്ങളും ഇവിടെയുണ്ട്. നെല്ലാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. കൂടാതെ, കപ്പയും വാഴയും പച്ചക്കറികളും കൃഷി ചെയ്യുന്നുണ്ട്. സ്വന്തം ആവശ്യത്തിനുള്ള ഭക്ഷ്യവസ്തുക്കൾ ഒരു പരിധിവരെ ഇവിടെ കൃഷിചെയ്യുന്നുണ്ട്. കൃഷിയിടങ്ങളിലെ പ്രധാന പണികൾ വിളവിറക്കൽ, വിളവെടുപ്പ് തുടങ്ങിയവ കുട്ടികളും അവരുടെ രക്ഷാകർത്താക്കളും കൂടി ഒരുമിച്ചാണ് ചെയ്യുന്നത്. കൃഷികളുടെ പരിപാലനം കുട്ടികളാണ്. കാളപൂട്ടൽ, നാട്ടിപ്പണി, കൊയ്ത്ത് മുതലായ പണികളിൽ രക്ഷിതാക്കളും സഹകരിക്കുന്നു.

ഇവിടുത്തെ അന്തേവാസി കുട്ടികളുടെ വീടുകൾ ഏകദേശം ഒരു കിലോമീറ്റർ ചുറ്റളവിലാണ് സ്ഥിതി ചെയ്യുന്നത്. അനുവാദത്തോടുകൂടി എപ്പോൾ വേണമെങ്കിലും വീട്ടിൽ പോകുവാനും അവരോടൊത്ത് താമസിക്കുവാനുമുള്ള അവസരം ഇവിടുത്തെ കുട്ടികൾക്കുണ്ട്. അപ്പോൾ അവിടേക്ക് കടന്നുവന്ന ഒരു കുട്ടിയെ ചൂണ്ടി ബേബി സാർ പറഞ്ഞു. "ഇവൻ ഇടയ്ക്കിടെ വീട്ടിലേക്കു മുങ്ങുന്ന വിരുതനാണ്." ഭാവഭേദമൊന്നുമില്ലാതെ അവൻ ലൈബ്രറിയിലേക്ക് പോയി.

കനവിന്റെ മുറ്റത്ത് നിന്ന് നെൽപ്പാടങ്ങൾ കാണാൻ ഞങ്ങൾ പോയി. അവിടെ ചില പാട

ങ്ങളിൽ ആനയുടെ കാൽപാടുകൾ കാണുവാൻ കഴിഞ്ഞു. കുറച്ചകലെയായി ആന ചവിട്ടി നശിപ്പിച്ചിട്ട വാഴത്തോട്ടവും കണ്ടു. പുഴക്കക്കരെയുള്ള നിസരിക്കാട്ടിൽ നിന്നുമാണ് ആനകൾ ഇറങ്ങുന്നതെന്ന് അവിടുത്തെ ജോലിക്കാരനിൽ നിന്നും ഞങ്ങൾ മനസ്സിലാക്കി. ആനകളിൽ നിന്നും സംരക്ഷണം കിട്ടുവാൻ വേണ്ടി ഫലപ്രദമായ യാതൊരു നടപടിയും അവിടെ കാണാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. നെൽപ്പാടങ്ങളും കൃഷിയിടങ്ങളും വന്യമൃഗങ്ങളുടെ ഭീഷണിയുടെ നിഴലിലാണ്. പുഴയ്ക്കക്കരെ കടന്ന ഞങ്ങൾക്ക് വിശാലമായ മൈതാനം കാണുവാൻ സാധിച്ചു. കുതിരകളെ കാണുവാനുള്ള ആവേശത്തോടുകൂടി ഞങ്ങൾ കുതിര കുളമ്പടികൾ പിൻതുടർന്ന് ഏറെ ദൂരം സഞ്ചരിച്ചു, കുറച്ചകലെയായി കുതിരകൾ മേയുന്നത് ഞങ്ങൾക്ക് കാണുവാനായി. അവിടെനിന്നും മടങ്ങുന്നവഴി ഞങ്ങൾ യാദൃശ്ചികമായി കാട്ടാനക്കൂട്ടത്തെയും കണ്ടു. ദൂരെ നിന്നും വീക്ഷിക്കുവാനുള്ള ധൈര്യമേ അപ്പോൾ ഞങ്ങൾക്ക് ലഭിച്ചുള്ളൂ. തിടുക്കത്തിൽ ഞങ്ങൾ കനവിലേക്ക് മടങ്ങി.



കനവ് എന്ന ഈ പ്രസ്ഥാനം തുടങ്ങിയതിന് പിന്നിലുള്ള പ്രചോദനത്തെ കുറിച്ചായിരുന്നു ഞങ്ങളുടെ അടുത്ത ചോദ്യം. ജീവിതാനുഭവങ്ങളാണ് തന്നെ ഇത്തരമൊരു സംരംഭത്തിന് പ്രേരിപ്പിച്ചതെന്ന് ബേബിസാർ പറഞ്ഞു. നാടൻ കലകൾ കാണുകയും അവയോടുള്ള ആവേശം കനവിന്റെ ആരംഭത്തിന് പ്രേരകമാവുകയും ചെയ്തു. ചെറുപ്പം മുതൽ തനിക്ക് നാടൻ കലകൾ കാണുന്നതിനും ആസ്വദിക്കുന്നതിനും താല്പര്യമായിരുന്നുവെന്ന് ബേബിസാർ ഓർമ്മിച്ചു. സന്നദ്ധസംഘടനകളുടെയും തൽപരവ്യക്തികളുടെയും സഹായസഹകരണത്തോടെയാണ് കനവിന്റെ തുടക്കം. ഈ കലാകേന്ദ്രത്തിന് ഗവൺമെന്റും സഹായങ്ങൾ നൽകുന്നുണ്ട്. കുറച്ചുകാലം മുൻപ് സോളാർസെല്ലും ടി.വി.യും അനുവദിച്ചു. ലൈബ്രറിക്ക് ഫണ്ടും പുസ്തകങ്ങളും മറ്റ് സഹായങ്ങളും ഗവൺമെന്റ് ചെയ്തുവെന്ന് ബേബിസാർ പറഞ്ഞു. ദൈനംദിനചിലവുകൾക്ക് വേണ്ട പണം സ്വരൂപിക്കുവാൻ സ്റ്റേജ് പരിപാടികൾ നടത്തുന്ന കാര്യവും ബേബിസാർ ഞങ്ങളോട് പറഞ്ഞു. നാടൻ പാട്ടുകളും നൃത്തങ്ങളുമാണ് പ്രധാനമായും ഈ പരിപാടിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

കുട്ടികളെല്ലാം തിരക്കിട്ട ജോലിയിലേക്ക് തിരിഞ്ഞു. വൈകുന്നേരത്തെ ഭക്ഷണം ഒരുക്കുവാനുള്ള തിരക്കിലാണ് ഏവരും. അപൂർണ്ണതയിലും പൂർണ്ണതതേടി പുസ്തകത്താളുകൾ അടുക്കിവെച്ച് ക്യാമറ കണ്ണുകൾ മൂടി ബേബിസാറിനോടും കുട്ടികളോടും യാത്ര പറഞ്ഞ് തിരിഞ്ഞ് നടക്കുമ്പോൾ സ്വന്തം മനസ്സിനെ കൂടെ കൊണ്ടുപോരുവാൻ ഞങ്ങൾ ഏറെ പ്രയാസപ്പെട്ടു. കാരണം കുറഞ്ഞനേരമെങ്കിലും അവരോടൊന്നിച്ച് അവരിലൊരാളായി അവിടെ കഴിഞ്ഞ നിമിഷങ്ങളിൽ ലോകം കീഴടക്കിയവന്റെ സംതൃപ്തി അത് ഞങ്ങൾക്ക് ലഭിച്ചു. കനവിന്റെ കനിവൂറുന്ന ഹൃദയത്തോട് മൗനത്തിന്റെ ഭാഷയിൽ വിടചോദിച്ച്, തുളുമ്പുവാൻ വെമ്പുന്ന നിറകണ്ണുകളെ നിയന്ത്രിച്ച് ഞങ്ങൾ മടങ്ങി. ഒരുവട്ടം കൂടി ഇവിടെ വരണം, ഇവിടെ വരണം, ആരോ ഞങ്ങളോട് മന്ത്രിച്ചു.


With best compliments from

**ഇരിട്ടി ഫൈനാഴ്സിയേഴ്സ്**

സിറ്റി സെന്റർ, ഇരിട്ടി

# STATUS OF INDIAN WOMAN

**Swarupa. R**
*Dept. of Commmerce*

Eighth of March is celebrated every years as the International women's Day. It shows that women of today has come of age, so to say, and wants to lead a dignified life of equality with man. The slogan being raised today by the women of the world is : Equality, dignity and self respect is what we want. This slogan is indicative of a new awareness among women the world over.

It has been the practice for a long time to call women as the weaker sex. Being given that label, they were subjected to the tyranny of the male and given a subordinate place in society. It is however, a fact that women in ancient India were given an honoured place. Many of our ancient writers have spoken of women in glowing terms. Mahatma Gandhi had once declared , "Woman is the companion of man, gifted with equal mental capacities. She has a right to participate in every minute detail of freedom and liberty with him. She is entitled to a supreme place in her own sphere of activity as man is in his." Further he stated that " Woman is the incarnation of *Ahimsa*" which to him meant infinite capacity for suffering. According to Rabindranath Tagore, "Woman is the builder and moulder of nation's destiny". During the Epic period, women did not suffer from disabilities. Women in Vedic India was considered to be a Goddess like the Greek Goddess Athena.

In India, woman has played a silent, self-effacing role to sustain Indian civilisation down to age. However her status has undergone significant improvement since independence. With the dawn of freedom a serious attempt has been made to emancipate women. Woman's welfare is a prominent feature in all our plans. Legislations also were resorted to help woman. The Hindu Code Bill gave the woman the right to share the property of her parents. Many other social evils were removed. Dowry system is legally banned. The widow remarriages were encouraged. But many of these, however, were more on paper than in actual practice. The traditional customes were so strongly rooted in the minds of people, that they did not easily take to these reforms. Yet they had their share of freedom. Our constitution also ensures a place of dignity and honour for all women.

During the last five decades, women have entered in increasing numbers into salaried and remmunerative occupations as well as professions which were previously the exclusive pleasure of men. It is heartening to note that today we have in India educated ladies who are very keen in taking up all types of work including administrative position. Economically woman today is more independent than she was some years ago. She is also less subordinate to the authority of man both in the house and in personal life. Public institutions, temples of learning and the political field and in short almost every other field has a good number of women in them, playing not just a subordinate role, but a dominent, constructive part. In short, the condition of women has changed considerably and their position today is of a standard that none would have dreampt of a few decades ago.

Inspite of these developments, the question is still being asked whether the women in India are given their due. It is still debated whether they have been given their rightful place in our social hierarchy .

Man and woman must realise their complimentariness and base their relationship on equality and natural respect. Woman wants more freedom, more facilities and more rights. In fact, women should be allowed to play more important role in Indian society. Only then problems of the society which are eroding our culture can be checked and our social integrity can be kept intact. To ensure equality of status for our women, we still have miles to go. Till proper atmosphere is provided, perhaps, her role may not find its due recognition.

കഥ

# സമയത്തിന്റെ പ്രവേഗം



രാജേഷ്. യു.കെ
I Year,M Sc., Mathematics

അലസമായ അനന്തതയെയും നടത്തത്തിനൊടുവിൽ അയാൾ ആ ബീച്ചിൽ വന്നിരുന്നു. വൈകുന്നേരത്തെ ശാന്തമായ അന്തരീക്ഷത്തിലും മനസ്സിനെ അയാൾക്ക് നിയന്ത്രിക്കാനായില്ല.

ആകാശത്തുകൂടി പറക്കുന്ന പക്ഷികളുടെ ചിറകടിയുടെ വേഗതയും നോക്കി മനസ്സിൽ കണക്കുകൂട്ടുകയായിരുന്നു. ആ പക്ഷിയുടെ ചിറകടിയുടെ വേഗതയെക്കാൾ അയാളുടെ മനസ്സ് സഞ്ചരിച്ചു.

കൂടുവിട്ട് കൂടുതേടിയുള്ള അവയ്ക്ക് ജീവിതം ആസ്വദിക്കണമെന്നില്ലേ? അതുകൊണ്ടല്ലേ തന്റെ കൂട്ടുകാരുമൊത്ത് വേഗത്തിൽ അവ പറന്നകലുന്നത്. എന്നാൽ എന്റെ അവസ്ഥയോ? ലോകത്ത് ആരും സ്നേഹിക്കാനില്ലാതെ ആരുമായും സ്നേഹിക്കപ്പെടാനില്ലാതെ............ മനസ്സിലെ കൂട്ടലും കുറക്കലിനുമിടയിൽ ആശ്വസിക്കാൻ അയാൾക്കൊന്നേ ഉണ്ടായിരുന്നുള്ളൂ തന്റെ ഏകാന്തവാസത്തിന് കാവൽക്കാരനായി തന്റെ തൂലികയെങ്കിലും ഉണ്ടല്ലോ എന്നത്.

എവർക്കും തിരക്കാണിവിടെ, സമയത്തിനാണ് ഇന്നിവിടെ കൂടിയവില, എല്ലാവർക്കും അവരവരുടെ കാര്യങ്ങൾ മാത്രം, പരസ്പരം മനസ്സിലാക്കാൻ ആരുമില്ലാതെ........

സമയം കടന്നുപോയ്ക്കൊണ്ടിരുന്നു. അത് തള്ളിനീക്കാൻ ഇത്തരത്തിലുള്ള ഓരോരോ ചിന്തകൾ അയാൾക്കുണ്ടായിരുന്നു.

സമയത്തിന് ഒച്ചിന്റെ വേഗതയുമില്ലേ ? എവർക്കും പ്രാധാന്യമുള്ള സമയത്തെ ഞാൻ യാതൊരു വിലയുമില്ലാതെ നശിപ്പിക്കുന്നു.

തന്നെത്തന്നെ പുച്ഛിച്ചുകൊണ്ട് പരിഹാസഭാവത്തിൽ ചിരിച്ചുകൊണ്ട് അയാൾ എഴുന്നേറ്റ് നടക്കാൻ തുടങ്ങുകയായിരുന്നു.

"അസ്തമയസൂര്യനെ നോക്കി അയാളുടെ മനസ്സ് ഇങ്ങിനെ പറഞ്ഞു. എന്റെ കൂട്ടായ നിനക്കും തിരക്കാണല്ലോ?"

മുന്നിലേക്ക് വീണ ചുരുളൻ മുടി മാടിയൊതുക്കി

ക്കൊണ്ട് അയാൾ നടന്നു നീങ്ങി. ആ നടത്തത്തിന് അലസഭാവമായിരുന്നു.

നിരത്തിലൂടെ നടക്കുമ്പോൾ അയാൾ ഓരോരുത്തരേയും നിരീക്ഷിച്ചു.

എന്തിനാണിത്ര വേഗത്തിൽ ഇവർ പോകുന്നത്. അവർ ഓരോ നിമിഷം കഴിയുന്തോറും അന്ത്യത്തോട് അടുത്ത് വരികയല്ലേ

ആരോടെന്നില്ലാത്ത ആ ചോദ്യത്തിന് അയാൾ തന്നെ ഉത്തരം കണ്ടെത്തി.

ഏകനായ ഞാൻ മരണത്തിലേക്കുള്ള യാത്ര സമാധാനമായാണല്ലോ നയിക്കുന്നത്. ഇവരെല്ലാം തലയ്ക്ക് വെളിവില്ലാത്തവർ തന്നെ..... കീഴ്മേൽ മറഞ്ഞ ചിന്തകളുമായി അയാൾ തന്റെ താമസസ്ഥലത്തെത്തി.

തന്റെ വിശകലനങ്ങളെല്ലാം അയാൾ എഴുതിത്തുടങ്ങി. ആ ഡയറിലെ ദിവസങ്ങൾക്ക് വളരെയധികം ദൈർഘ്യമുണ്ടെന്ന് അയാളുടെ ഏകാന്ത മനസ്സ് മന്ത്രിക്കുന്നുണ്ടായിരുന്നു.

ഇതിനിടയിലും അയാളുടെ ദൃഷ്ടി കാലമളക്കുന്ന അളവുകോലിൽ തങ്ങി നിന്നു. അതിലെ സെക്കന്റ് സൂചിയുടെ ചലനം ശ്രദ്ധിച്ചപ്പോൾ സമയത്തിന് വേഗത കുറയുന്നതായി അയാൾക്ക് അനുഭവപ്പെട്ടു. മയക്കത്തിൽ അനന്തതയുടെ ഒരു കോണിൽ അഭയം തേടിയപ്പോഴും ഒരു മിന്നായം പോലെ ഒരോ ചിന്തകളും കടന്നുപോയി.......

പിറ്റേന്ന് പ്രഭാത കൃത്യങ്ങൾ നിർവ്വഹിച്ച ശേഷം വീണ്ടും നടക്കാനിറങ്ങി. സമയത്തിന്റെ മന്ദത വീണ്ടും അയാൾക്കനുഭവപ്പെട്ടു. ഭാരമുള്ള ഏതോ ഒരു വസ്തു തള്ളിനീക്കുന്നതിലും കടുപ്പമായിരുന്നു ഓരോ നിമിഷവും അയാൾക്ക്.

നിമിഷങ്ങൾ, മണിക്കൂറുകളായി മാറി. വീണ്ടും ഒരു സായാഹ്നം കൂടി വന്നെത്തി. പതിവുപോലെ അന്നും അയാൾ ബീച്ചിൽ വന്നിരുന്നു. പേനയെടുത്ത് എന്തെല്ലാമോ കുത്തിക്കുറിക്കുകയായിരുന്നു അയാൾ.

"സാർ വല്ലതും തരണേ", ശബ്ദം കേട്ട് തിരിഞ്ഞുനോക്കിയ അയാൾ കണ്ടത് ഒരു ചെറിയ കുട്ടി കൈയ്യും നീട്ടിപ്പിടിച്ച് നിൽക്കുന്നു. നിഷ്കളങ്കമായ അവന്റെ മുഖത്തുനിന്നും വിശപ്പിന്റെ കാഠിന്യം അയാൾ വായിച്ചറിഞ്ഞു.

തന്റെ കീശയിലേക്ക് കൈയ്യിട്ട അയാൾക്ക് നിരാശനാകേണ്ടി വന്നു. ഞാനും ഇവനും തമ്മിൽ യാതൊരു വ്യത്യാസവുമില്ലല്ലോ എന്നയാളുടെ മനസ്സ് പറയുന്നുണ്ടായിരുന്നു. എങ്കിലും അനുഭവജ്ഞാനത്തിൽ വ്യത്യാസമുണ്ടെന്ന ധാരണ അയാൾക്കുണ്ടായി. ധനത്തേക്കാൾ, വിശപ്പിനെക്കാൾ എത്രയോ വലുതാണ് അറിവ് എന്ന കാര്യം അയാൾ അവന് ഉപദേശരൂപേണ മനസ്സിലാക്കിക്കൊടുത്തു.

തന്റെ ഏകാന്തമനസ്സിന് എന്തോ മാറ്റം സംഭവിക്കുന്നതായി അയാൾക്ക് അനുഭവപ്പെട്ടു. അയാൾ അവനെയും കൂട്ടി താമസസ്ഥലത്തേക്ക് പുറപ്പെട്ടു. ആ യാത്രയിൽ അയാളുടെ മനസ്സിൽ കണക്കുകൂട്ടലിനോടൊപ്പം നടത്തത്തിനും വേഗത കൂടി വരുന്നുണ്ടായിരുന്നു.

അയാൾ അവന് വേണ്ടുന്ന സജ്ജീകരണങ്ങൾ ചെയ്തു കൊടുത്തു. ഇപ്പോൾ അയാളുടെ ഓരോ ചുവടുവെപ്പിനും സമയദൈർഘ്യം കുറഞ്ഞുവന്നു.

ദിവസങ്ങൾക്ക് തന്റെ ഡയറിക്കുറിപ്പിനുള്ളതിനേക്കാൾ ദൈർഘ്യം കുറഞ്ഞുവന്നു. അയാളും അവനും കൂടുതൽ അടുത്തു. പരസ്പരം വേദനിക്കുന്ന രണ്ട് ഹൃദയങ്ങളായി മാറാൻ വലിയ താമസമുണ്ടായില്ല.

ഇപ്പോൾ ദിവസങ്ങളിൽ ഓരോന്ന് ചെയ്ത് തീർക്കാൻ കാരണങ്ങളുണ്ടായി. നടത്തത്തിന്റെ വേഗതയിൽ അയാൾക്ക് ചിന്തിക്കാൻ കഴിയാതെ വന്നു.

തന്റെ ഈ മാറ്റത്തെയും, തന്റെ കണ്ണീരിനുപകരമായുള്ള അവന്റെ കണ്ണീരിനെയും അയാൾ കടലാസിൽ വാക്കുകളാൽ വരച്ചുവെച്ചു. അവന്റെ ജീവിതമായിരുന്നു അത്....... അയാളുടെ ജീവിതഗതിയുടെയും ആ കഥയിലൂടെ അയാളെന്ന കഥാകാരനെ സമൂഹം അംഗീകരിച്ചു.

അയാൾ വീണ്ടും തന്റെ കർത്തവ്യത്തിൽ ഉറച്ചുനിന്നു. ഇപ്പോൾ അയാളുടെ നടത്തത്തിന്റെ വേഗത മുമ്പത്തേക്കാൾ എത്രയോ കൂടുതൽ. സമയത്തിന്റെ വേഗത കൂടി വരുന്നതായി അയാൾക്കനുഭവപ്പെട്ടു. തന്റെ ഓരോ കാൽവെപ്പിനും ഇടയിലുള്ള സമയദൈർഘ്യം വീണ്ടും കുറച്ചുകൊണ്ട് അയാൾ മുന്നോട്ട്.........................

■

Tel : 492155

*For the Best Photos in Town*

**Star**
COLOR LAB

1059, Thulasi Malabar Heights, New Bus Stand, Iritty, Kannure (Dist) - 670703.

*Best Compliments from*

Ph : 0490-426014,
426557

# DON BOSCO COLLEGE

Angadikadavu - Kannur

MCA (Approved by AICTE Govt. of India - Kannur University)

OTHER COURSES

B.A. Economics
B.Com
Secretarial Practices
PGDCA, DCA, MS - Office, TALLY
and other short term courses

# SANTHI GRAPHICS


IRITTY

Ph:493051,493695

*Retouch photos with digital technology
*Photo lamination *Portrait drawing

കവിത

# അത്രമേൽ സ്നേഹവാത്സല്യമാൽ........




പ്രമോദ് വെള്ളച്ചാൽ

ബോധങ്ങളിൽ
കരിന്തേളുകൾ കുത്തി
പ്രാണനർദ്ധവൃത്തങ്ങളിൽ
നിലവിളിക്കുമ്പോൾ
നിലാവ് മാഞ്ഞ നിദ്രതൻ
സ്വപ്നാടനങ്ങളിൽ
അരൂപികളാർത്തനാദമാൽ
ജീവിതച്ചിറകരിയുമ്പോൾ
ശീർഷാസനയോഗത്തിൻ
അന്ത്യസ്വപ്നമാം
ചില്ലയുമൊടിഞ്ഞു വാവലുകൾ
ഒടുവിലെത്തെ ശ്വാസംതേടി
ഭൂമിയിൽ പിടയുമ്പോൾ
തീക്കാറ്റ് വേവിച്ച
കറുത്ത മേൽക്കൂരക്ക് താഴെ
ശവസ്വപ്നങ്ങൾ-
മണ്ണിൻ തണുപ്പിൽ
മുഖം പൂഴ്ത്തുമ്പോൾ
കഴുമരങ്ങളിലഭയം തേടി
ജീവിതാസക്തികൾ
കൺതുറിച്ച് നോക്കുമ്പോൾ
നിശ്ശബ്ദ സാഗര-
ഗർഭത്തിലിപ്പൊഴും മിടിക്കുന്നു
ഏതോ ജീവാങ്കുരം പോലെ
അത്രമേൽ സത്യമാം
സ്നേഹവാത്സല്യങ്ങൾ
അർത്ഥസാന്ദ്ര-
ഹൃദന്തമന്ത്രമായി
കാറ്റുപോലെ, തിരകൾ പോലെ
തടവറകളുടെ ഭിത്തിമേൽ
നെഞ്ചമർന്ന് രക്തമുറ്റുമ്പൊഴും
അറിയാതെ പോകരുത്
ജീവിതമേ !
അത്രമേൽ മിടിക്കുമെൻ പ്രാണന്റെ
നിറവാർന്ന
സ്നേഹവാത്സല്യങ്ങൾ.



# Queen of Flowers



**Sobin Thomas**
II[nd] Bcom

Oh Lilly, who cares for your feelings,
That you see your death on your birth,
Day comes, night comes and thus a day ends,
When it comes next you stand disappeared.

But I saw your new born baby; a seed,
How long should I wait to see it flowered,
And when it flowered, it is the harvest of joy,
To me, to the Sun, to the birds and to all.

How beautiful you were, when I saw you first,
Like Venus with drops on her face after the bath,
I saw dews on your face glittering like a diamond,
I prayed God if these moments lasted for ever.

Beautiful things never last long,
But their beauty lasts for ever,
So are you, destined to fade away,
But your beauty will last till the world lasts.

The Sun's face was red with anger,
When I saw him first in the morning
Then I found him brightening,
As he saw you dancing in the pastures.

I saw birds flying round you,
Like stars moving round the moon,
For a while I thought myself to be in sky,
Because you are the Moon and I the Sun


Your face is whiter than snow,
And your petals are like feathers of Dove,
Your heart is purer than milk,
And I love you more than all.

Oh Lilly, Let not God whither you away,
For I want to see you dancing always,
Who could give me happiness and joy as
Who could make my heart purer than you



കഥ

# സ്വപ്നം മാത്രം




**ഷിജോയ് എസ്. ബി**
II BSc, Physics


ഇതൊരു കറുത്ത അമാവാസി ദിവസത്തിന്റെ പേടിപ്പെടുത്തുന്ന രാത്രിയാവുന്നു. അനേകം വൃക്ഷങ്ങളും ക്രൂരമൃഗങ്ങളുമൊക്കെയുള്ള ഒരു കൊടുംകാടിന്റെ മധ്യത്തിലുള്ള ഒരു പാറയിലാണ് ഞാനിപ്പോഴിരിക്കുന്നത്. ക്രൂരമൃഗങ്ങളുടെ അലറലുകൾ ഇടയ്ക്കിടെ ഉയർന്നു കേൾക്കാം. വെളിച്ചത്തിന്റെ ചെറിയ കണിക പോലും കാണിക്കാതെ എങ്ങും ഇരുട്ട് പരന്നിരിക്കുന്നു.

പെട്ടെന്ന് വലിയൊരു കാറ്റു വന്നു. വൃക്ഷങ്ങളൊക്കെ ആഞ്ഞുലഞ്ഞു. കരിയിലകൾ പാറിപ്പറന്നു. വന്യമൃഗങ്ങളുടെ അലറലുകൾ ആർത്തനാദമായി മാറി. അവിടെയൊക്കെ പ്രകാശം പരത്തിക്കൊണ്ട് താടി വച്ച ഒരു കറുത്ത രൂപം എന്റെ മുന്നിൽ വന്നു നിന്നു. പൊടുന്നനെ അവിടെയെല്ലാം ഒരു കനത്ത നിശബ്ദത പരന്നു.

ഇതുവരെ പേടിച്ചരണ്ടിരുന്ന ഞാൻ ഇപ്പോൾ അതിന്റെ മൂർദ്ധന്യത്തിലെത്തി. ഒടുവിൽ സർവ്വധൈര്യവും സംഭരിച്ച് ഞാൻ ചോദിച്ചു.

"നിങ്ങളാരാണ്?"

"ഞാനൊരു ശാസ്ത്രജ്ഞനാകുന്നു"

"എന്താണ് നിങ്ങളുടെ പേര്?"

"ഗലീലിയോ"

ഗലീലിയോ .......... എവിടെയോ കേട്ടിട്ടുണ്ട്. എവിടെയാണ് വായിച്ചത്? ഓ, ഫിസിക്സിന്റെ പുസ്തകത്തിൽ

"സൗരയൂഥ ഘടനയെ കുറിച്ചും ഭൂമിയുടെ ചലനത്തെപ്പറ്റിയും പ്രസ്താവിച്ച ..............."

" അതെ, അതു ഞാൻ തന്നെയാകുന്നു."

ഒന്നു ചുമച്ചുകൊണ്ട് അയാൾ വീണ്ടും തുടർന്നു.

" ഞാൻ സൗരയൂഥത്തിന്റെ ഘടനയെക്കുറിച്ചുള്ള ശരിയായ രൂപം മനുഷ്യർക്ക് നൽകി. സൂര്യനെ കേന്ദ്രമാക്കി ഗ്രഹങ്ങൾ വൃത്താകൃതിയിൽ സഞ്ചരിക്കുന്നുവെന്ന് ഞാൻ പ്രസ്താവിച്ചു. ചരിവുതല നിയമങ്ങൾ ഞാൻ ആവിഷ്കരിച്ചു. ദൂരെയുള്ള വസ്തുക്കൾ അടുത്ത് കാണുന്നതിന് വേണ്ടി ഞാനൊരു ടെലസ്കോപ്പ് നിർമ്മിച്ചു. ഇങ്ങനെ ഒരുപാടൊരുപാട് സിദ്ധാന്തങ്ങളുടെ ഉപജ്ഞാതാവ് ഞാൻ. നിനക്കറിയോ? ഇന്ന് ജ്യോതിശാസ്ത്രത്തിലുള്ള എല്ലാ സിദ്ധാന്തങ്ങളും ഞാൻ കണ്ടുപിടിച്ച എന്റെ സിദ്ധാന്തങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്."

"താങ്കളുടെ ശാസ്ത്ര ബോധത്തെയും യുക്തിചിന്തയെയും ഞാൻ ആദരിക്കുന്നു. പക്ഷെ, താങ്കളുടെ ഈ വാക്കുകൾ അഹങ്കാരത്തിന്റെ അവസാനത്തെ അതിരുകളെയും ലംഘിക്കുന്നു. ഞാനല്പം നീരസത്തോടെ പറഞ്ഞു."

" ഭൂമിയിൽ ജീവിക്കുന്നവർക്ക് മാത്രമാണ് അഹങ്കാരവും സ്വപ്നങ്ങളുമുള്ളത്. ഇതുവരെ ഞാൻ പറഞ്ഞതും ഇനി പറയാനിരിക്കുന്നതും സത്യം മാത്രമാണ്.

കുട്ടിക്കാലത്ത് ഞാനെന്റെ അമ്മയോട് ആകാശത്തിലെ ചന്ദ്രനെ പിടിച്ചു തരുവാനാവശ്യപ്പെടാറുണ്ടായിരുന്നു. അതിനെ ഉള്ളം കൈയ്യിലിട്ട് അമ്മാനമാടുവാൻ എനിക്കെന്ത് കൊതിയായിരുന്നെന്നോ! പക്ഷെ, അപ്പോഴൊക്കെ അമ്മ അതിന് ദൈവിക പരിവേഷം നൽകി. പിന്നീട് ഒരു പാട് വർഷങ്ങൾക്ക് ശേഷം ഉപരിതലം അഗാധമായ ഗർത്തങ്ങൾ കൊണ്ട് നിറഞ്ഞതും സ്വയം പ്രകാശം പോലുമില്ലാത്ത ഒരു ഉപഗ്രഹമാണ് ചന്ദ്രൻ എന്നും ഞാൻ മനസ്സിലാക്കി."

എന്റെ മുഖത്തേക്ക് നോക്കിക്കൊണ്ട് അയാൾ തുടർന്നു

"ഞാൻ കണ്ടുപിടിച്ച സത്യങ്ങൾ എനിക്ക്

മറച്ചുവെക്കാനായില്ല. ഈ ലോകം മുഴുവൻ ഞാൻ വിളിച്ചു പറഞ്ഞു. അതാണ് ഞാൻ ചെയ്ത ഒരേയൊരു തെറ്റ്."

"തനിക്കറിയാവുന്ന സത്യങ്ങൾ വിളിച്ചു പറയുന്നതിലെന്താണ് തെറ്റ്?" ഞാൻ അദ്ഭുതത്തോടെ ചോദിച്ചു.

"എന്റെ ഉണ്ണീ ..." അയാൾ വാത്സല്യത്തോടെ വിളിച്ചു. ഇന്നത്തെ കാലമായിരുന്നില്ല അത്. പുരോഹിതന്മാരും പ്രഭുക്കന്മാരും അവരുടെ വിശ്വാസങ്ങളെ മാറ്റാൻ ഒരുക്കമായിരുന്നില്ല. ഭൂരിപക്ഷത്തിന്റെ താല്പര്യങ്ങൾ അംഗീകരിക്കുന്നതിന് വേണ്ടി അവരെന്റെ സിദ്ധാന്തങ്ങളെ ചവിട്ടിയരച്ചു. ക്ഷീണിതനും വൃദ്ധനുമായ എന്നെ ഒരുപാടൊരുപാട് ദ്രോഹിച്ചു. ഒടുവിൽ ഞാൻ എന്റെ സിദ്ധാന്തങ്ങൾ മാറ്റിയെഴുതുകയായിരുന്നു."

അയാൾ കരയാൻ തുടങ്ങുകയാണോ. ഒരു കർച്ചീഫ് എടുത്ത് മുഖം തുടച്ചു കൊണ്ട് അയാൾ വീണ്ടും പറഞ്ഞു.

"ഞാൻ ഒരു നല്ല ഭർത്താവായിരുന്നില്ല, നല്ല അച്ഛനായിരുന്നില്ല. ആ നിലകളിലെല്ലാം ഞാനൊരു തികഞ്ഞ പരാജയമായിരുന്നു."

"മരിച്ച് അനേകം വർഷങ്ങൾ കഴിഞ്ഞപ്പോൾ ഭൂമിയിലെ ജീവിതത്തെ കുറിച്ച് അങ്ങയ്ക്ക് എന്തു തോന്നുന്നു?" ഞാൻ ബഹുമാനത്തോടെ ചോദിച്ചു.

"ഭൂമിയിലെ ജീവിതം സ്വപ്നങ്ങൾ നിറഞ്ഞതാണ്. അവിടെ യാഥാർത്ഥ്യങ്ങളുടെ അംശം വളരെ കുറവാണ്. ഭൂമിയുടെ അടുത്ത നക്ഷത്രമായ സൂര്യനെ കുറിച്ചറിയാൻ പോലും നിങ്ങൾക്ക് വമ്പൻ ടെലസ്കോപ്പുകളും അനേകം കണക്കുകൂട്ടലുകളും വേണ്ടിവരുന്നു. പക്ഷെ, ഇന്ന് എനിക്കതിന്റെയൊന്നും ആവശ്യമില്ല. ഭാരം തീരെയില്ലാത്ത ഈ ശരീരം കൊണ്ട് എവിടെയും ചെന്നെത്താം. ഏതു ഗ്രഹത്തിന്റെയും ഉള്ളറകൾ വരെ കേറി പരിശോധിക്കാം. സൂര്യന്റെ മധ്യത്തിലുള്ള താപം പോലും എനിക്കൊരു പ്രശ്നവുമില്ല. ഞാൻ ഇതിനെല്ലാം അതീതനാവുന്നു. നിനക്കറിയാമോ ഞാൻ ഒരു സെക്കന്റിൽ സഞ്ചരിക്കുന്നദൂരം മൂന്ന് ലക്ഷം കിലോമീറ്ററാണ്."

"മൂന്ന് ലക്ഷം കിലോമീറ്ററോ!" ഞാൻ ആശ്ചര്യത്തോടെ അയാളുടെ മുഖത്തുനോക്കി.

"അതെ ഉണ്ണീ, എന്താ വിശ്വാസം വരുന്നില്ലേ? നീ എന്റെ കൂടെ വാ.. നിനക്ക് ഒരുപാട് ഗ്രഹങ്ങളെയും നക്ഷത്രങ്ങളേയും ഗ്യാലക്സികളേയും ഞാൻ കാണിച്ചു തരാം. രസകരമായ അനേകം സത്യങ്ങൾ പറഞ്ഞുതരാം." അയാൾ മെലിഞ്ഞ് ശുഷ്കിച്ച കൈ എനിക്കുനേരെ നീട്ടി. ഭയത്തോടെ ഞാൻ പറഞ്ഞു.

"ഇല്ല ഗലീലിയോ, ഞാൻ നിങ്ങളുടെ കൂടെ വരില്ല. എനിക്കിനിയും ഈ ഭൂമിയിൽ ജീവിക്കണം. എന്റെ അച്ഛൻ, അമ്മ, ബന്ധുമിത്രാദികൾ, സ്വപ്നങ്ങൾ ഇവയെല്ലാം വിട്ട് ഞാൻ എങ്ങോട്ടുമില്ല."

പെട്ടെന്ന് അയാളുടെ ഭാവം മാറി, കണ്ണുകൾ ചുവന്നു.

"ഞാനിത്രയൊക്കെ പറഞ്ഞിട്ടും നീ നിന്റെ മൂഢസ്വപ്നങ്ങളെ ത്യജിക്കുന്നില്ല. പക്ഷേ നിന്നെ ഞാൻ കൊണ്ടുപോകുക തന്നെ ചെയ്യും."

അയാളുടെ കൈകൾ എന്റെ നേർക്ക് നീണ്ടു. ഞാൻ ഓടാൻ തുടങ്ങി. ആയാൾ പിറകെയും. ഒടുവിൽ ഒരു കല്ലിൽ തട്ടി ഞാൻ തെറിച്ചു വീണു. പക്ഷെ എന്നെ താങ്ങാൻ ഒരു നിലമുണ്ടായിരുന്നില്ല. അങ്ങനെ അഗാധതയിൽ നിന്നും അഗാധതയിലേക്ക്, വീണ്ടും താഴോട്ട്............

"അമ്മേ ..............." ഞാൻ കിടക്കയിൽ നിന്നും ഞെട്ടിയെഴുന്നേറ്റു. ജനാലയിലൂടെ പുറത്തേക്കു നോക്കി. സൂര്യന്റെ രശ്മികൾ എന്റെ മേൽ പതിച്ചു. ക്ലോക്കിൽ സമയം നോക്കി. എട്ടുമണിയായിരുന്നു. ഞാൻ മുറ്റത്തേക്ക് ചെന്നു. "നേരം പത്തുമണിയായി, നാണമില്ലാതെ പോത്തിനെപ്പോലെ കിടന്നുറങ്ങുകയാ" അമ്മ പിറുപിറുക്കുന്നതു കേട്ടു. ആകാശത്തിന്റെ പൂർവ്വദിക്കിൽ നിന്നും സൂര്യൻ എന്നെ നോക്കി ചിരിച്ചുകൊണ്ടായിരുന്നു.

ആശംസകൾ ...........

# ചിരമറ്റം ജ്വല്ലറി

ഇരിട്ടി, Ph: 491667, 493167 (R) - കേളകം, Ph: 491667,412169 (R)



**Reshma. P.K**
I Bsc. Comp. Science

# IT'S YOU

It's you,
Who taught me the lessons of love
It's you,
Who flew in the sky of simplicity
It's you,
Who gave me the lessons of kindness
It's you,
Who sang the hymns of love
It's you,
Who is a petal in this world of stones
It's you,
Who is a song in this world of shouts
It's you,
Who is a lamb in this world of wolves
It's you,
Who is a star in this world of darkness
It's you,
Who holds me ;
It's you,
Who supports me;
It's you,
Who loves me;
Yes it's you Jesus Christ,
You are my LORD



*With Best Compliments from:-*

ESTD: 1946

Ph: 471227

# THE MATTANUR CO-OPERATIVE RURAL BANK Ltd;

No. F. 1228, Mattanur - 670702

*Head Office:* **MATTANUR**

*A Class one Special Grade Bank*

*Branches*

| | |
|---|---|
| ❖ Mattanur Main | Ph: 471227 |
| ❖ Chalode | Ph: 484556 |
| ❖ Uliyil | Ph: 491140 |
| ❖ Sivapuram | Ph: 400510 |
| ❖ Uruvachal | Ph: 472227 |
| ❖ Mattanur Evening | Ph: 471127 |

**K.P. Prabhakaran**
*(President)*

**Balakrishnan Panniyodan**
*(Secretary)*

കവിത

# ഇലഞ്ഞി പൂത്തപ്പോൾ



അജേഷ് ചന്ദ്രൻ
II BCom


അന്ന്, ഇലഞ്ഞിത്തൈയായിരുന്നു.
ഞങ്ങളും കുഞ്ഞായിരുന്നു.
ഞാനവൾക്കച്ഛനും - നീ
അവൾക്കമ്മയുമായി.
ബാല്യത്തിൻ കനലൂതിമാറ്റിയതി-
ലായിരം മണ്ണപ്പം ചുട്ടെനിക്കേകി നീ.
പകരമായിരം കുന്നിക്കുരു മുത്തുകൾ കോർത്ത്
മകരമാസം നോറ്റിരുന്നു നിനക്കായ് ഞാൻ -!
കടലാസുതോണിയിൽ കിനാക്കളെ നിറച്ച്
കടലേഴും കടക്കുവാൻ പറഞ്ഞയച്ചു.
മയിൽപ്പീലി പെറ്റ കുഞ്ഞുങ്ങളെ
താരാട്ടുപാടിയുറക്കി നമ്മൾ !!
ഇലഞ്ഞിക്ക് താരുണ്യം; ഞങ്ങൾക്കുമി-
ന്നലെയതേ പ്രായം കഴിഞ്ഞതല്ലേ?
ഇരുവരുമായിരം കനവുകൾ വച്ചുമാറി
ഒരുപാടുമലരുകൾ കോർത്തിണക്കിയന്യോന്യ-
മർപ്പിച്ച് ജീവിതം തുടങ്ങിവെച്ചു!
ഇലഞ്ഞിപ്പൂവുകൾകൊണ്ടൊരു സദ്യവട്ടം,
ഇലഞ്ഞിത്തണലിലന്തിമയക്കവും.
ജനിക്കാത്ത കുഞ്ഞിന്റെ പേരുപറഞ്ഞു നാം
അന്യോന്യം കളിയായ് പിണങ്ങിയിരുന്നതും
അമ്പലപ്പറമ്പിലങ്ങുമിങ്ങും തമ്മിൽ
കൈചേർത്തണച്ച് ഓടിനടന്നതും- !
മകരങ്ങളൊരുപാടുനോറ്റുനിനക്കായ് ഞാൻ
നീയെനിക്കായ് കാത്തു നിൽക്കുവാൻ മറന്നു!!
പഴയ ജാലകച്ചില്ലിൽ നിന്നു നീയെന്തിനീ-
അഴകാർന്ന പൂമുഖം തിരിക്കുന്നു?
പ്രണയ പ്രഹസനത്തിന്നൊടുവിൽ നീ
വർണ്ണ ചമയങ്ങളഴിച്ചെറിഞ്ഞു
എന്റെപഴയ ഇലഞ്ഞിയെ മുറിച്ചുമാറ്റി
പുഴയുടെ തീരത്തിലക്ഷരങ്ങൾ കോറിയിട്ട്
എന്നെത്തനിച്ചാക്കി നീ നടന്നകന്നു-!!
പിന്നെയും ഞാനൊരു തൈമരം നട്ടുവളർത്തി
എന്നെയും ഞാനതിലന്ത്യാർപ്പണം ചെയ്തു !
ഇലഞ്ഞി പൂക്കുന്നകാലം- പൂമണം ചൊരിയുന്ന-
കാലം - ഞാനറിവീല, നീയെന്നെ പുഷ്പാർച്ചന-
ചെയ്തതും - അല്ല,
മരിച്ചവരെന്താണറിയുക?



**SUSMIN JAMES**
*Kalaprathibha*



**RADHIKA K.T.P.**
*Kalathilakam*



**SAJINA P.K.**
*Sahithyaprathibha*

*X'mas day Celebration...........................................*



ആക്രാന്തം കാട്ടല്ലേ ! എടുത്തു തരാം........

*X'mas day Celebration...........................................*



പാടാം നമുക്കു പാടാം...............



മധുരിക്കും ഓർമ്മകളെ............



ഓ മേരി പപ്പാ ദി ഗ്രേറ്റ് ....................

College Day...... College Day...... College Day......








Adress



Presidentional Adress



Inauguration



Annural Report



Keynot Address

*With Best Compliments From:*

Ph: H.O. 454559

# The Aralam Service Co.Op: Bank Ltd;

No. F. 1515

**P.O. ARALAM**


**H.O. CHEDIKULAM**

*Branch*: **KEEZHPALLY & ARALAM**

*President*
**M.M. Varkey**

Secretary
A.K. Chacko

# What is friendship made of ?



**P.K. Sajina**
I BSc. Computer Science

When nothing around you is moving well
And you just have nothing to speak
To feel a pair of hands,
That makes you feel someone understands
Is what friendship is made of ..............

When you are at crossroads
Not sure to step up to which way
To show you the correct path
Guiding you to the correct destination
Is what friendship is made of ..............

When you are all alone feeling so very sad
And wish to have someone near
To feel a crowd of people around you
With the most pleasing and amiable presence
Is what friendship is made of .............

When you are very hurt and angry
And feel like tearing yourself apart
To soothe you and make you calm
Much more effectively than a pain balm
Is what friendship is made of .............

When someone very near and dear
Has been pulled apart from you
To make you feel you have another
Who could try to bring you back
Is what friendship is made of



*****

# ഗീതാഞ്ജലിയുടെ ഏടുകളിൽ നിന്ന്



ഷെസ്സി ജോസഫ്
I B Com.

ഹേ, മൂഢാ! നീ അറിയാതെ, നീ ആഗ്രഹിക്കും മുമ്പ് ജനനം മുതൽ നിന്റേതായിതന്നെ ആത്മാ നിനക്കുവേണ്ടി ഈ ലോകം നിർമ്മിച്ചിരിക്കുന്നു.

ജീവിതത്തെ സ്നേഹിച്ച അത്ര തന്നെ മരണത്തെയും തീർച്ചയായും ഞാൻ സ്നേഹിക്കും.

വിട വാങ്ങുന്ന ദിവസം ഞാനിവിടെ കണ്ടതും എനിക്ക് ലഭിച്ചതുമെല്ലാം നിസ്തുലങ്ങളാണെന്ന് പറയാൻ എനിക്ക് സാധിക്കട്ടെ.

നിശ്ശബ്ദമായ ആകാശം! നിശ്ചലനായ ചന്ദ്രൻ! സൂര്യൻ! അങ്ങയുടെ പാദങ്ങളിൽ കണ്ണുകളർപ്പിച്ചുകൊണ്ട് ഏകാന്തമായ ഈ ലോകം മുഴുവൻ അവ നമ്രമായി നിലകൊള്ളുന്നു.

താമരയിതളുകൾ ഓരോന്നായി വിടർന്നു വരും. അതിലെ മധു അധികനേരം മൂടിവെയ്ക്കാൻ ആർക്കും കഴിയില്ല.

വിടേണ്ടതെല്ലാം വിട്ടുകളയുക. പരാജയം നിശബ്ദമായി സമ്മതിക്കുക. നിനക്കു ലഭിച്ചിരിക്കുന്ന സ്ഥാനം നിന്റെ ഭാഗ്യം കൊണ്ടാണെന്ന് കരുതി അവിടെ തന്നെ ഉറച്ചിരിക്കുക.

ഈ സംസാരമാകുന്ന കമ്പോളത്തിൽ എത്ര ദിവസങ്ങൾ കഴിച്ചുകൂട്ടിയാലും, എന്റെ കൈകൾ നിറയെ എത്രമാത്രം ധനം ഞാൻ വലിച്ചുകൂട്ടിയാലും ഒന്നും നേടിയില്ല എന്ന എന്റെ വിചാരം എന്റെ മനസ്സിലെപ്പോഴും ഉണ്ടായിരിക്കട്ടെ.

വിജനമായ വഴിത്താരയിലൂടെ ആരും ഇപ്പോൾ സഞ്ചരിക്കുന്നില്ല. പ്രേമനദിയിലെ ഓളങ്ങൾ ഉയർന്നു പൊങ്ങുന്നു. ഞാൻ ഇനി മടങ്ങിവരുമെന്നോ, ആരെല്ലാമായി പരിചയപ്പെടുമെന്നോ യാതൊരു നിശ്ചയവുമില്ല.

എന്റെ മോഹങ്ങൾ മുക്തി രൂപത്തിൽ ജ്വലിച്ചുയരട്ടെ. എന്റെ പ്രേമം ഭക്തിരൂപത്തിൽ സാഫല്യമടയട്ടെ.

ആത്മാവിന്റെ സഞ്ചാരക്ഷേത്രമായ അപാരമായ ആകാശത്തിൽ അങ്ങ് ശുഭ്രനായി പ്രശോഭിക്കുന്നു. അവിടെ രാവില്ല, പകലില്ല, ജീവജാലങ്ങളില്ല, നിറമില്ല, മണമില്ല, യാതൊരു ശബ്ദവും കേൾക്കാനില്ല.

പ്രഭാതം പൊട്ടിവിടർന്നു. ആകാശതലം അരുണ വർണ്ണമായി. എന്റെ മാർഗ്ഗം ഏറ്റവും സുന്ദരമായി തീർന്നിരിക്കുന്നു.

ഞാൻ എന്താണ് അങ്ങോട്ട് കൊണ്ടുപോകുന്നതെന്നോർത്ത് നിങ്ങൾ ഉത്കണ്ഠാകുലരാകണ്ട. വ്യാകുല ഹൃദയവുമായി വെറും കൈയോടെ ഞാൻ പോവുകയാണ്. ആപത്തുകളും പ്രതിബന്ധങ്ങളും മാർഗ്ഗമധ്യേ ധാരാളം ഉണ്ടാകും. അതുകൊണ്ടൊന്നും ഞാൻ ഭയപ്പെടുകയില്ല. യാത്രാവസാനം സാന്ധ്യതാരകങ്ങൾ ഉദിച്ചുയരും.

ഇക്കാണുന്നതൊന്നും നിസ്സാരമല്ല. എല്ലാം വിലപ്പെട്ടതാണെന്ന് ഇന്നെനിക്ക് തോന്നുന്നു. ഈ ലോകത്ത് നമുക്ക് ലഭിക്കുന്ന നിസ്സാരമായ സ്ഥാനം പോലും വിലപ്പെട്ടതാണ്. ലോകത്തിലെ വ്യർത്ഥമായ ജീവിതവും ദുർലഭമായ ഒന്നാണ്.

നിശയുടെ നിശ്ശബ്ദതയിൽ പതിയോടാണല്ലോ പതിവ്രത ചേരേണ്ടത്.

മൃത്യു എന്റെ പടിവാതിൽക്കൽ വരുമ്പോൾ വെറും കയ്യോടെ അദ്ദേഹത്തെ ഞാൻ മടക്കി അയക്കില്ല.

എന്റെ ഉദ്യാനത്തിൽ അസമയത്തും പൂക്കൾ വിരിയട്ടെ. മധ്യാഹ്നത്തിൽ മക്ഷികകൾ മൃദുവായി ശബ്ദിച്ചുകൊണ്ട് സഞ്ചരിക്കട്ടെ. ദുഃഖം മാത്രമാണ് എന്റെ സ്വന്തം സ്വത്ത്.

എന്റെ ശൂന്യമായ ജീവിതത്തെ വൈചിത്ര്യപൂർണ്ണമാക്കി തീർക്കട്ടെ. എല്ലാ പുതുമകളിലും പുരാതനനായ അങ്ങുണ്ടെന്ന കാര്യം ഞാൻ മറന്നുപോകുന്നു.

ശിശുവിന്റെ കൺപോളകളിലെ സകല സന്താപ നാശകമായ ആ നിദ്ര എവിടെ നിന്നാണ് വരുന്നതെന്ന് ആർക്കെങ്കിലും അറിയാമോ?

മിന്നാമിനുങ്ങുകൾ മിന്നിത്തിളങ്ങുന്ന ഒരു യക്ഷിക്കഥാ ഗ്രാമത്തിലെ വനച്ഛായയിൽ രണ്ടു പൂമൊട്ടുകൾ ആടിക്കളിക്കുന്നു. അതിന്റെ ഉള്ളറ

യിലാണ് ആ നിദ്രയുടെ അധിവാസം. അവിടെ നിന്നാണ് ശിശുവിന്റെ കൺപോളകളിലേക്കത് വരുന്നതും പോകുന്നതും എന്നാണ് ജനശ്രുതി.

ശിശുവിന്റെ ചെഞ്ചുണ്ടിൽ ഗാഢ നിദ്രയ്ക്കിടയിൽ പെട്ടെന്ന് വിടർന്നു വരുന്ന ആ പൂപുഞ്ചിരി എവിടെയാണ് ജനിച്ചതെന്ന് ആർക്കെങ്കിലും അറിയാമോ?

ശിശിര കിരണങ്ങൾ നിറഞ്ഞ ഒരു നിർമ്മല പ്രഭാതത്തിൽ, ശരത്കാല മേഘത്തിന്റെ അഗ്രഭാഗത്തായി ബാലശശിയുടെ ഇളം കിരണങ്ങൾ പതിച്ചപ്പോഴാണ് മനോഹരമായ ആ പുഞ്ചിരി ഉദയം ചെയ്തത്. അവിടെ നിന്നും ആ പുഞ്ചിരി ഉറങ്ങിക്കിടക്കുന്ന ശിശുവിന്റെ ഇളം ചുണ്ടുകളിൽ വന്നു വീണു.

ശിശുവിന്റെ പൂമേനിയിൽ അലിഞ്ഞു ചേർന്നിരിക്കുന്ന മൃദുലമായ കോമളത ഇതുവരെ എവിടെ ഒളിച്ചിരുന്നു?

മാതാവിന്റെ കൗമാരദശയിൽ അവളുടെ ഹൃദയം മുഴുവൻ നിറഞ്ഞുനിന്ന സ്നേഹവും കാരുണ്യവും മാധുര്യ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നതാണ് ശിശുവിന്റെ പൂമേനിയിൽ കാണുന്ന മൃദുല കോമളത.

ശിശുവിന്റെ ശിരസ്സിൽ വർഷിക്കപ്പെടുന്ന ആശംസകൾ ലാളനഹസ്തങ്ങളിലേക്ക് വരുന്നത് എവിടെ നിന്ന്?

ആശിസുകൾ വർഷിക്കപ്പെടുന്നത് ഫാൽഗുനമാസത്തിൽ മലയമാരുതനിലൂടെയാണ്. ശ്രാവണമാസത്തിൽ നെൽക്കതിരുകളിലൂടെയും, ആഷാഢമാസത്തിൽ പുതുവെള്ളത്തിൽ കൂടിയും.

ജനിച്ച ശേഷം ആദ്യമായി കണ്ണു തുറന്നു നോക്കുന്ന ശിശുവിന്റെ സംരക്ഷണ ചുമതല ആരാണ് ഏറ്റെടുക്കുന്നത്?

സുവർണ്ണ കിരണങ്ങൾ നിറഞ്ഞിരിക്കുന്ന ഭുവനമാകുന്ന തൊട്ടിലിൽ കിടത്തിയും, സൂര്യചന്ദ്രൻമാരുടെയും നക്ഷത്രങ്ങളുടെയും മടിയിൽ വച്ചും പരമകാരുണികനായ പരാശക്തി ആ കുഞ്ഞിനെ വളർത്തിക്കൊള്ളും.

എന്റെ ഹൃദയമാണ് അങ്ങയുടെ അചഞ്ചലമായ ആസ്ഥാനം. എന്റെ ശിരസ്സിൽ ഇനി ഞാൻ എന്നെ ചുമക്കുകയില്ല. എന്റെ പടിവാതിൽക്കൽ ഭിക്ഷക്കാരനായി ഞാൻ നിൽക്കുകയില്ല.

മൗനമേ! അങ്ങ് ശബ്ദിക്കുന്നില്ലെങ്കിൽ, ഒന്നും സംസാരിക്കുന്നില്ലെങ്കിൽ അങ്ങയുടെ നിശബ്ദത കൊണ്ട് എന്റെ ഹൃദയം ഞാൻ നിറച്ചു വയ്ക്കാം. നിർമ്മലമായ നീലാകാശത്തിന്റെ നഗ്നത മറക്കുന്നതിന് വേണ്ടി കനത്ത മേഘങ്ങൾ ആരോ നിരത്തി കഴിഞ്ഞു.

പ്രേമത്തിന്റെ കൈകളിൽ സ്വയം സമർപ്പിക്കുന്നതിന് വേണ്ടി ഇവിടെ ഞാൻ കാത്തിരിക്കുന്നു. നേരം വളരെ വൈകി, തെറ്റുകൾ പലതും ഞാൻ ചെയ്തുപോയി.

വേദനയുടെ സന്ദേശ വാഹക ഇങ്ങനെ പാടുന്നു.

"പ്രിയേ, നിനക്കുവേണ്ടി നിന്റെ പ്രാണനാഥൻ ഉണർന്നിരിക്കുന്നു. ഈ നിശാവേളയിൽ ഘോരമായ അന്ധകാരത്തിലൂടെ പ്രേമസങ്കേതത്തിലേക്ക് അദ്ദേഹം നിന്നെ ക്ഷണിക്കുന്നു. നിന്റെ അഭിമാനം സംരക്ഷിക്കുവാൻ ക്ലേശമനുഭവിക്കുന്നു. നിന്റെ പ്രാണൻ കൊണ്ട് ആ പ്രേമദീപം ഒന്ന് കത്തിച്ചു വെയ്ക്കൂ."

ഞാൻ അങ്ങയെ അന്വേഷിച്ചാലും ഇല്ലെങ്കിലും, ഇഷ്ടംപോലെയാണ് ഞാൻ പ്രവർത്തിക്കുന്നതെങ്കിലും എന്റെ സന്തോഷം ഒന്നുമാത്രമാണ് അങ്ങയുടെ സന്തോഷത്തിന് ആസ്പദം. അങ്ങയെ എന്റെ സർവ്വേശ്വരനായി കാണുവാൻ വേണ്ടി മാത്രം എന്നിലെ ഞാൻ അവശേഷിച്ചിരിക്കട്ടെ.

സുഖത്തെ കാഠിന്യമുള്ളതാക്കി തീർത്ത് സന്തോഷത്തോടെ അത് അനുഭവിക്കുന്നതിനും ദുഃഖത്തെ നിസ്സാരമായി കരുതി പുഞ്ചിരി തൂകിക്കൊണ്ട് സഹിക്കുന്നതിനുമുള്ള കരുത്ത് എനിക്ക് അനുവദിച്ചു തന്നാലും.

പഴയ ശബ്ദങ്ങൾ നാവിൽ നിലയ്ക്കുമ്പോൾ പുതിയ ഗാനങ്ങൾ ഹൃദയത്തിൽ നിന്നും പൊട്ടിപ്പുറപ്പെടുന്നു. പഴയ പാതകൾ അവസാനിക്കുമ്പോൾ പുതിയ ദേശങ്ങളിലേക്ക് ഞാൻ ആനയിക്കപ്പെടുന്നു.

ശാന്തതയെ ഭഞ്ജിക്കുന്ന കൊടുങ്കാറ്റും ഉള്ളിലാശിക്കുന്നത് ശാന്തിയാണ്. അങ്ങയെ വേദനിപ്പിക്കുമ്പോഴും ഞാൻ ആവശ്യപ്പെടുന്നത് അങ്ങയെ തന്നെയാകുന്നു.

അസ്തമയ സൂര്യന്റെ അന്ത്യ കിരണങ്ങൾ പോലെ ആ വഞ്ചി നിശാമദ്ധ്യത്തിലേക്ക് നിർലക്ഷ്യമായി നീങ്ങട്ടെ.

എന്റെ സർവ്വസ്വവും അങ്ങയ്ക്ക് തന്നിട്ട് എന്തുകൊണ്ട് വെറും കൈയ്യോടെ ഞാൻ മടങ്ങിപ്പോകുന്നില്ല.....

ദുഃഖരാത്രിയുടെ രാജാവ് കൊടുങ്കാറ്റിനോടൊപ്പം ഇതാ പെട്ടെന്ന് എത്തിച്ചേർന്നിരിക്കുന്നു.

വഴിയിൽ നിന്റെ ഓരോ കാൽപെരുമാറ്റത്തിലും 'വേദനയുടെ വേണുനാദം' പൊങ്ങി വരുന്നില്ലേ? ആ നാദം മധുരമായ സ്വരത്തിൽ നിന്നെ മാടിവിളിക്കുന്നില്ലേ ........?

■

ആശംസകൾ...

# വിശ്വഭാരതി കോളേജ്

## ഇരിട്ടി

**ഞങ്ങളുടെ റെഗുലർ ക്ലാസ്സുകൾ**

| | | |
|---|---|---|
| +1, +2 | - | Commerce, Humanities |
| BA | - | Malayalam, English, Ecnomics, History |
| BCom | - | Co-Operation<br>Travel & Tourism Management<br>Computer Application |
| BSc | - | Maths |
| MA | - | English, Malayalam, Economics, History |
| MCom | - | Taxation |
| MSc | - | |

**PDC, DC, Failed Batch**
*Entrance coaching for*
**M.B.B.S., Engineering, M.C.A.**

*With Best Compliments From:*

# ALEENA STUDIO & INTERNET

New Bus Stand, Iritty

ആശംസകൾ

**Phone : 497070**
**Resi : 433747**



# മലബാർ


**ടയർ പ്രീക്യൂർ റീട്രേഡ്**

കീഴൂർകുന്ന്, ഇരിട്ടി

മൈലേജ് ഗ്യാരണ്ടി
24 മണിക്കൂർ പ്രവർത്തനം
ജനറേറ്റർ സൗകര്യം, ഇവ നമ്മുടെ പ്രത്യേകതയാണ്

കവിത

# എൻപ്രിയ റോസാപുഷ്പം



**അനീഷ്. കെ.വി**
III BCom.

ഇതു മിഥ്യയോ യാഥാർത്ഥ്യമോ
അതുമല്ലെങ്കിലൊരു ദുരന്തമോ
അറിയില്ലെനിക്കറിയില്ല
അറിയുന്നതൊന്നുമാത്രം - ഇതൊരു സത്യം

അഹങ്കരിച്ചുവോ ഞാൻ അറിയാതെ
ഇഹത്തിൻ ജനിച്ചതിൻ പതി
ഓർക്കുന്നതൊന്നുമാത്രം എൻ
പ്രിയസ്നേഹമാം ആരാമത്തിൽ പൂത്ത പുഷ്പം

അതൊരു പ്രിയ റോസാപുഷ്പം
മുള്ളിന്മേലുള്ള പുഷ്പം
കൊതിച്ചുവോ അതിനഴകിലലിയാൻ
കടുംറോസോ ഇളംചുവപ്പോ അതിൻനിറം

സ്വന്തമാക്കാൻ ശ്രമിക്കുന്നതൊരാവേശം
അതൊരുവികാരത്തിൻ മൂർദ്ധന്യത്തിൽ
അറിയുന്നില്ലതിൻ വിഷമവും
അറിയാതെ അടുക്കുന്നു, ഒരു മുള്ളും വകവെക്കാതെ

മിഴികളിൽ തെളിയുന്നതൊന്നുമാത്രം
എൻപ്രിയസ്നേഹത്തിൻ വർണ്ണങ്ങൾ മാത്രം
ജീവിതനൗകതൻ വേഗതയറിയുന്നില്ല
അറിയാതൊന്നുമാത്രം വളരുന്ന വിടരുന്ന റോസാപുഷ്പം

എന്നാലിപ്പോഴെല്ലാമറിയുന്നു
ഇപ്പോഴാ പൂവില്ല നിറമില്ല സ്വപ്നങ്ങളില്ല
ഇതൊരു ദുരന്തത്തിൻ ബാക്കി പത്രമോ
പിച്ചിച്ചീന്തപ്പെട്ട റോസാപുഷ്പം
എൻപ്രിയ റോസാപുഷ്പം.

ലോകവ്യവസ്ഥസാമൂഹ്യച്ചുതിയോയിതിൻ പിന്നിൽ
അതോ ഇന്നിന്റെ ബാക്കിയാം യാഥാർത്ഥ്യമോ
നിസ്വാർത്ഥസ്നേഹത്തിനവസ്ഥയോ
അറിയില്ലെനിക്കറിയില്ല, അറിയുന്നതൊന്നു മാത്രം
എൻ പ്രിയ റോസാപുഷ്പം

# INDIA GATE



**JIYEASH M. M**
**Ist. Bsc. Comp. Science**

Yes, now we are crossing the India Gate, the opening of the land of diversity, the opening of the world's largest democratic and secular country where a great thing - unity- is preserved well. Our India has got the maximum tolerance where truth and non-violence are leading principles. Different people representing different communities, religions, races, places, languages and cultural groups live in our India with greatest harmony. It is a great thing that every one can see only in India that about 104 crores of lives have a common emotional unity.

As we view India from the gate we feel a doubt about the future of India. We can see a deviation relating to communal harmony, secularism, politics, nationalism etc.

Communalism is the main problem that India is facing now. The problem of communalism assume threatening proportion now a days. This problem is related to the way in which people regard their religion and other religions prevailing in our country. Belief in God is important, but it can't be regarded as the most important issue. This liberal approach to religion is essential in today's world. The followers of one religion should be able to live along with the people who pursue another religion. Often communal riots start from belief or related events. Religious fanaticism and communalism are leading India to destruction and chaos. It can not be stopped all on a sudden, but can be minimised using some alternative methods. It should be handled carefully by authorities. Otherwise it may spread like a wild fire. Now we come to know about a large scale massacre that happened recently. There may be corresponding reasons to it. Communalism is a dangerous factor in today's world. There for this communalism should be wiped off as early as we can. Some disruptive powers, who are trying to divide India on the basis of religion are behind these incidents. These communal forces are planning for our nation's funeral. If they succeed, what will be the fate of the nation? The terrorists will begin to rule India. Some times, some third rate politicians excite communal emotions to get some political advantage. No nation can be prosperous with this kind of burden belonging to past. Maintainance of communal harmony is essential for the progress of our nation.

Now a days, some people argue to divide Indian State into many units on the basis of religion. Division is always painful; then, the partition of the country on the basis of religion is all the more painful. Earlier we suf-

fered a lot at the hands of theBritsh . Today we are being troubled by our own brothers or by the people from neighbouring countries. Now a days while some people pleads for their own 'Khalistan', Some pleads for their 'Raj'. These tendencies are to be nipped in the bud. Otherwise India would not remain as one nation.

Apart from these burdens, we can see another face where our dedicated soldiers are fighting against terrorism. They provide maximum security to each of us to live in our mother land. In today's world we have to remember those who sacrificed their lives for our country. A lot of money is being spent for those purposes. Actually we are the members of vast country with reasonably good national income. Then a big question arises: Why are we not so rich as some other countries? Its main reason is that out of every Indian rupee, 23% is used for forces and 19% for defence, that is, sum of these expenses approximately equal to half an Indian Rupees. If we are in a position to use this amount for the welfare of our citizens, there will be considerable rise in the standard of living of all Indians. Consequently the country also will become prosperous and powerful. Then we can attain the state of progress of other developed countries, that is, we will be rich in technology, economics , education etc.

To conclude, by using alternative methods for stopping communal riots, terrorism etc. we can scale great heights of progress. It means no one can prevent us from reaching at the top. Tomorrow's India is being shaped by Indians of today. What is necessary is earnest effort coupled with a vision of new India. ■


*With Best Compliments From:*

*For Your Favourite Songs on CD's & Cassettes*

Ph: 493667 (R)

**INDIAN**

**ELECTRONICS**

**OLD BUS STAND, IRITTY**




*With Best Compliments From:*

**Malabar Arts College & Computer center**

**New Bus Stand, Iritty, Ph: 493636**

*Admission Continue for:*

| | |
|---|---|
| I MA | [ Malayalam, History] |
| I BA | [ Mal, Hist, Eng] |
| I MCom | [ Taxation, Finance] |
| I BCom | [ Co-op:] |

*Tuition Classes:-*

**+1, +2**

*[ Phy, Chem, Accounting, Computer Science]*

**BSc**

*[ Maths, Phy, Chem]*

**BCom**

*[Accounting]*

ആശംസകൾ

# പയ്യന്നൂർ കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക് ലിമിറ്റഡ്

നമ്പർ സി. 827, പയ്യന്നൂർ

## H.O. പയ്യന്നൂർ

*(A Class I Licenced Bank under the purvious of Banking Regulation Act. 1949)*

**ബ്രാഞ്ചുകൾ**

| | | | |
|---|---|---|---|
| പയ്യന്നൂർ മെയിൻ | ✆ 502950 | പയ്യന്നൂർ സായാഹ്നശാഖ | ✆ 505671 |
| ചെറുപുഴ | ✆ 540210 | മാതമംഗലം | ✆ 577782 |
| രാമന്തളി | ✆ 590250 | കരിവെള്ളൂർ | ✆ 560539 |


- നിക്ഷേപങ്ങൾക്ക് കൂടിയ പലിശനിരക്ക്, ആകർഷകങ്ങളായ വിവിധ നിക്ഷേപ പദ്ധതികൾ. നിക്ഷേപങ്ങൾക്ക് 1 ലക്ഷം രൂപവരെ ഇൻഷ്വറൻസ് സംരക്ഷണം.
- ആൾ ജാമ്യത്തിൽ, സ്വത്തു ജാമ്യത്തിൽ, സ്വർണ്ണപണ്ട പണയത്തിൽ, മറ്റ് അംഗീകൃത നിക്ഷേപത്തിൻമേൽ വായ്പ കൊടുക്കുന്നു. സ്വർണ്ണപണയത്തിന്മേൽ 100000ക. വായ്പയും വ്യാപാര വ്യവസായ ആവശ്യത്തിന് ആൾ ജാമ്യത്തിൽ 25000കയും സ്വത്ത് ജാമ്യത്തിൻമേൽ 5 ലക്ഷം രൂപയും ഓവർഡ്രാഫ്റ്റ് അനുവദിക്കുന്നു.
- ഗൃഹോപകരണങ്ങൾ വാങ്ങാൻ നോമിനൽ മെമ്പർമാർക്കും 25000/- ക വരെ വായ്പ അനുവദിക്കുന്നു.
- പയ്യന്നൂർ മെയിൻ ബ്രാഞ്ചിലും ചെറുപുഴ ബ്രാഞ്ചിലും സേഫ്ഡെപ്പോസിറ്റ് ലോക്കർ ചുരുങ്ങിയ വാടകയ്ക്ക് ലഭിക്കും.
- ഒരു വർഷത്തിൽ കൂടിയ കാലത്തേക്ക് നിക്ഷേപത്തിന് കൂട്ടുപലിശ ലഭിക്കുന്ന ക്യാഷ് സർട്ടിഫിക്കറ്റ്.

**നിങ്ങളുടെ മിച്ചം ടൗൺ ബാങ്കിൽ നിക്ഷേപിക്കുക.**

ചീഫ് എക്സിക്യൂട്ടീവ്
ശ്രീ. പി.എൻ. ശ്രീധരൻ

ചെയർമാൻ
ശ്രീ. കെ.പി. നൂറുദ്ദീൻ (മുൻമന്ത്രി)

കവിത



വിദ്യാരാജ്


# മരണം ദുർബലം

പണ്ടെങ്ങോ മരണം ദുർബലമെന്നു കേട്ടമാത്രയിൽ
പരിഹസിച്ചു തള്ളിയോ ഞാനതിൻ നിഗൂഢതയറിയാതെ
എന്നാലിന്നലെ മമസഖിയുടെ പിതാവിൻ
മരണവാർത്തയറിഞ്ഞ നേരമോ
ഒരു നിമിഷം പിടഞ്ഞു പോയ്മനം
നിറഞ്ഞു കണ്ണുകൾ, ഇരുട്ടിൽ തടഞ്ഞുചിന്തകൾ
ചിരിയില്ല, കളിയില്ല; മനസ്സിൽ മധുരമാം
പ്രണയത്തിൻ സ്വപ്നങ്ങളില്ല.

********

ഒരിക്കലെന്നച്ഛനും മരിച്ചിടാം, നഷ്ടപ്പെടാം
ജീവിത സത്യമാകുമെന്നമ്മയെ,
പോകുമൊരുനാളവർ, എന്നെതനിച്ചാക്കി-
നല്ലവർക്കായുസ്സല്പമെയുള്ളുപോൽ
ശൂന്യതയിന്നെന്നിലൊരു സത്യമായ്ത്തീരെ,
എന്റെ ചിരിയിലും വേദന നിറയുന്നു.
വിരസദിനങ്ങൾ കടന്നുപോകവെ,
വിധിയുടെ കയ്യിലല്ലെൻ മരണമെന്നിരിക്കെ,
സ്നേഹശൂന്യമാമീ ലോകത്തെ വർണ്ണിപ്പാൻ
കാലനെന്നെയുമനുവദിക്കില്ല നിശ്ചയം

********



കാലമിന്നേറെ മാറിമറിയവേ, മറന്നു ഞാൻ
മരണമേ നിന്നദൃശ്യമാം സാമീപ്യം.
എങ്കിലുമിന്നുഞാൻ കൊതിച്ചുപോകുന്നു
കേവലം നിൻനനുത്ത സ്പർശനം.
ദുർബലമാം മരണമേ;
തിരയുകയാവാമീവേളയിലെന്നെ നീ
നിൻപദനിസ്വനം കാതോർത്തു..........
അതിലും........... ദുർബലമീ ഞാൻ!

# THE NEED FOR A NEW EDUCATIONAL POLICY



**Soumya. S**
Ist D. C. Maths

'The destiny of India is being shaped in her class room' is a famous sentence in Kodhari Commission Report. The relation between development of nation and the educational system can be revealed through these words. Through these lines we can understand that the responsibilities and duties of well educated citizens are immense in framing future of a nation.

The people of India were following a system planned by British Government. This educational system is not suitable for a free nation like India. After freedom several commities were formed for submitting new educational system to Government. Though the commities submitted these reports, there suggestions were not approved by several reasons.

It is a matter of regret that nowadays schools and colleges are nursaries of political parties. There is nobody who doesn't thirst for fame especially children. The political parties exploit pupils. Pupils obey what they exhert. Every political party make use of children for their strength. They understand little that they are wasting their life without studying. Learning is more important than politics. Some pupils who participated in strikes have became M. P. or M. L. A. Those who want to become like that pupils are actually wasting their time. So there should have a new policy regarding students and politics.

It is a surprising fact that many youngsters, after acquiring high degrees are wandering without any job. Hence the educational system must be in such a way that it suits needs of the nation. If so, the educated man and woman needn't wander for jobs along streets.

Above all , well trained teachers find it difficult to adjust with new educational system so that they stick to the traditional teaching. They thought that their knowledge is enough to teach pupil. A good teacher must always be a student. For good education, teacher-people ratio should be minimised to 1 - 25. Otherwise, pupil may find it difficult to follow teacher and teacher also can't give personal attention to everybody. The responsibility of a teacher who trains future citizens is very high.

Today education is more memory oriented. There fore if we want to get more marks, we do nothing other than byhearting all the lessons. That kills the enquiry-based skills of students. Also the lessons are of not much use to students when they leave educational institutions to enter their life. So they find themselves misfits in the society. Much emphasis is given to passing examinations.

Today only some subjects like engineering and medicine are given importance. In the existing educational system, moral education is given a backseat of all levels. The period for moral education in school is utilised for teaching other subjects.

Poverty is one of the reasons for parents being unwilling to send their children to school. This problem can be solved by midday meal scheme, supply of free books to students. If the rich people are ready to pay for poor children,

they will certainly come to school.

Education imparted to pupil should have as its objective the need to make people to stand on their own legs. The disappointment that have taken by jobless pupils should be removed by giving them an education that would fit them in the society.

The students should be given a scope to select any subject they like. The syllabus should be attractive and students should feel that the studies would help them in their future life.

The artistic talents of students must be encouraged by new educational system. If so, yesudas and Chitra will be formed. In all schools and colleges, there should have much importance to physical education also.

Moreover, a particular concept depends on our ideology known as curiosity. The pupils always find short-cuts to pass examination by learning byheart. So students should work hard with curiosity. Teachers shouldnot be rediculed by the people. Without their blessing, we can't succeed in our daily life.

Hence we being the future citizens of India, should be aware of our responsibilities and duties. *Being a well educated person means, the aware of present, past and future things.* So education should aim at making a well educated citizen. He finds no difference between the nation and inhabitants. If the existing educational system is not suitable for this purpose, necessary changes must be made.

It is the duty of the citizen to serve the nation and the people. Moral education aims at developing physical and mental developments. The slogan 'Knowledge is for life' is accepted by the people today. Our knowledge should help us in lessening poverty and increasing comfort and convienience.

When we consider all people in India, education has been provided to a few fortunate people and this has widened the gap between a few literate and millions of illiterate people in India. Since the population of country is so large. It has been a very difficult task to educate all the people of India.

Adult education has now become a great necessity in India. It is true that an adult should be interested in studying an education which would help him in his occupation.

One of the most fearful of experiences even to one who has been regular in his studies is the fear of facing examination. Within a short period of time, the educational system compels the teacher to complete the syllabus. So a teacher can't find time to talk on her subjects.

It is a pations sight that little children carrying bag loads of books whose weight may be greater than even the weight of the children who is carrying it.

The present procedure of valuation of answer sheets is also not right. Valuation of answers should be completed in a fixed period of time. So teachers try to complete the valuation speedly and they want to go to their houses. Which may be away from their valuation center. So the number of examiners could be increased and they could be given more time to value lesser number of papers with more money. To maintain a certain amount of uniformity there should be double valuation.

However small changes can be seen today. There is internal assessment system on colleges. This is because of the fact that as mentioned earlier, in earlier periods, the fate of a student is decided on the basis of examinations at the end of year. It is based on memory of a student. so skilled pupils are neglected.

Therefore meaning of education is not only to study all lessons byheart and win high marks in examination, students must be trained to realise the condition of poor. The energy and enthusiasm of youth must be properly utilised.

It is the duty of former generation to guide later generation with a sense of selfless dedication and with a spirit of service.

ആശംസകൾ....

ഫോൺ: 420410

# ആനപ്പന്തി സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ എഫ്. 1516

**പി.ഒ. അങ്ങാടിക്കടവ്**


ശാഖകൾ

| | |
|---|---|
| കച്ചേരിക്കടവ് | ഫോൺ: 429120 |
| കരിക്കോട്ടക്കരി | ഫോൺ: 454788 |

*പ്രസിഡണ്ട്*
അഡ്വ. ജെയ്സൺ തോമസ്

*സെക്രട്ടറി*
കെ.സി. ജോൺ

ജിനീഷ്. കെ
I BSc. Comp. Science



# അവസാനത്തെ കത്ത്

സങ്കടങ്ങളും ആഘോഷിക്കപ്പെടേണ്ടതാണ്. സന്തോഷത്തിന്റെ രക്തസാക്ഷിത്വം നല്ല സ്മരണകളെ പ്രതിഷ്ഠിക്കുന്നുണ്ടല്ലോ.

ആദ്യത്തെ കത്ത്

ഞാനെന്നും സ്നേഹിച്ചിരുന്ന, എന്റെ കൊച്ചേട്ടന്, കൊച്ചേട്ടനെ ആദ്യം കോളേജിൽ വച്ച് കണ്ടപ്പോൾ എന്തോ ഒരു പ്രത്യേകത. പിന്നെ അത് ബഹുമാനമായത്, ബഹുമാനത്തിൽ നിന്ന് അത് കുട്ടിത്തത്തിലേക്ക് വഴി മാറിയത്, എല്ലാം ഇന്നലെയെന്നതു പോലെ ഓർക്കുന്നു....... തന്നില്ലേ എനിക്ക് ഒരായുഷ്ക്കാല സ്നേഹം മുഴുവനും. ഒരു നിമിഷംകൊണ്ട് ഞാൻ പിടിച്ചെടുത്ത സ്നേഹം യുഗങ്ങളുടേതായിരുന്നു എന്ന് ഇപ്പോൾ, ഈ നിമിഷം മനസ്സിലാക്കുന്നു. ഞാൻ എത്ര ആൾക്കാരെ പരിചയപ്പെട്ടിരിക്കുന്നു. അവരിലൊന്നും ദർശിക്കാത്ത എന്തോ ഒന്ന് കൊച്ചേട്ടനിൽ ഞാൻ കണ്ടു. എന്താണെന്ന് വിവരിക്കാനാവാത്തത്. ഗ്രീഷ്മവും വസന്തവും ശിശിരവും എല്ലാം മാറിവന്നാലും ഒരിക്കലും മാറാതെ എന്റെ മനസ്സിൽ നൊയമ്പ് നോറ്റ് ഞാൻ കുടിയിരുത്തിയിട്ടുള്ള എന്റെ കൊച്ചേട്ടന്റെ രൂപത്തിനും ഭാവത്തിനും ഒരിക്കലും മാറ്റം സംഭവിക്കില്ല കേട്ടോ.

ഞാൻ ഒത്തിരി സ്നേഹിച്ചുപോയി, മറക്കാനാവാത്തത് പോലെ പോരുന്ന നിമിഷം ഞാനറിഞ്ഞു. പിരിയാനാവാത്തതുപോലെ സ്നേഹിച്ചിരുന്നു എന്ന്. കൊച്ചേട്ടൻ എനിക്ക് തന്ന നല്ല ഓർമ്മകളെ എന്നും എപ്പോഴും എന്റെ കൂടെ ഞാൻ കൊണ്ട് നടക്കും - കഥകളുടെ രാജകുമാരനായി വലിയ എഴുത്തുകാരനായി വളർന്നു വരണം. എന്റെ പ്രാർത്ഥനകളിൽ, എന്റെ ചിന്തകളിൽ, എല്ലാം, എല്ലാം ഒരു കോടി യുഗങ്ങളുടെ സ്നേഹം തന്ന എന്റെ ആൾ എന്നുമുണ്ടാകും......

ഇനി നമുക്ക് പുളും കളിക്കാം, ബാക്കി ഇട്ട് കളിച്ചോ കേട്ടോ. എന്നുമെന്നും ഓർക്കാൻ മനസ്സിന്റെ ചെപ്പിൽ വെച്ച് ആരാധിക്കാൻ നല്ല സ്വപ്നങ്ങൾ തന്നിട്ടുപോയ എന്റെ കൊച്ചേട്ടനെ എവിടെയെങ്കിലും വെച്ച് കാണണേ എന്ന പ്രാർത്ഥനയോടും കൂടി നിർത്തുന്നു.

എന്ന്,

കൊച്ചേട്ടന്റെ വിശേഷങ്ങളില്ലാത്ത ഒരു കുറുമ്പി

അവസാനത്തെ കത്ത്,

ഏട്ടനായേ കാണാൻ പറ്റു......... ഏറെ കളിപ്പിച്ചതിന് ശേഷമാണ് കത്തിപ്പിച്ചത്. നാലഞ്ചുമാസം മുമ്പാണ്. പിന്നീട് നീ കത്തെഴുതുകയുണ്ടായില്ല. നാണം കെട്ട് മതിയായി. കഴിഞ്ഞകാലം ഓർക്കാതിരിക്കാൻ പാടുപെടുകയായിരുന്നു.... ഈയിടെ അറിഞ്ഞപ്പോൾ നഗരത്തിൽ തന്നെ നീയും, വളരെയടുത്ത്, കാണാതിരിക്കാൻ കഴിഞ്ഞില്ല എന്നത് നേര്. അനുവാദം ചോദിച്ചല്ല വന്നത്. പവിട്ടിരത്തച്ച പുതി തീർന്നില്ലേ എന്തിന് പിന്നെയും.....

സഖിമാർക്ക് വിസ്തരിച്ച് പരിചയപ്പെടുത്തിക്കൊടുക്കുമ്പോൾ, നിനക്ക് പ്രണയിനിയുടെ മട്ടായിരുന്നു. അതും എന്റെ കഥയില്ലായ്മ..... നിന്റെ കൂട്ടുകാരികളുടെ കളിവാക്കുകളിൽ.......പിന്നെയും മറവ് ചെയ്യപ്പെട്ട കാമുകൻ പരിപോഷിപ്പിക്കപ്പെടുന്നു.... വീണ്ടും പൊട്ടൻ കളി തിരിച്ചറിയാതെ പോയത് തെറ്റ്. ആരാധകരുണ്ടായിരിക്കുക ഒരു ആഡംബരമാണ്. കടുത്ത ആരാധകരാകുമ്പോൾ ബഹുകേമം. ചേഷ്ടകൾ ഓർത്തോർത്ത് ചിരിക്കാൻ വകയാണ്. ശുദ്ധ നേരം പോക്ക്. നിനക്കും കൂട്ടുകാരികൾക്കും വിരുന്നായല്ലോ, നന്നായി. ലാഘവത്തോടെ പങ്കുവെച്ചോളു. ഒന്ന് പൊട്ടിയാൽ മറ്റൊന്ന്. ഏട്ടത്തി പറയാറുണ്ട്, ന്റെ അനിയനൊരു മന്ദനാണ്; മന്ദൻ...... മടങ്ങുമ്പോൾ അവരെ വിളിച്ചിരുന്നു. തമ്മിൽ വീണ്ടും കണ്ടത് വിവരിക്കുമ്പോൾ, സന്തോഷം ആഘോഷിക്കാൻ വരുന്നു. അനിയന്റെ വധുവിനെ കാണാൻ...... സാധു. കുറച്ച് മുമ്പാണ് നീ വിളിച്ചത്. കണ്ട് പിരിഞ്ഞിട്ട് ഒരു ദിവസമായില്ലേ? എത്ര പെട്ടെന്ന് ...........അത്ഭുതപ്പെടുകയായിരുന്നു. എന്തൊരു വിരോധവും നിന്ദയും, അപരിചിതനെപ്പോലെ. റിസീവർ കൈപ്പിടിയിൽ വിയർത്തു.....നിന്റെ പഠിപ്പ് മുടങ്ങുന്നു..........എല്ലാം ഞാൻ മൂലം ! കോഴ്സ് കഴിഞ്ഞാൽ കല്ല്യാണമുണ്ട്...........ഊന്നിയൂന്നി പറഞ്ഞത് അത് മാത്രം. നിനക്ക് വന്ന നല്ല നല്ല ആലോചനകളെപ്പറ്റി ........സൗഭാഗ്യങ്ങൾ ഉണ്ടാവട്ടെ.............ഇനിയൊരു കൂടിക്കാഴ്ചയ്ക്ക് മുതിരില്ല- മടങ്ങുകയാണ്. ഇവിടെ നിന്നാൽ ഒരുപക്ഷെ , ഇനിയും കാണാൻ ശ്രമിച്ചേക്കിരുന്നേനെ......സീമ, നിനക്ക് നല്ലതുവരട്ടെ, നന്മ മാത്രം. വിവാഹിതയായി, അമ്മയായി......അങ്ങനെ, അങ്ങനെ...... ■

ആശംസകളോടെ....

Ph: 471261

# ചാവശ്ശേരി സർവ്വീസ് കോപ്പറേറ്റീവ് ബേങ്ക് ലിമിറ്റഡ്

നമ്പർ. സി. 39. പി.ഒ. ചാവശ്ശേരി - 670702

ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല
കാർഷിക - കാർഷികേതര വായ്പകൾ
വിതരണം ചെയ്യുന്നു.
ആകർഷകമായ പലിശ നിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.
എല്ലാവിധ ബേങ്കിംഗ് ഇടപാടുകളും നടത്തപ്പെടുന്നു
സ്വർണ്ണ പണ്ട പണയത്തിന്മേൽ കടം അനുവദിക്കുന്നു.
വളം ഡിപ്പോ, സിമന്റ് ഡിപ്പോ, നീതി സ്റ്റോർ എന്നിവ
നടത്തപ്പെടുന്നു.

പ്രസിഡണ്ട്
സി. അഷ്റഫ്

സെക്രട്ടറി
പി. വേണുഗോപാലൻ നമ്പ്യാർ

# ഓർമ്മയിലെ പൂക്കാലം




വിനീത സി. ആർ
III B.Sc. Comp. Science


പരീക്ഷയ്ക്ക് ഇനി എണ്ണപ്പെട്ട ദിവസങ്ങൾ മാത്രം. റിക്കാർഡിന്റെയും പ്രാക്ടിക്കലിന്റെയും അവസാന മിനുക്കുപണികളുമായി തിരക്കോട് തിരക്ക്. ഈ തിരക്കിനിടയിൽ എനിക്ക് വീണുകിട്ടിയ ഒരു നല്ല സായാഹ്നം. പൂമുഖ തിണ്ണയിൽ ഓരോന്ന് ഓർത്ത് നീല വിഹായസ്സിലേക്ക് നോക്കിയിരിക്കുമ്പോൾ ഓർമ്മകൾ പതുക്കെ എന്നെ തേടിയെത്തി. കമ്പ്യൂട്ടർ സയൻസ് ക്ലാസിലെ കൂട്ടുകാർ ഓരോരുത്തരായി പതുക്കെ മനസ്സിലേക്ക് കടന്നു വന്നു.



ആദ്യമായി എന്റെ മുന്നിലെത്തിയ ആ രൂപം ആരാണ്? ഞാൻ സൂക്ഷിച്ചു നോക്കി. ഓ...., അതെന്റെ മൗഗ്ലിയാണല്ലോ. അവൾ അവളുടെ സുരുമാമനെയും ദിയെയും പറ്റി വാതോരാതെ സംസാരിക്കുകയാണ്. ഇത് മാത്രമാണല്ലോ അവൾക്കറിയാവുന്ന ഏക പണി. ഇത് ഏറ്റവും കൂടുതൽ സഹിക്കുന്ന വ്യക്തി ഞാനാണ്. കാരണം അവളാണല്ലോ എന്നും എന്റെ സന്തത സഹചാരി. എന്തായാലും നമുക്കിടയിൽ രഹസ്യങ്ങളൊന്നും ബാക്കിയുണ്ടായിരുന്നില്ല. മൗഗ്ലിയുടെ സംഭാഷണം തുടരവേ അന്തരീക്ഷം പെട്ടെന്ന് സംഘർഷ ഭരിതമായി. എന്താണ് സംഭവിച്ചത്. എല്ലാവരും മുഖത്തോട് മുഖം നോക്കി. മറ്റൊന്നുമല്ല, ചട്ടമ്പിക്കല്ല്യാണിയുടെ ഒരടി മണിക്ക് കിട്ടിയതാണ്. പട്ടാളച്ചിട്ടയിൽ വളർന്ന കല്യാണി ഇതൊരു സ്ഥിരം പരിപാടിയാക്കുകയാണല്ലോ. അവളെ പേടിച്ച് എല്ലാവരും അവളോടുള്ള സംഭാഷണം ഒരു പാട് കുറച്ചിട്ടുണ്ട്. നീളൻ കൈയും നീളൻകാലുമുള്ള അവൾ എന്തായാലും ഞങ്ങളുടെ കൂടെയുള്ളത് എന്തുകൊണ്ടും ഒരാശ്വാസമാണ്. എത്ര പ്രാവശ്യം മണിയോട് പറഞ്ഞിട്ടുണ്ടെന്നോ, അവളോട് അധികം കമ്പനി വേണ്ട എന്ന്. പറഞ്ഞാൽ കേൾക്കണ്ടേ? അവളുടെ കൈയിൽ നിന്ന് എത്ര കിട്ടിയാലും അവന് മതിയാവില്ല. എല്ലാവരേയും മണിയടിച്ച് കുപ്പിയിലാക്കുകയാണ് അവന്റെ പ്രധാന ജോലി. സഹായത്തിനായി കുട്ടിശങ്കരനും, ഡിങ്കനും എപ്പോഴും ഇടത്തും വലത്തും ഉണ്ടാകും. നമ്മുടെ മണി ഒരു മന്ദബുദ്ധിയാണെങ്കിലും അതിന്റെ യാതൊരഹങ്കാരവും അവനില്ല കേട്ടോ. ഡിങ്കൻ കേണൽസാർ കൊടുത്ത പണി ചെയ്ത് തീർത്ത ക്ഷീണത്തിലാണ്. കുട്ടിശങ്കരൻ അവന്റെ ശങ്കർ നിവാസിലെ ഓർമ്മകളിലാണെന്ന് തോന്നുന്നു.

ഈ സംഭവങ്ങൾക്കിടയിലാണ് ഞാൻ കുഞ്ഞച്ചായനെ ശ്രദ്ധിച്ചത്. ഒരിക്കലും പൂവണിയാത്ത പ്രണയ മോഹങ്ങളുമായി ഏതോ ലോകത്തിലാണ് കക്ഷി. ഒരിക്കലും പൂവണിയില്ല എന്നറിഞ്ഞിട്ടും പുള്ളി ഇപ്പോഴും മോഹിച്ചുകൊണ്ടേയിരിക്കുന്നു. പുള്ളിക്കാരനിൽ വേണ്ടാത്ത ഈ മോഹങ്ങളൊക്കെ വളർത്തുന്നത് മറ്റാരുമല്ല, നമ്മുടെ വാസുവും കുഞ്ഞാപ്പുവുമാണ്. കാണാൻ രണ്ടും ഇത്രയേയുള്ളൂ എങ്കിലും രണ്ടിന്റെയും കൈയിലിരിപ്പ് മഹാമോശമാണ്. ചങ്ങാതിമാർ നന്നായാൽ കണ്ണാടിവേണ്ട എന്ന് പറയുന്നത് എത്ര ശരിയാണ്. കുഞ്ഞച്ചായൻ ഇപ്പോൾ കണ്ണാടി ഉപയോഗിക്കാറേയില്ല. അപ്പോഴാണ് ജാലകം ജാനു പറയു

ന്നത് കേട്ടത് ഡിങ്കൻ DISPLAY ചെയ്യാൻ പോകുകയാണെന്ന്. ഡിങ്കൻ DISPLAY ചെയ്യുന്നുണ്ടെങ്കിൽ അത് ACCEPT ചെയ്യാൻ നമ്മുടെ അമേരിക്കൻ അമ്മായി അവിടെയുണ്ടാവും. ആ സമയത്താണ് ഞാൻ അമ്മായിയുടെ പുതിയ ചുരീദാർ ശ്രദ്ധിച്ചത്. ആശ വന്നിട്ടുണ്ടെന്ന് അപ്പോഴെനിക്ക് മനസ്സിലായി. കാരണം മറ്റൊന്നുമല്ല. പുതിയ ചുരീദാർ. ഇവൾ ഒരു ദിവസം ആശയ്ക്ക് എത്രയാണാവോ വാടക കൊടുക്കുന്നത്. അമ്മായിയെ കണ്ടയുടനെ നമ്മുടെ xyz ന് ഒരു പാട്ട് കേൾക്കണം. ഈയിടെയായി xyz ന്റെ പാട്ട് കേൾക്കൽ ഇത്തിരി കൂടുതലാണ്. ഇതൊക്കെ കേൾക്കുമ്പോൾ നമ്മുടെ അമ്മായി കരുതുന്നുണ്ടാവും അവളെക്കാൾ നന്നായി പാടാൻ ഈ കോളേജിൽ വേറെ ആർക്കും കഴിയില്ല എന്ന്. സംഭവം നേരെ തിരിച്ചാണെന്ന് മാത്രം. പിന്നെ xyz അവളെ സമാധാനിപ്പിക്കാൻ വേണ്ടി ഇടയ്ക്കൊക്കെ ഒന്ന് പാടാൻ പറയും.

എന്നാൽ അമ്മായിയുടെ ഈ വക കളിയൊന്നും തീരെ ഇഷ്ടമല്ലാത്ത ഒരാളുണ്ട്. വേറാരുമല്ല, ജാലകം ജാനു. അവൾ ക്ലാസിലുള്ള മുഴുവൻ സമയവും ബസ്സിലാണ് യാത്ര ചെയ്യുന്നത്. എന്തായാലും One at a time എന്നാണവളുടെ മുദ്രാവാക്യം. അതുകൊണ്ട് ബാക്കി കാര്യങ്ങളൊന്നും അവൾ മൈൻഡ് ചെയ്യാറേയില്ല. ഈ സമയത്ത് നമ്മുടെ തൊരപ്പൻ കൃത്യസമയത്ത് കൊളക്കാട് എത്താനുള്ള തയ്യാറെടുപ്പിലാണ്. അപ്പോഴാണ് നമ്മുടെ ബ്രോക്കർ മാവേലി കടന്നു വന്നത്. തോളത്ത് ഒരു കെട്ട് നോട്ട്സുമുണ്ട്. മാവേലി മന്നൻ വർഷത്തിൽ ഒരു ദിവസമാണ് വരാറെങ്കിൽ നമ്മുടെ ബ്രോക്കർ മാവേലി മാസത്തിൽ ഒരു ദിവസമാണ് കടന്നു വരിക. കക്ഷി എത്തിയ ഉടനെ ചിന്തയിലാണ്. ചിന്ത വേറെ ഒന്നിനെപ്പറ്റിയുമല്ല "Where I am to hide my fleshy fruit"

തിരക്കിനിടയിൽ നമ്മുടെ ലണ്ടൻമാമിയെ കാണാനില്ല. ഇതെവിടെ പോയി, അപ്പോഴാണ് ഞാനത് ശ്രദ്ധിച്ചത്. മാമി തിരക്കിട്ട് ലണ്ടനടിക്കുകയാണ്. ലണ്ടനടി മുഴുവൻ അവളുടെ പൂച്ചക്കുട്ടികളെ പറ്റിയാണെന്ന് മാത്രം. അവളുടെ പൂച്ച ഫാനിട്ട് കിടക്കാറുള്ളതിനെ പറ്റിയും, ഭക്ഷണം കഴിക്കുന്നതിനെപ്പറ്റിയും തുടങ്ങി ഒരു പാട് ലണ്ടനുകൾ. ഈ സമയം മുഴുവൻ നമ്മുടെ Aയും Bയും ചെസ്സുകളിയിൽ മുഴുകിയിരിക്കുകയാണ്. A യ്ക്ക് നന്നായിട്ടറിയാം. പഠിച്ചിട്ട് ഡാക്കിനിയെ തോൽപ്പിക്കാൻ പറ്റില്ല എന്ന്. അതിന് A കണ്ടുപിടിച്ച വഴിയാണ് ചെസ്സ് കളി. ചെസ്സിൽ first കിട്ടിയാൽ മാർക്ക് free യുണ്ടല്ലോ. അത് വെച്ച് ഡാകിനിയെ തോൽപ്പിക്കാം. എന്നാണ് അവന്റെ ധാരണ. പക്ഷെ ഡാകിനിയുടെ അടുത്ത് അത് ചിലവാകുമെന്ന് തോന്നുന്നില്ല. കാരണം ഡാക്കിനി ഈ സമയം മുഴുവൻ ഒരേ പഠിപ്പാണ്. നമുക്ക് കാത്തിരുന്നു കാണാം ആരാണ് rank അടിച്ചുമാറ്റുന്നതെന്ന്. സമയം കുറച്ച് കടന്നുപോയി. അപ്പോഴാണ് ഹാജിയാരും AA യും മെല്ലെ കടന്നു വന്നത്. രണ്ടാളും ഭക്ഷണം കഴിക്കാൻ പോയതാണെന്ന് മനസ്സിലായി. രണ്ടാളുടെയും പ്രധാന ജോലി ഭക്ഷണം കഴിക്കലാണല്ലോ. ബാക്കി ജോലിയൊക്കെ വെറും side business മാത്രമാണല്ലോ. ആ സമയം മുഴുവൻ നമ്മുടെ സന്ദീപിനെയും അഭിലാഷിനെയും ആ ഭാഗത്തൊന്നും കണ്ടതേയില്ല. ഇവരെവിടെ പോയതായിരിക്കും? ഞാൻ കാര്യമായി ആലോചിക്കുകയായിരുന്നു. മോളെ, കുളിക്കുകയും വിളക്കു കൊളുത്തുകയും ഒന്നും വേണ്ടേ? എന്ന അമ്മയുടെ ചോദ്യം എന്നെ മെല്ലെ ഓർമ്മകളിൽ നിന്ന് ഉണർത്തി. ഞാൻ ചുറ്റും നോക്കി. നേരം ഒരുപാടായിരിക്കുന്നു. ഓർമ്മകളിൽ നിന്നും ഉണർന്ന ഞാൻ മെല്ലെ എന്റെ കർത്തവ്യത്തിലേക്ക് മടങ്ങി.

*വാൽക്കഷണം.*

ഇനി നാണിക്കുട്ടിയെ കുറിച്ച് പറയാം. ഇവൾ ജനിച്ചത് കാട്ടിലാണോ എന്ന് ഞങ്ങൾക്ക് തോന്നിയത് സത്യമംഗലം കാട്ടിലൂടെ ടൂർ പോയതിന് ശേഷമാണ്. PRNSS ൽ അവൾ അടിപൊളിയായിരുന്നെങ്കിലും M. G. യിൽ അവൾക്ക് ഒന്നും തന്നെ ചെയ്യാൻ കഴിഞ്ഞില്ല. (NOT ONLY ....BUT ALSO ......)

ആശംസകൾ ...........

കൊട്ടാരം ഗിഫ്റ്റ് സെന്റർ
ഇരിട്ടി.


# നക്ഷത്ര സോദരീ, നിനക്കായ്..........

ഇനിയുമൊരു ജന്മമുണ്ടെങ്കിൽ നിൻ മനസിൽ
നിറയാനെനിക്കൊരു വരം തരുമോ
ഇനിയുമൊരു പിറവിയുണ്ടെങ്കിലൊരമ്മത -
ന്നുദരത്തിലെൻ കൂടെ നീ പോരുമോ...
ഇനിയുമൊരു ബാല്യമെനിക്കായി വിധിച്ചെങ്കിൽ
എൻ കളിതോഴിയായണയുമോ നീ
മഴയായി പുഴയായി ഞാൻ ഒഴുകിടുമ്പോൾ -
ഇടപിരിയാതെ നീ വന്നിടുമോ
ഏകനായിന്നു ഞാനീ ഭൂവിലിടറുമ്പോൾ
നീലാംബരത്തിൽ നീ മിന്നിമറയുന്നു.

ചുറ്റും ചതിക്കുഴികൾ തീർത്തെനിക്കായി
ചിതയൊരുക്കുന്നതെൻ സൗഹൃദങ്ങൾ
ചിതലരിക്കുന്നൊരാ സൗഹൃദത്താളിന്റെ
ഗതിയോർത്തു നീറി ഞാൻ വിലപിക്കവെ
പഞ്ചാമൃതത്തിൻ മാധുര്യമായെൻ
ആത്മഹർഷങ്ങളെ പുൽകിയുണർത്തി നീ

പകലുകൾ ബിംബം നിന്നെക്കാണാതെ ഞാൻ
ഉഴറുമ്പോഴുമെന്നിൽ നിർവൃതി മാത്രം
ആകാശമറയുടെയുദ്യാന തീരത്തു നീ
കാമുകനൊത്തുല്ലസിക്കയല്ലയോ
വീണ്ടും നീയണയും രാവിലെൻ ചാരത്ത്
കഥകൾ പറയുവാനാശ്വസിപ്പിക്കുവാൻ
മതിയത്ര മതി എനിക്കിന്നീ ജീവിത -
യാത്രയിലെങ്കിലും നക്ഷത്രമേയെൻ
ചാരത്തു വന്നു നീ മൗനം വെടിയുന്ന
ദിനവും കാത്തു ഞാൻ നിൽക്കും വരും ജന്മം.

റെനി ലൂക്കോസ്
II ബി.കോം.



ആശംസകൾ........

**Phone: 491467**

# പി. ടി. ചാക്കോ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, ഇരിട്ടി.

**Ltd No. C. 1001**

1. **ഡോ: എം. എസ്. രാമകൃഷ്ണ.** MBBS., MD ( Physician)
2. **ഡോ: അജി വർഗ്ഗീസ്** MBBS., MD ( P) കുട്ടികളുടെ സ്പെഷലിസ്റ്റ്
3. **ഡോ: വി. മാധവൻ** MBBS., DLO, (ENT)
4. **ഡോ: പി. പി. ദേവൻ** MBBS., MS, ENT (മണിപ്പാൽ)
5. **ഡോ: ഗിരീഷ്** MBBS. (RMO)

ലബോറട്ടറി, ഇ. സി. ജി., ഐ. സി. യു , ഫാർമസി സൗകര്യങ്ങൾ ലഭ്യമാണ്.

പ്രസിഡണ്ട്.
ജോസ് ഞാവള്ളിക്കുന്നേൽ.

സെക്രട്ടറി.
ടോമി ജോസഫ്.

# हंसो

खिलता वन में फूल,
सुरभि भर जाती कण - कण में।
हंसता वन में फूल,
धटा छा जाती उपवन में।
हंसकर कहता फूल हंसो तुमकी इस जीवन में।
हंसो, हमेशा हंसो,
बसो तुम जन-जन के मन में।
कल - कल बहती नदीं,
जगत में सुषमा भरती है।
हरम हंसती, और विघ्न बाधारां सहती है
हंसकर कहती नदी रहो तुम हंसते सुःख दुःख में,
हंसो, हमेशा हंसो,
न घबराओं जीवन रण में।
नभ में आते पेध
सभी को सुःख पहुँचाते हैं।
छोटा हो था बडा,
सभी पर जल बर-सातें हैं।
हंस कर कहते मेध सदा समझों समान सबको।
हंसो हमेशा हंसो,
मुस्करा कर झेलो दुःख को।
हंसता नभ में चाँद,
धरा पर मधु बरसाता है।
खुब तमकता, और
चांदनी भी थिटकता है।
हंस कर कहता चाद हमेशा तुम भी मुस्काओ।
हंसो, हमेशा हंसो,
देश का मस्तक चमकाओ।

പ്രീഷ പ്രഭാകർ
III BCom.

*With best compliments from :*

# THE KUTHUPARAMBA CO-OPERATIVE URBAN BANK LIMITED

No. 985

P.B. No. 12, Kuthuparamba

Ph: 362296 (H.O.)

നിക്ഷേപങ്ങൾക്ക് ആകർഷമായ പലിശ.
പൂർണ്ണ സുരക്ഷിതത്വം.
72 മാസം കൊണ്ട് ഇരട്ടിക്കുന്ന അക്ഷയനിധി.
15 വയസ്സ് കഴിഞ്ഞ ഏതൊരു വ്യക്തിക്കും ചേരാവുന്ന പെൻഷൻ സ്കീം.
മെമ്പർമാർക്ക് ക്ഷേമനിധി
അംഗങ്ങൾക്ക് ഗ്രൂപ്പ് അപകട ഇൻഷൂറൻസ് പദ്ധതി.
കച്ചവടക്കാർക്ക് ഓവർഡ്രാഫ്റ്റ് സൗകര്യം
കച്ചവടക്കാർക്കും വ്യക്തികൾക്കും വിവിധതരം വായ്പകൾ.
സായാഹ്നശാഖയിൽ ലോക്കർ സൗകര്യം.

ബ്രാഞ്ചുകൾ : 1. സായാഹ്നശാഖ, - കൂത്തുപറമ്പ്
(ഫോൺ : 361239)
2. ചെറുവാഞ്ചേരി.

കെ. പ്രഭാകരൻ
ചെയർമാൻ

യൂസഫ്. എൻ.
സെക്രട്ടറി

# ദി കണ്ണൂർ കോ-ഓപ്പറേറ്റീവ് ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റി ലിമി

നമ്പർ. സി -358 താളിക്കാവ്, കണ്ണൂർ-1

സംഘം പ്രസിഡൻസി നഗറിൽ ആരംഭിക്കുന്ന
ഭവന നിർമ്മാണ പദ്ധതിയിൽ
പ്ലോട്ട് ലഭിക്കുന്നതിനും
ഭവന നിർമ്മാണ വായ്പക്കും ബന്ധപ്പെടുക.

സെക്രട്ടറി
സി.സി. ശ്രീധരൻ

പ്രസിഡണ്ട്
എ.പി. ജയശീലൻ

കവിത

# മഴപെയ്യുന്നത്



മിനി.പി
I BCom

മഴയിന്നെനിക്ക്-
പ്രണയത്തിന്റെ ഊടുവഴിയിൽ പെയ്തിറങ്ങിയ
ഓർമ്മകളുടെ സംഗീതം
കത്തിയെരിയുന്ന സൂര്യനും മീതെ പെയ്തിറങ്ങിയ
മഴയിൽ ഞാനും എന്റെ ഓർമ്മകളും
അലിഞ്ഞലിഞ്ഞ് ഇല്ലാതാവുന്നു
എല്ലാ മഴകളും പെയ്തിറങ്ങുന്നത്-
സ്വപ്നങ്ങൾ കൊണ്ട്
നിലാവു സൃഷ്ടിച്ചവർക്കാണ്
ഓർമ്മകൾക്കുമേൽ പെയ്തിറങ്ങിയ മഴത്തുള്ളികളിൽ
എന്നോ മറന്ന ഹൃദയത്തിന്റെ ആർദ്രത
എന്തോ ഉറങ്ങിയ രാവുകളിൽ നിന്റെ
മഴവിരൽ തൊട്ടുണർത്തിയ സ്വപ്നങ്ങളിൽ
പരിഭവങ്ങൾ......
ഏറ്റുപറച്ചിലുകൾ.........
കഥ പറഞ്ഞുറക്കിയ രാവിന്,
മൊഴിചൊല്ലിയ കിനാവുകൾക്ക്,
നിലാവു നെയ്ത സന്ധ്യക്ക്,
നന്ദി.
അന്നെങ്ങോ പെയ്തൊഴിഞ്ഞ മഴയിൽ
താരാട്ടുപാട്ടിന്റെ ഈണവും രാത്രി
ക്കായെഴുതിയ പ്രണയഗീതവുമുണ്ടായിരുന്നു.

ഇത് ഭൂമി:-
ഇവിടെ പെയ്തിറങ്ങിയ നിന്റെ സ്വപ്നങ്ങളിൽ
ഓർമ്മകളുടെ വേലിയേറ്റമില്ല
പ്രണയത്തിന്റെ സംഗീതവും.
പുലർക്കാലത്തെങ്ങോ ചിമ്മിയ കണ്ണുകളിൽ
അപരിചിതത്വം, പകപ്പുകൾ.
ഇവിടെ എന്റെ കണ്ണുകൾക്കുമുൻപിൽ
നേർത്തു പെയ്യുന്ന മഴക്ക് പകരം
കത്തിയമരുന്ന ഭൂമിയുണ്ട്,
എങ്ങോ ചിതഞ്ഞ മനസ്സിന് ബാക്കി
ഒരു കൂട്ടം വിലാപങ്ങൾ-
അമ്മയുടെ ....
പെങ്ങളുടെ....
കുഞ്ഞിന്റെ
ഭ്രാന്തുപിടിച്ച മനസ്സും
കടിഞ്ഞാൺ നഷ്ടപ്പെട്ട മസ്തിഷ്ക്കവും
തെരുവിൽ സ്വന്തം ചോരക്കായി മുറവിളികൂട്ടുന്നു.
പാതി കരിഞ്ഞ നിലാവിന്റെ കണ്ണുകളിൽ
വിലക്കപ്പെട്ട തെരുവിന്റെ നഗ്ന ചിത്രങ്ങൾ
പാതിയടഞ്ഞ കണ്ണുകളിൽ
നേർത്തു നേർത്തില്ലാതെയായത്,
അഗ്നി കത്തുന്ന തെരുവിൽ,
അനാഥമാക്കപ്പെട്ടത്,
അമ്മയറിന്റെ സ്വാദിക്കായ് കേണ
കുഞ്ഞിന്റെ രോദനം......?
ഇവിടെ ജയിക്കുന്നവന്-
കണ്ണുകൾ വേണ്ട
"വേണമെങ്കിൽ കാതുകളും
മഴക്ക് പ്രണയത്തിന്റെ നിറം നൽകിയ കവി
തെരുവുകളിൽ ഭ്രഷ്ടനാക്കപ്പെട്ടിരിക്കുന്നു.
മഴത്തുള്ളികളിൽ ആകാശം കിനാവുകണ്ട
കുഞ്ഞിന്റെ
കണ്ണുകളിൽ ഇന്ന് നിരാശ.
മുറ്റത്ത് വിരിഞ്ഞ മഴവില്ലിൽ ഇന്ന്
നിറങ്ങളേറെയും ചുവപ്പാണത്രേ!
ഇനിയിവിടെ പെയ്യാൻ പോവുന്ന മഴക്ക് നൽകാൻ
സ്വപ്നങ്ങളില്ല.
കണ്ണുകളിൽ ഒളിപ്പിക്കാൻ പ്രണയത്തിന്റെ
ഓർമ്മകളും.
പകരം ദാഹിക്കുന്ന ഭൂമിയുണ്ട്
കരയുന്ന മനുഷ്യനുണ്ട്, ആഗ്രഹങ്ങൾ
മെതിക്കപ്പെട്ട ഒരായിരം ആത്മാക്കളും.

# "കൃഷ്ണ! നീയെന്നെയറിയില്ല"

**- ഒരു ആസ്വാദനം**



ജ്യോതിലക്ഷ്മി. ടി.പി
III BSc. Comp.Science

മലയാള കവിതയുടെ വരദാനമാണ് ശ്രീമതി സുഗതകുമാരി. ഹൃദയാവർജ്ജകമായ സാഹിത്യശൈലി തുളുമ്പുന്ന വരികൾ കൊണ്ട് മലയാളിയുടെ മനസ്സ് കവർന്ന കവയിത്രി. സ്വാതന്ത്ര്യ സമരകാലത്ത് ജനതയുടെ സ്വാതന്ത്ര്യബോധത്തെ തന്റെ തൂലികയാൽ ഉയർത്താൻ ശ്രമിച്ച ബോധേശ്വരൻ എന്ന മഹാകവിയുടെ പുത്രി മലയാളിയുടെ മനസ്സിനെ കീഴടക്കിയില്ലെങ്കിലേ അത്ഭുതമുള്ളൂ.

ശ്രീമതി സുഗതകുമാരിയുടെ വളരെ പ്രശസ്തമായ ഒരു കവിതാസമാഹാരമാണ് അമ്പലമണി. അതിൽ ഏറ്റവും ആർദ്രവും മനോഹരവും ആയ കവിതയാണ് കൃഷ്ണ, നീയെന്നെയറിയില്ല. മനോഹരമായ ഒരു കവിത എന്നതിലുപരി വളരെയേറെ ജനകീയമായ ഒരു കവിതയാണിത്. പ്രണയത്തിന്റെ, വിരഹത്തിന്റെ നനുത്ത തലോടൽ ഓരോ വായനക്കാരനും അനുഭവവേദ്യമാക്കുന്ന അതിസുന്ദരമായ ഒരു കൊച്ചുകവിതയാണ് കൃഷ്ണ നീയെന്നെയറില്ല.

ഗോപികയ്ക്ക് കൃഷ്ണനോടുള്ള പ്രണയത്തിന്റെ ഒരാവിഷ്കാരമാണീ കവിത. ഗോപികയ്ക്ക് കൃഷ്ണനോടുള്ള പ്രണയം, അത് എന്നും കവികൾക്ക് പ്രിയപ്പെട്ട ഒരു വിഷയമാണ്. ഭാരതത്തിലെ കാല്പനിക കവിതകളിലൊക്കെ ഒരു കൃഷ്ണപ്രണയം സൂചിപ്പിക്കാതിരിക്കാറില്ല. ഗോപികയ്ക്ക് കൃഷ്ണനോടുള്ള ഭക്തിയുടെ, പ്രണയത്തിന്റെ പശ്ചാത്തലത്തിൽ ആണ് ഈ കവിതയും വികസിക്കുന്നത്.

കവിതയുടെ ആദ്യഭാഗങ്ങൾ അവൾക്ക് കൃഷ്ണനോടുള്ള തിരിച്ചറിയാത്ത പ്രണയത്തെക്കുറിച്ചാണ് പറയുന്നത്. കൃഷ്ണന്റെ അമ്പാടിയിൽ ഒരു മൂലയിൽ, ഒരു മൺകുടിലിൽ തനിച്ചിരിക്കുന്ന അവളെ, അവളുടെ സ്നേഹത്തെ കൃഷ്ണനറിയില്ല. ഗോപസ്ത്രീകൾ മുഴുവൻ അമ്പാടിയിൽ ജീവിച്ചിരുന്നത് ശ്രീകൃഷ്ണൻ എന്ന ഒറ്റ ഒരു വ്യക്തിയെ ചുറ്റിപ്പറ്റിയായിരുന്നു. അവരുടെ സ്നേഹവും സ്നേഹപ്രകടനങ്ങളും ശ്രീകൃഷ്ണൻ ആസ്വദിക്കുകയും ചെയ്തിരുന്നു. ആ പരിദേവനങ്ങളാണ് അവളുടെ വാക്കുകൾ ആയി ഈ കവിതയിലൂടെ ഇതളിടുന്നത്.

കൃഷ്ണനെ കാണുക എന്ന ഒറ്റ ലക്ഷ്യവുമായി, മിഴികളിൽ അനുരാഗത്തിന്റെ മഷിയെഴുതി ജലമെടുക്കാനെന്നപോലെ മറ്റ് ഗോപികമാർ പോപ്പോൾ അവൾ ഒരിക്കലും അത് ചെയ്തില്ല. കൃഷ്ണന്റെ മുന്നിൽ തന്റെ യഥാർത്ഥ സ്നേഹം പ്രകടിപ്പിക്കാൻ അവൾ ഒരിക്കലും മുതിർന്നില്ല.

വനമദ്ധ്യത്തിൽ നിന്ന് കൃഷ്ണൻ ഓടക്കുഴൽ വിളിക്കുമ്പോൾ എല്ലാം മറന്ന് ഒരിക്കലും അവൾ ഓടിപ്പോയില്ല. മറ്റ് ഗോപസ്ത്രീകൾ കൃഷ്ണന്റെ അരികിലേക്ക് ഓടിയകലുമ്പോൾ അവരുടെ ചിലമ്പുകളുടെ ശബ്ദം മായുമ്പോൾ അവൾ കണ്ണുകൾ താഴ്ത്തി തിരിച്ചുവന്നു. അവൾ തിരിച്ചറിയുകയായിരുന്നു, താനൊരിക്കലും കൃഷ്ണന്റെയടുക്കൽ എത്തില്ല എന്ന്. അവൾ അവളുടെ കൊച്ചു മൺകുടിലിൽ ഒരു നൂറായിരം കാര്യങ്ങളിൽ അവളുടെ ജന്മത്തെ തളച്ചിട്ടു. കൃഷ്ണനോടുള്ള പ്രണയത്തിന്റെ മാധുര്യത്തെ മാത്രം ഓർത്തും ദുഃഖത്തെ മറക്കാൻ ശ്രമിച്ചു. അപ്പോഴും കൃഷ്ണനവളെ അറിഞ്ഞില്ല.

പൂർണ്ണചന്ദ്രനെപ്പോലെ ശോഭിച്ചുനിൽക്കുന്ന ശ്രീകൃഷ്ണന്റെ കുഴൽവിളിക്കനുസരിച്ച് പൊട്ടിച്ചിരിക്കുന്ന കാൽത്തളകളുമായി അവൾ ഒരിക്കലും നൃത്തം ചെയ്തില്ല. കൊതിയോടെ ഒരിക്കലും കൃഷ്ണന്റെ മുഖം നോക്കി

ന്നില്ല. അവളുടെ മനസ്സിലായിരുന്നു കൃഷ്ണന്റെ മുഖം. അവളുടെ ജീവൻ തന്നെ കൃഷ്ണനായിരുന്നു. പക്ഷെ, കൃഷ്ണൻ അതറിഞ്ഞില്ല.

പ്രണയം അങ്ങനെയാണ്. തിരിച്ചറിയപ്പെടാത്ത പ്രണയം ഏറ്റവും മനോഹരവും. കൃഷ്ണനോടുള്ള ഈ ഗോപികയുടെ പ്രണയം അതിസുന്ദരമാവുന്നതും അതുകൊണ്ടാണ്. ഒന്നിൽ നിന്നും തുടങ്ങാതെ ഒന്നിലും എത്താതെ ഒഴുകുന്ന നിശബ്ദപ്രണയമാണ് ഈ ഗോപികയുടേത്.

ഒരിക്കലും പ്രണയദുഃഖങ്ങൾ സന്ദേശങ്ങളായി എത്തിക്കാൻ ഈ ഗോപിക ശ്രമിച്ചിട്ടില്ല. അവളുടെ പ്രണയം സത്യമാണെന്ന് അവൾക്ക് ഉത്തമ ബോധ്യമുള്ളിടത്തോളം കാലം അത് കൃഷ്ണനെ അറിയിക്കാൻ ഒരു സന്ദേശവും വേണ്ട എന്ന് അവൾ വിശ്വസിച്ചിരിക്കാം.

ഭാഷയുടെ മനോഹാരിത മുഴുവൻ പ്രത്യക്ഷമാക്കുന്ന ധാരാളം വരികൾ ഈ സന്ദർഭങ്ങളിലൊക്കെ കവയിത്രി ഉപയോഗിച്ചിട്ടുണ്ട്. ഗോപികയ്ക്ക് കൃഷ്ണനോടുള്ള നിശബ്ദപ്രണയത്തെ വെളിവാക്കുമ്പോൾ തന്നെ അമ്പാടിയുടെ സൗന്ദര്യം, പ്രകൃതിയുടെ സൗന്ദര്യം ഇവയൊക്കെ ഓരോ വരിയിലും ആവാഹിക്കാൻ കവയിത്രിക്ക് കഴിഞ്ഞിട്ടുണ്ട്.

കൃഷ്ണന്റെ ഓടക്കുഴൽവിളി അവൾക്കുള്ളിൽ യഥാർത്ഥത്തിൽ നിറയ്ക്കുന്നത് വസന്തത്തിന്റെ ഭംഗിയാണ്. ഒരായിരം കാട്ടുപൂക്കളുടെ ധവളിമയിൽ, നിറനിലാവിൽ കൃഷ്ണന്റെ വിരിമാറിൽ ഒരിക്കലും അവൾ തലചായ്ച്ചു നിന്നില്ലെങ്കിലും അവളുടെ മനസ്സിൽ രത്നശോഭയോടെ കൃഷ്ണനോടുള്ള പ്രണയവും കൃഷ്ണന്റെ രൂപവും തെളിയുകയാണ്. അതവൾക്കുള്ളിൽ ചലനങ്ങൾ സൃഷ്ടിച്ചെങ്കിലും അവൾ കൃഷ്ണന്റെ അടുക്കലേക്കോടിയില്ല. അവൾ ഓടക്കുഴൽവിളിയുടെ ആ ലഹരിയിൽ, തന്റെ മൺകുടിൽ അടച്ച് തഴുതിട്ട് സന്തോഷപൂർവ്വം കരഞ്ഞു. മനസ്സിലെങ്കിലും, ഭാവനയിലെങ്കിലും കൃഷ്ണരൂപം ഇത്രയും തെളിമയാർന്ന് സ്വന്തമായ് കിട്ടുന്നുണ്ടല്ലോ എന്നവൾ ചിന്തിച്ചിരിക്കാം. ആരാരുമറിയാതെ കൃഷ്ണന്റെ രൂപം അവൾക്കുള്ളിൽ അവൾ പ്രതിഷ്ഠിക്കുകയായിരുന്നു. അവളുടെ ആത്മാവും അവളുടെ മനസ്സും കൃഷ്ണന് അർപ്പിക്കുകയായിരുന്നു. എന്നിട്ടും കൃഷ്ണൻ അവളെ അറിഞ്ഞില്ല.

ഈ ഗോപികയോട് വായനക്കാർക്ക് ഇപ്പോൾ തോന്നുന്ന വികാരമെന്തായിരിക്കാം ? സഹതാപമോ സ്നേഹമോ ആണോ? ഇവ രണ്ടും ഉണ്ടാവും. പക്ഷെ, ഇതിലൊക്കെ ഉപരിയായി നമുക്കവളോട് ബഹുമാനം തോന്നും. ഇത്ര തീവ്രമായി തിരിച്ചുകിട്ടും എന്നുറപ്പില്ലാത്ത ഒരു സ്നേഹത്തിനായി മനസ്സിൽ പ്രതീക്ഷയുടെ നാളവുമായി കാത്തിരിക്കുന്ന ഒരു ഗോപിക. ആ ചിത്രം പൂർണ്ണമായി ഓരോ ആസ്വാദകന്റെയും മനസ്സിൽ വരയ്ക്കുന്നതിൽ കവയിത്രി വിജയിച്ചിരിക്കുന്നു.

കൈപ്പാടകലെ കൃഷ്ണനുണ്ടായിട്ടും ഒരിക്കലും അവൾ കൃഷ്ണനെ തേടിച്ചെന്നില്ല. മനസ്സിൽ കൃഷ്ണനോടുള്ള ഭക്തി, പ്രണയം, ആരാധന ഇവയൊക്കെ ഒരുക്കി അവൾ കാത്തിരുന്നു. കൃഷ്ണന്റെ ഗോകുലത്തിലെ സാന്നിദ്ധ്യം മതിയായിരുന്നു അവൾക്കാശ്വസിക്കാൻ. അപ്പോളവളറിയുന്നു കൃഷ്ണൻ മധുരയ്ക്ക് പോവുകയാണെന്ന്.

കൃഷ്ണന്റെ യാത്രയെ കുറിച്ച് അറിഞ്ഞപ്പോൾ അവൾക്ക് തോന്നിയത് നിസ്സംഗതയായിരുന്നോ എന്ന് വായനക്കാർക്ക് തോന്നും.

“ഒന്നുമേതോന്നാതനങ്ങാതെ ഞാനെന്റെ
ഉമ്മറത്തിണ്ണയിലിരിക്കെ”

എന്നാണ് കവയിത്രിയുടെ വരികൾ. കൃഷ്ണന്റെ സാന്നിദ്ധ്യം അവളിലുണ്ടാക്കാവുന്ന പ്രതികരണം എത്ര തീവ്രമായിരിക്കും എന്നത് അവളിലെ നിസ്സംഗ ഭാവത്തിലൂടെ കവയിത്രി പറയുകയാണ്.

നിസ്സംഗയായി ദുഃഖം ഒതുക്കിയിരിക്കുമ്പോൾ അവൾ കൃഷ്ണന്റെ ഘോഷയാത്ര കാണുന്നു. അക്രൂരൻ കൊണ്ടുവന്ന തേരിൽ നിറതിങ്കൾ പോലെ വിളങ്ങിനിന്ന് കൊണ്ട് കൃഷ്ണൻ യാത്രയാവുകയാണ്. ഗോപികമാരും പൈക്കളും ഗോകുലം തന്നെയും കരയുകയാണ്. കൃഷ്ണന്റെയും മിഴികൾ കലങ്ങിച്ചുവന്നിരുന്നു. ഗോക്കളെയും ഗോകുലത്തെയും തിരിഞ്ഞുനോക്കിക്കൊണ്ട് കൃഷ്ണൻ യാത്രയാവുകയാണ്. ആ സമയത്ത് ഒരു ശിലപോലെയായി ഗോപിക. ദുഃഖം

കടിച്ചമർത്തി മിണ്ടാതെ, കരയാതെ, ശിലപോലെ അവൾ ഇരുന്നു. അവൾ എന്നും അങ്ങനെയായിരുന്നല്ലോ. ഒന്നും ആരെയും അറിയിക്കാതെ........

അപ്പോൾ ഒട്ടും പ്രതീക്ഷിക്കാതെയാണ് അത് സംഭവിച്ചത്. ഒരിക്കലും കാണാതിരുന്നിട്ടും ഒരിക്കലും അവളുടെ പ്രണയം അറിയാതിരുന്നിട്ടും കൃഷ്ണന്റെ രഥം അവളുടെ കുടിലിനു മുമ്പിൽ മാത്രം നിന്നു. കണ്ണീർ നിറഞ്ഞ കൃഷ്ണന്റെ മിഴികൾ അവളിലേക്ക് മാത്രം നോക്കി. കരുണയും പ്രണയവും വഴിഞ്ഞൊഴുകുന്ന ഒരു മധുര മന്ദഹാസവും അവൾക്ക് നൽകി. അവൾ അവിടെ കൃതാർത്ഥയാവുകയാണ്. അവൾ ചോദിച്ചുപോവുകയാണ്, "കൃഷ്ണാ, നീയറിയുമോ എന്നെ!!"

ഒരു ജീവിതം മുഴുവനും കൃഷ്ണനെ മാത്രം ഓർത്ത് ജീവിക്കാൻ അവൾക്ക് ആ നോട്ടവും മന്ദഹാസവും മതിയാവുന്നു. ആ ഒരു ചിരിയും ഒരു നോട്ടവും അപ്പോഴവളിലുളവാക്കിയത് ഒരു മഴവില്ലിന്റെ മോഹനച്ഛായ ആയിരുന്നു. സന്ദേശങ്ങളില്ലാതെ, പ്രകടനങ്ങളില്ലാതെ, അവളുടെ പ്രണയം, ഭക്തി, ഒക്കെ കൃഷ്ണൻ തിരിച്ചറിഞ്ഞു എന്ന് വായനക്കാരന് തോന്നുമ്പോൾ കവിത പൂർത്തിയാവുന്നു.

ഇത്ര മനോഹരമായി പ്രണയത്തെയും ഭക്തിയെയും ഉപാധികളും നിയമങ്ങളും ഇല്ലാത്ത സ്നേഹത്തെയും ചിത്രീകരിക്കാൻ ഏതു കവയിത്രിക്കാണ് കഴിയുക. ആ അനാദൃശ്യമായ കഴിവുകൾ തന്നെയാണ് കൃഷ്ണ, നീയെന്നറിയില്ല എന്ന കവിതയുടെ ഏറ്റവും പ്രധാനമായ പ്രത്യേകതയും. കൃഷ്ണന്റെ പ്രണയിനിക്കായി എന്നും അറിയപ്പെടുന്നത് രാധയാണ്. രാധാകൃഷ്ണ പ്രണയം പാടാത്ത കവികളില്ല. രാധ എന്ന പേര് കവയിത്രി ഈ കവിതയിൽ എവിടെയും ഉപയോഗിച്ചിട്ടില്ല. അല്ലെങ്കിൽ ഈ കവിതയിലെ ഗോപികയ്ക്ക് ഒരു പേരിന്റെ ആവശ്യമില്ല. അവൾ ഒരു ഗോപസ്ത്രീ മാത്രമല്ല. പ്രണയവും ആർദ്രതയും ഭക്തിയും സ്നേഹവും ഉള്ളിലൊളിപ്പിക്കുന്ന ഓരോ പെൺകുട്ടിക്കും അവളുടെ മുഖം ചാർത്തിക്കൊടുക്കാം. അതുതന്നെയാണ് ഈ കവിതയ്ക്ക് ഇന്നത്തെ സാമൂഹ്യ ജീവിതത്തിലുള്ള പ്രസക്തിയും. ■


ആശംസകളോടെ

**കീഴല്ലൂർ സർവ്വീസ് സഹകരണ ബേങ്ക് ലി:**

**നമ്പർ.സി. 1455**

**H.O.** എളമ്പാറ,
ഫോൺ: 471346

**Br: കീഴല്ലൂർ**
ഫോൺ: 308628

**Br: എടയന്നൂർ**
ഫോൺ: 485410

ലക്ഷ്യബോധമുള്ളവർക്കായി
അഭിവൃദ്ധിയുടെ മാർഗ്ഗം തെളിയിക്കുന്ന
ഒരു വിശ്വസ്ത സ്ഥാപനം

*കൺവീനർ*
**എം.പി. അബ്ദുൾ അസീസ് മാസ്റ്റർ**

*സെക്രട്ടറി*
**വി. ആർ. ഭാസ്കരൻ**

**സേവനമാണ് ഞങ്ങളുടെ ലക്ഷ്യം**

കവിത




ധന്യ. പി
II. BSc. Comp.Science


# അർത്ഥമറിയാതെ...........

മനസ്സിൽ വിരിയുന്നൊരായിരം ഭാവങ്ങൾ,
വേദനയ്ക്കതിലാദ്യസ്ഥാനം
ദുഃഖങ്ങളെൻ സന്തത സഹചാരി
കാലത്തിന്നടിയൊഴുക്കിൽ,
കാരണങ്ങൾ മാറുന്നുമാത്രം:
നിന്ദതൻ കണ്ണുകൾ പതിയുന്ന നേരം,
അറിയാതെ വെമ്പുന്നു മാനസം........
കൊതിക്കുന്നു! സാന്ത്വനം..........
സ്നേഹമാം സുഹൃത്തിനെ അന്വേഷിച്ചെൻ യാത്ര,
അവസാനിക്കുന്നു നിരാശയിൽ
കണ്ടില്ലൊരിടത്തും സ്നേഹം.
സ്നേഹത്തിൻ നിർവചനമിതൊന്നുമല്ലെന്നെൻ,
ഹൃത്തടത്തിൻ ഭാഷ.
സ്നേഹം, കേവലമുപചാരം മാത്രം.
തൻകാര്യസിദ്ധിക്കായ് സ്നേഹിക്കും മർത്യൻ തൻ,
സ്നേഹത്തിനും വർഗീയത.
തൻവാശി ജയിക്കണമെന്നവന്റെ മോഹം,
മാറ്റുന്നു ലോക നിയമങ്ങളെല്ലാം.
സ്വാർത്ഥതയ്ക്കായവൻ തകർക്കുന്നു സുന്ദരമാം ഭൂമിയെ
കാർമേഘമില്ലാത്ത കർക്കിടരാവുകൾ.......
മഞ്ഞുപെയ്യാത്ത മകരമാസങ്ങൾ..........
ജീവിതമെന്നതിന്നർത്ഥമെന്തെന്ന ചിന്തയ്ക്കൊരുത്തരമായില്ല
ഇനിയൊരു ജന്മമുണ്ടാവില്ലെന്നാശ്വാസത്തിൽ,
ജീവിക്കുന്നു ഞാൻ,
ചിറകറ്റ പ്രതീക്ഷയാൽ
അർത്ഥമില്ലാതെ.............
അർത്ഥമറിയാതെ...........

*With Best Compliments from:-*

Phone : 296161 (H.O.)
290116 (Br.)

# The Nuchiyad Service Co-Operative Bank Limited

No. C. 220

**P.O. MANIKKADAVU**

*President*
**John Pathaparambil**

*Secretary*
**P.M. Mathew**

# എൻ. എസ്. എസ്. കേമ്പ്




നാഷണൽ സർവ്വീസ് സ്കീമിന്റെ ഒരു പ്രവർത്തന യൂനിറ്റ് കോളേജിൽ പ്രവർത്തിക്കുന്നു. യൂനിറ്റ് കോ-ഓർഡിനേറ്റർ ശ്രീ. എം. ജെ. മാത്യൂ, N.S.Sയൂനിറ്റ് ലീഡേർസ് കമലേഷ് കെ. രാബിരാജ് എന്നിവരുടെ നേതൃത്വത്തിൽ നല്ല രീതിയിൽ പ്രവർത്തനം കാഴ്ചവെക്കാൻ N.S.S. യൂനിറ്റിന് കഴിഞ്ഞു. ഇപ്പോൾ 200-ൽ അധികം കുട്ടികൾ ഇതിൽ അംഗങ്ങളായിട്ടുണ്ട്. കുട്ടികളിൽ സാമൂഹ്യസേവനവും അർപ്പണമനോഭാവവും രാജ്യസ്നേഹവും വളർത്തുന്നതിന് N.S.S. ന്റെ പ്രവർത്തനം വളരെ അധികം സഹായകമാകുന്നുണ്ട്. ക്രിസ്തുമസ് വെക്കേഷനോടനുബന്ധിച്ച് N.S.S. യൂനിറ്റ് ഈ കോളേജിൽ വെച്ച് ഒരു ദശദിന ക്യാമ്പ് സംഘടിപ്പിച്ചു.

മഹാത്മാഗാന്ധി കോളേജിന്റെ മൂന്നാമത്തെ N.S.S. ക്യാമ്പ് ഡിസംബർ 23 ന് കീഴൂർ ചാവശ്ശേരി പഞ്ചായത്ത് പ്രസിഡണ്ട് Mrs. M.R. Nalini ഉദ്ഘാടനം ചെയ്തു. കോളേജിന് മുന്നിലൂടെ കടന്നുപോകുന്ന റോഡിന് വീതി കൂട്ടുകയായിരുന്നു ക്യാമ്പിന്റെ മുഖ്യലക്ഷ്യം. നാട്ടുകാരുടെ പൂർണ്ണ സഹകരണത്തോടുകൂടി നടത്തിയ റോഡുപണി പൂർണ്ണ വിജയമായിരുന്നു. ബിജുസാർ ആണ് ക്യാമ്പിന്റെ ചുമതല വഹിച്ചത്. സോബിൻ തോമസ്, കമലേഷ്. കെ., രാബിരാജ് എന്നിവരുടെ നേതൃത്വത്തിൽ 50 ഓളം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. 8.30 മുതൽ 11.30 വരെയായിരുന്നു റോഡുപണി ക്രമീകരിച്ചിരുന്നത്. അത്യുത്സാഹത്തോടു കൂടി നാട്ടുകാരും കോളേജിലെ ചില അദ്ധ്യാപകരും റോഡുപണിയിൽ പങ്കെടുത്ത ക്യാമ്പംഗങ്ങൾക്ക് ആവേശം പകർന്നു. കുടിവെള്ളവും ചായയും മറ്റും തന്ന് വിദ്യാർത്ഥികളെ സൽക്കരിക്കാനും നാട്ടുകാർ ഉത്സാഹം കാട്ടി.

സേവന പ്രവർത്തനങ്ങൾക്കൊപ്പം തന്നെ ക്യാമ്പംഗങ്ങൾക്ക് ഏറെ ഗുണപ്രദമായ ഒട്ടേറെ സെമിനാറുകളും ഉണ്ടായിരുന്നു. സെമിനാറുകൾ നയിച്ചിരുന്നത് കലാസാംസ്കാ





രിക രംഗത്തെ പ്രമുഖരായ പരിശീലകരായിരുന്നു. ക്യാമ്പംഗങ്ങൾ ഭക്ഷണം സ്വയം പാചകം ചെയ്തു. ക്യാമ്പംഗങ്ങളെ ഗ്രൂപ്പുകളായി വിഭജിച്ചിരുന്നു. അടുക്കള ജോലികൾ ഓരോ ഗ്രൂപ്പുകൾ മാറി മാറി നിർവ്വഹിച്ചിരുന്നു. പാചക കലയിൽ അല്പം പ്രാവീണ്യം നേടുന്നതിനും സ്വയം പാചകം ചെയ്യുന്നതിലെ സംതൃപ്തി അറിയുന്നതിനും ക്യാമ്പംഗങ്ങൾക്ക് സാധിച്ചു. വൈകുന്നേരങ്ങളിൽ ക്യാമ്പ് ഫയറുകൾ നടത്തിയിരുന്നു. അതിനോട് അനുബന്ധിച്ച് ക്യാമ്പ് അംഗങ്ങൾക്ക് കൾച്ചറൽ പ്രോഗ്രാംസ് അവതരിപ്പിക്കുന്നതിനുള്ള അവസ



രവും ഉണ്ടായിരുന്നു. സദസ്സിനെ അഭിമുഖീകരിക്കാൻ മടിയുള്ള പലർക്കും ക്യാമ്പിൽ നിന്നും സഭാകമ്പം നിയന്ത്രിക്കുന്നതിന് ഇത്തരത്തിലുള്ള പ്രോഗ്രാമുകൾ സഹായിച്ചു. ഒരു ദിവസം ക്യാമ്പിൽ മോക് പാർലിമെന്റ് നടത്തി. കുട്ടികളെ ഭരണപക്ഷം, പ്രതിപക്ഷം എന്നിങ്ങനെ രണ്ട് ഗ്രൂപ്പായി തിരിച്ചിട്ടാണ് ഈ പ്രോഗ്രാം നടത്തിയത്. ഭാവിയിലെ ഭരണകർത്താക്കൾക്ക് തങ്ങളുടെ അഭിരുചി പരീക്ഷിക്കാനുള്ള ഒരു വേദിയായിരുന്നു മോക് പാർലിമെന്റ്.




പത്തു ദിവസത്തെ സേവനോജ്ജ്വലമായ ക്യാമ്പിന് വിരാമമിട്ടത് ഏറെ ശ്രദ്ധേയമായ രീതിയിലായിരുന്നു. കേക്ക് മുറിച്ച് പുതുവർഷത്തെ വരവേറ്റുകൊണ്ടാണ് ദശദിനക്യാമ്പ് സമാപിച്ചത്. വിവിധതരക്കാരായ, മതക്കാരായ, ക്യാമ്പംഗങ്ങൾ ഒരു കുടുംബത്തെപ്പോലെയാണ് ക്യാമ്പിൽ കഴിഞ്ഞത്. സമാപനദിവസം എല്ലാവരുടെയും മുഖത്ത് ഒരു മ്ലാനത പടർന്നുപിടിച്ചിരുന്നു. ക്യാമ്പിലെ സന്തോഷകരമായ ദിനങ്ങളെ സ്മരിച്ചുകൊണ്ട് അടുത്ത ദശദിനക്യാമ്പിനായി നമുക്ക് കാതോർക്കാം.

*****

കവിത

# പക്ഷികളുടെ മാനിഫെസ്റ്റോ



മുഹമ്മദ് റജൽ. എം. ആർ.
I B Com.



വിദൂരതയിലേക്ക് പറക്കുന്ന
ദേശാടന പക്ഷികളെപ്പോലെ
എവിടെയും കൂടുവെക്കാത്ത
ചില സ്വപ്നങ്ങളുണ്ട്.
അഭയത്തിന്റെ ശിഖരങ്ങളിലേക്ക്
ചിറകൊതുക്കുന്ന കിനാവുകൾ
വിതയ്ക്കാത്തവർ, കൊയ്യാത്തവർ
കളപ്പുരകളിൽ
ശേഖരിക്കാത്തവർ,
ഒരു വിത്തും മുളയ്ക്കാത്ത
വേനൽ മാത്രമേ നമുക്കുള്ളൂ.
ഗ്രീഷ്മത്തിന്റെ കൊടിക്കൂറകൾ
വറുതിയുടെ ഗീതമേറ്റുപാടുന്നു.
കൂടു കൂട്ടുന്ന ചില്ലകൾ കരിഞ്ഞു
പൂക്കൾ വിസ്മൃതിയായി
ഇനി ഓർമ്മകൾ പോലുമില്ലാത്ത
വേനൽക്കാലത്തിന്റെ മഹാവിസ്മൃതി-
അശരണതയുടെ പാളത്തിൽ
തലവച്ചുറങ്ങുന്ന വേനൽ-
വന്നു വിളിക്കുകയാണ് ഭൂമി
മഴക്കാലം നമുക്കുള്ളതല്ല
പ്രണയത്തിന്റെ ഗസലുകൾ
കാറ്റെടുത്തുപോകുന്നു.
വസന്തത്തിന്റെ നിറങ്ങളെല്ലാം
മങ്ങിമായുന്നു.
മരണം
വിളംബരം ചെയ്യുന്നു
ഡിറ്റന്റ്സ് പക്ഷികളെപ്പോലെ
വറുതിയുടെ പ്രവാചകരാകാം
വരൂ..................
വിളിക്കുകയാണ് ഭൂമി.

# ANNUAL REPORT OF THE YEAR 2001-2002

Distinguished guest Prof: A. D. Musthafa, M. L. A, Respected members of College Governing Body, Chairman of the College Union, other distinguished guests, dear collegues, parents and my dear students,

I take great pleasure in according a warm and cordial welcome to every one of you and offer my thanks for your gracious presence to the august gathering on the occasion of the College day.

Every college day celebration is an occasion for stock taking, review, analysis and the formulation of new policies to be adopted for the coming year. We believe that real academic pursuits cannot be done without a sense of discipline and commitment. During the academic year 2001-2002, the campus life was peaceful and calm.

I am happy to state that the construction of a new block is bearing completion.

***UNIVERSITY EXAMINATION RESULTS.***

I am glad to report that Nisha A. P. secured First Rank in B.Com examination in 2001 conducted by the Kannur University thereby bringing laurels to our college. Also the results of commerce students in the last batch marked 89.6% pass which is the highest in the colleges affiliated to Kannur University.

In June 2001, the fourth batch of B.Sc. Physics students came out with flying colours securing cent percent success and scoring 14 first classes, 4 second classes and 2 third classes.

Department of Mathematics came out with 95% pass. Out of 20 students 17 secured first class. The first batch of final year B.Sc. Computer Science is being presented this year.

My congratulations to staff and students for bringing credit and honour to the college.

***APPOINTMENTS:***

Four additional teachers have joined the Mahatma Gandhi fraternity during the present academic year.

They are :

| | | |
|---|---|---|
| Mr. Shijo M. Joseph | : | Dept. of Comp.Science |
| Mr. Jithesh . K. | : | Dept of Comp.Science |
| Mr. C. V. Shaji | : | Dept. of Commerce |
| Mr. Bijumon. R. | : | Dept.of Mathematics |

Mr. O.K. Udayakumar, Lecturer in Commerce was relieved of his duty as he was appointed Lecturer in Commerce at Government College, Elerithattu.

***BEREAVEMENT***

With deep sorrow, I place on record the untimely demise of Mr. P. K. Muraleedharan, Lecturer in Mathematics, M.G. College on 3rd May 2001.

I pray the Almighty God, to grant him eternal bliss.

***Seminars and Conferences:***

Dr. K. V. Devadhasan and Mrs. Sandhya C. V. attended national seminar on Opto-electronics held on 25th and 26th May 2001 at Department of Opto-electronics, University of Kerala.

Mr. Aneesh Kumar . K. Lecturer in Statistics, participated in national seminar on recent trends in Statistics held from 23rd to 25th January 2002 at Nehru Arts and Science College , Kanhangad.

***Refresher Courses***

Dr. Devadhasan K. V. at Academic Staff College, Thiruvananthapuram

Mrs. Sandhya C.V. at Academic Staff College, Thiruvananthapuram

Mr. Harikrishnan. G. at Academic Staff College, University of Calicut.

Mrs. Meera M. at Academic Staff College, University of Calicut.

***Parent Teacher Association***

The College P.T.A is taking a very active role in the academic activities and General Development of the College. The following persons are the office bearers of the P. T. A for the year 2001-2002.

President : Principal
Vice President : Sri. V. K. Krishnan Master
Secretary : Sri Mathew. M. J.
Joint Secretary : Sri. Rajan. P.

***College Union***

Election to the College Union was conducted in a very peaceful atmosphere.

Mr. Mathew. M. J. is the Staff Advisor to the Union and Mr. Aneesh Kumar. K. is the Staff Editor of the College Magazine.

In a solemn ceremony the college union was inaugurated by Prof: N. P. Balakrishnan, Rtd. Principal, DIET, Palayad. The Fine Arts Association was inaugurated by Prof: A. Sreedharan, Co-Ordinator, Nehru Yuva Kendra, Kannur.

***Physical Education:***

We won creditable achievements in sports during the academic year. Our chess team became runner up in the Kannur University chess championship held at Nirmalagiri College, Mr. Aneesh. P. V. and Mr. Siraj Kuttiprom were selected to the Kannur University chess team. Ragith. A., bagged I[st] place in University Power Lifting competition held at S. N. College, Kannur. He is also selected to Kannur University Power Lifting team. 12 boys and 8 girls participated in the University Judo championship held at S. N. College, Kannur and bagged the Runner Up trophies in men and women sections in their maiden appearance in the championship Mr. Shibu Joseph, Miss. Sarija. P. P., Miss. Bagyalakshmi. R. were selected to the Kannur University Judo team.

College Annual athletic meet was held on 29-01-02 Prof: P. V. Jayaprakash, Head of the Dept. of Physical Education, SES College, Sreekandapuram inaugurated the meet. Competitions were held on house basis. Mr. Abin. K. Thomas, Miss. Nisha James and Miss. Roshni. P. K., have become College Champion in Men and Women Sections respectively.

***Tourism Club:***

A tourism club is functioning at our college to promote the awareness of tourism among students.

***Debating Club:***

A debating club is working at our college with a view to improving the communicative skills of students. The debating club conducted debates on topics of current interest during the academic year.

***Arts Forum:***

College Arts Day was celebrated with off-stage items on 8th and 9th November and stage items on 12th and 13th December. Prof: Muhammed Ahammed, Vice Chairman, Folklore Academy inaugurated the function. Competition were conducted on 'House' basis (and after 2 days keen competition). Blue House came out first, Red House the second and Green House the third. Miss. Sajina. P. K. was declared as 'Sahithyaprathibha', Miss. Radhika. K.T. P., as 'Kalathilakam' and Miss. Susmin James as 'Kalaprathibha'. Our college had active participation in the University Arts Festival and Mathrubhumi Kalolsavam. Miss. Sajina P. K. won III place in versification (Hindi) competition. Variety entertainments performed by our students were broadcasted by the AIR, Kannur in their Yuvavani Programme.

***The Book Club:***

A Book Club was constituted in order to encourage and boost the creative energy of the students, a discussion of their works and the critical appreciation from the teachers.

The famous writer and the students Service Director of Kannur University Mr. V. S. Anil Kumar inaugurated the Book Club on 07 - 12 - 2001.

Discussions were held on the short story 'Kadaltheerathu' by Sri. O. V. Vijayan and 'Afghan-American war and its Impact on the World'.

A poetry work shop was conducted on 08 - 12 - 01. The famous writer Prabhakaran Pazhassi Inaugurated the work shop.

***N.S.S***

The College N. S. S. Unit has a total of 160 students as volunteers. Four students participated in the training camp for NSS volunteers at

St. Pius X College, Rajapuram. Our NSS Unit in association with Social Forestry Department planted nearly 1500 saplings in the campus.

A10 days special camp for 50 students was conducted and as part of the camp activity, Keezhurkunnu-Anappara $2^1/_2$K.M. road was constructed. Sri. Bijumon. P was the Director of the camp. Apart from other regular activities , 3 seminars were organized, Dr. Induchoodan,DFO, Trivandrum, conducted class on Eco. conservation, Dr. Sivaramakrishnan took a class on 'Weils disease' and Dr. John on 'Eradication of Rabies'

***Nature Club:***

College Nature Club organized different programmes this year. The members of the club planted saplings and nutured and beautified the existing garden in the campus.

***Campus News:***

M. Sc. (Maths) was sanctioned to the college during the academic year. The formal inauguration of M.Sc. course was done by Dr. P. V. Koshi, Pro-Vice Chancellor, Kannur University on

Post Graduate Diploma in computer Application (PGDCA) was sanctioned by the University to the function on cost sharing basis.

***Conclusion:***

I offer my since thanks, deep respect and gratitude to the Management for rendering whole-hearted co-operation in supervising the academic and administrative activities of the college.

I convey my thanks to everyone. Whatever achievements we made during the year are the result of the sincere and dedicated efforts of the managements, teaching Staff, Non-Teaching Staff, students and parents. All of us have to rededicate ourselves to reach great heights during the next academic year.

Before I conclude my report I would like to place on record my sincere thanks to all the members of S taff, P.T.A and students of this College.

I thank my students and wish them 'Good Luck' in the coming University examinations and also in their life.

I am also thankful to the Chief Guest of the Day for accepting our invitation.

Prof: M. A. H. Khan,
PRINCIPAL


STATEMENT ABOUT OWNERSHIP AND OTHER PARTICULARS OF MAHATMA GANDHI COLLEGE MAGAZINE FORM IV (SEE RULE 8)

| | | | |
|---|---|---|---|
| 1. | Place of publication | : | Mahatma Gandhi College, Iritty |
| 2. | Periodicity of publication | : | annual |
| 3. | Printer's Name | : | Prof: M.A.H.Khan, Principal<br>Mahatma Gandhi College, Iritty |
| 4. | Publisher's Name | : | Prof: M.A.H.Khan |
| | Nationality | : | Indian |
| | Address | : | Prof: M.A.H.Khan, Principal<br>Mahatma Gandhi College, Iritty |
| 5. | Editor's Name | : | Prof: M.A.H.Khan |
| | Nationality | : | Indian |
| 6. | Name and Address of the individuals who own the magazine | : | Mahatma Gandhi College, Iritty |

I, Prof: M.A.H.Khan declare that the particulars given above are true to the best of my knowledge and belief.

Iritty.

Sd/
Prof: M.A.H.Khan, Principal
Mahatma Gandhi College, Iritty

# ഇരിട്ടി എഡ്യുക്കേഷണൽ സൊസൈറ്റി

ഉന്നതവിദ്യാഭ്യാസകാര്യത്തിൽ പിന്നോക്കം നിൽക്കുന്ന മലയോരമേഖലയുടെ സിരാകേന്ദ്രമായ ഇരിട്ടിയിൽ ഒരു കോളേജും മറ്റു വിദ്യാഭ്യാസ സാംസ്കാരിക സ്ഥാപനങ്ങളും സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടെ 1985-ൽ രൂപീകൃതമായതാണ് ഇരിട്ടി എഡ്യുക്കേഷണൽ സൊസൈറ്റി.

സൊസൈറ്റിയുടെ ആദ്യകാല ഭരണ സാരഥികൾ താഴെ പറയുന്നവരായിരുന്നു.

1. ശ്രീ. കെ. മധുസൂദനൻ വാഴുന്നവർ *പ്രസിഡണ്ട്*
2. ശ്രീ. എം. ജെ. ജോസഫ് *വൈ.പ്രസിഡണ്ട്*
3. ശ്രീ. എം. ഹംസ *വൈ. പ്രസിഡണ്ട്*
4. ശ്രീ. ശംഭു എമ്പ്രാന്തിരി *ജനറൽ സെക്രട്ടറി*
5. ശ്രീ. പി. വി. നാരായണൻ *സെക്രട്ടറി*
6. ശ്രീ. കുഞ്ഞിമൂസ. കെ. *സെക്രട്ടറി*
7. ശ്രീ. ബാലക്കണ്ടി രാമുണ്ണി *ഖജാൻജി*
8. ഡോ: ഭാർഗ്ഗവൻ കെ. പി. *ഡയറക്ടർ*

സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന വ്യക്തികളാണ് ഇരിട്ടി എഡ്യുക്കേഷണൽ ,സൊസൈററിയുടെ ഇപ്പോഴത്തെ ഭരണസാരഥികൾ.

1. ശ്രീ. കെ.പി. നൂറുദ്ദീൻ (മുൻമന്ത്രി) പ്രസിഡണ്ട്
2. ശ്രീ. പി. വി. നാരായണൻ വൈ. പ്രസിഡണ്ട്
3. ശ്രീ. സി. എസ്.സെബാസ്റ്റ്യൻ വൈ. പ്രസിഡണ്ട്
4. ശ്രീ. കാദർ കെ. മണ്ണോറ ജ: സെക്രട്ടറി
5. ശ്രീ. എം. ജെ. ജോൺ സെക്രട്ടറി
6. ശ്രീ. വി. ടി. ഗോവിന്ദൻമാസ്റ്റർ സെക്രട്ടറി
7. ശ്രീ. ശംഭു എമ്പ്രാന്തിരി ട്രഷറർ
8. പ്രൊഫ.എ.ഡി.മുസ്തഫMLA എക്സ്.ഒഫീഷ്യോ ഡയറക്ടർ
9. ശ്രീ. എൻ. കുഞ്ഞിമൂസ ഡയറക്ടർ
10. ശ്രീ. കെ. ഇ. ഇബ്രാഹിം ഡയറക്ടർ
11. ശ്രീ. കമ്മാരൻ നമ്പ്യാർ. വി. ഡയറക്ടർ
12. ശ്രീ. നരിക്കോടൻ രാഘവൻ ഡയറക്ടർ
13. അഡ്വ: കെ. എ. ഫിലിപ്പ് ഡയറക്ടർ
14. അഡ്വ: സാബു വർഗ്ഗീസ് ഡയറക്ടർ
15. ശ്രീ. ആർ. പി. പത്മനാഭൻ ഡയറക്ടർ
16. ശ്രീ. ബാലക്കണ്ടി രാമുണ്ണി ഡയറക്ടർ
17. ശ്രീ. ടി.കെ. പവിത്രൻ ഡയറക്ടർ
18. ശ്രീ. പി. കെ. കാദർ കുട്ടി ഡയറക്ടർ
9. ശ്രീ. ടോം മാത്യു ഡയറക്ടർ
20. ശ്രീ. ജോസ് നരിമറ്റം ഡയറക്ടർ

ഈ ഭരണസമിതി 94 ജൂൺ മാസം 12-ാം തിയ്യതി കെ. പി. നൂറുദ്ദീൻ എം. എൽ. എ. യുടെ നേതൃത്വത്തിൽ അധികാരം ഏറ്റു. ഈ സൊസൈറ്റിയുടെ ഉദ്ദേശത്തെ അക്ഷരാർത്ഥത്തിൽ സാക്ഷാത്കരിക്കുവാൻ ഭരണ സമിതിയുടെ സാരഥികൾ പ്രവർത്തിച്ചു. 1995 ജൂലൈമാസം ഇരിട്ടി എഡ്യുക്കേഷനൽ സൊസൈറ്റിയുടെ മാനേജ്മെന്റിന്റെ കീഴിൽ മഹാത്മാഗാന്ധി കോളേജ് ഇരിട്ടി എന്ന പേരിൽ ഒരു എയ്ഡഡ് കോളേജ് സ്ഥാപിച്ചു. താഴെ പറയുന്ന കോഴ്സുകളാണ് പ്രസ്തുത കോളേജിൽ ഇപ്പോൾ ഉള്ളത്.

1. എം. എസ്. സി. മാത്സ്
2. ബി. എസ്. സി. കമ്പ്യൂട്ടർ സയൻസ്
3. ബി. എസ്. സി. ഫിസിക്സ്
4. ബി. എസ്. സി. മാത്സ്
5. ബി. കോം

1. 1998 മാർച്ചിൽ നമ്മുടെ കോളേജിന്റെ അഭിമാനമായ ആദ്യത്തെ ബാച്ച് അവരുടെ ത്രിവത്സര കോഴ്സ് പൂർത്തിയാക്കി പുറത്തുപോയി. ആദ്യ ബി. കോം ബാച്ച് 100 ശതമാനം വിജയവും മറ്റുള്ളവ ഏതാണ്ട് 92 ശതമാനം വിജയവും കാഴ്ചവെച്ചു. ഇതിനുപുറമെ കണ്ണൂർ യൂനിവേഴ്സിറ്റി സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷന്റെ കീഴിൽ P.G.D.C.A എന്ന ഒരു കോഴ്സും ഹയർ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ കമ്പ്യൂട്ടർ സാങ്കേതിക വിദ്യകളെ അഭ്യസിപ്പിക്കുന്നതിന് അവരുടെ ഒരു സബ് സെന്ററും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.
2. ഈ സൊസൈറ്റിയുടെ കീഴിലുള്ളമറ്റൊരു സ്ഥാപനമാണ് ഇരിട്ടി എഡ്യുക്കേഷണൽ സൊസൈറ്റി ഐ. ടി. സി. ഇത് എൻ. സി. വി. ടി. അംഗീകാരത്തോടെ പ്രവർത്തിക്കുന്നു. ●

*Special Thanks*

National, Thalassery

Mudra Offset Printers, Kuthuparamba, Ph: 361488

# യൂണിയൻ റിപ്പോർട്ട്

സ്നേഹമുള്ളവരെ,

വർണ്ണോജ്ജ്വലമായ ഒരു അദ്ധ്യയന വർഷം കൂടി കടന്നു പോവുകയാണ്. ഈ ചെറിയ കാലയളവിൽ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ മികച്ച രീതിയിൽ പ്രവർത്തനം കാഴ്ചവെക്കാൻ യൂനിയന് സാധിച്ചിട്ടുണ്ട്.

മലയോര മേഖലയുടെ അഭിമാനമായി മാറിക്കൊണ്ടിരിക്കുന്ന മഹാത്മാഗാന്ധി കോളേജ് ഇരിട്ടിയിലാണ് സ്ഥിതിചെയ്യുന്നത്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ നാമധേയത്തിലാണ് ഈ കോളേജ് സ്ഥാപിതമായത്. നേട്ടത്തിന്റെ പടവുകൾ ഒന്നൊന്നായി മറികടന്ന് ഉയരങ്ങളിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ഈ കോളേജ് ഇരിട്ടി മേഖലയിലെ ഏതൊരു വ്യക്തിയുടെയും അഭിമാനമാണ്. 2001 - 2002 വർഷത്തിൽ കോളേജ് യൂനിയൻ നടത്തിയ പ്രവർത്തനങ്ങളുടെ ഒരു നഖചിത്രം താങ്കളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

***കോളേജ് യൂനിയൻ തെരഞ്ഞെടുപ്പ്***

2000 സെപ്തംബർ 20-ാം തിയ്യതി നടന്ന കോളേജ് യൂനിയൻ തെരഞ്ഞെടുപ്പ് സമാധാനപരമായി നടന്നു. താഴെ പറയുന്ന വിദ്യാർത്ഥികൾ യൂനിയൻ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടു.

| | | |
|---|---|---|
| ചെയർമാൻ | : | ഷിന്റോ കെ. ജെ |
| വൈസ്ചെയർമാൻ | : | ജിൻ തെരേസ |
| ജനറൽ സെക്രട്ടറി | : | ബിനീഷ് ജോർജ്ജ്. |
| ജോ: സെക്രട്ടറി | : | ശ്രീപ്രിയ. എം. |
| യു. യു. സി. | : | ഹുബൈബ് എൻ. |
| ചീഫ് സ്റ്റുഡന്റ് എഡിറ്റർ | : | ജിജേഷ് പി. വി |
| ഫൈനാർട്ട്സ് സെക്രട്ടറി | : | അനീഷ്. കെ. വി. |
| ജനറൽ ക്യാപ്റ്റൻ | : | സിദ്ധിക്ക് ബാബു. |

***ക്ലാസ് റെപ്രസന്റേറ്റീവ്***

| | | |
|---|---|---|
| I. D.C | : | ജിജോ ജോർജ്ജ് |
| II.D.C | : | അരുൺ ജോർജ്ജ് |
| III.D.C. | : | വിപിൻ എം. |

***അസോസിയേഷൻ സെക്രട്ടറി***

| | | |
|---|---|---|
| കോമേഴ്സ് | : | റെനീഷ് മാത്യു |
| മാത്സ് | : | ഷാരോൺ എൻ.എം. |
| കമ്പ്യൂട്ടർ സയൻസ് | : | രജീഷ്. കെ. വി. |

കോളേജ് യൂനിയന്റെ പ്രഥമ യോഗം പ്രിൻസിപ്പാൾ പ്രൊ: എം. എ. എച്ച്. ഖാൻ സാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ഈ യോഗത്തിൽ വെച്ച് സ്റ്റാഫ് അഡ്വൈസറായി ശ്രീ. എം. ജെ. മാത്യു സാറിനേയും സ്റ്റാഫ് എഡിറ്ററായി ശ്രീ അനീഷ്കുമാർ സാറിനേയും യൂനിയൻ എക്സിക്യൂട്ടീവിലേക്ക് അരുൺ ജോർജ്, രജീഷ്. കെ. വി. എന്നിവരെയും തെരഞ്ഞെടുത്തു.

***സത്യപ്രതിജ്ഞ***

2001 ഒക്ടോബർ 10-ാം തിയ്യതി യൂനിയൻ ഭാരവാഹികൾ യൂനിയൻ ഉദ്ഘാടനവേദിയിൽ വെച്ച് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ സത്യവാചകം ചൊല്ലിക്കൊടുത്തു.

***യൂനിയൻ ഉദ്ഘാടനം***

2001 ഒക്ടോബർ 19 ന് കോളേജ് യൂനിയൻ ഉദ്ഘാടനം ചെയർമാൻ ഷിന്റോ കെ. ജെ. യുടെ അദ്ധ്യക്ഷതയിൽ പാലയാട് ഡയറ്റിലെ റിട്ടയേർഡ് പ്രിൻസിപ്പാൾ പ്രൊ. N.P. ബാലകൃഷ്ണൻ നിർവ്വഹിച്ചു. ഫൈൻ ആർട്ട്സ് ക്ലബ്ബിന്റെ ഉദ്ഘാടനം കണ്ണൂർ നെഹ്റു യുവകേന്ദ്രയുടെ കോ - ഓർഡിനേറ്റർ പ്രൊഫ. എ. ശ്രീധരൻ നിർവ്വഹിച്ചു. ചടങ്ങിന് പ്രിൻസിപ്പാൾ സ്വാഗതവും ശ്രീ. കെ. പി. നൂറുദ്ദീൻ മുഖ്യപ്രഭാഷണവും ജനറൽ സെക്രട്ടറി ബിനേഷ് ജോർജ്ജ് നന്ദിയും പറഞ്ഞു. ഉച്ചയ്ക്ക് ശേഷം കണ്ണൂർ ബീറ്റാ ട്രാക്സ് ഓർക്കസ്ട്രയുടെ ഗാനമേളയും ഉണ്ടായിരുന്നു.

***മാതൃഭൂമി കലോത്സവം***

കണ്ണൂർ സാധു ഓഡിറ്റോറിയത്തിൽ വെച്ച് കോളേജ് വിദ്യാർത്ഥികൾക്കായി നടന്ന മാതൃഭൂമി കലോത്സവത്തിൽ ഈ കോളേജിൽ നിന്നും വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ഇരിട്ടി മഹാത്മാഗാന്ധി കോളേജിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തുവാൻ യൂണിയന് സാധിച്ചിട്ടുണ്ട്.

***യൂനിയൻ കലോത്സവം***

2001 - 2002 വർഷത്തെ യൂനിയൻ കലോത്സവത്തോടനുബന്ധിച്ചുള്ള മത്സരങ്ങൾ കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് പ്രിൻസിപ്പാൾ ഉദ്ഘാടനം ചെയ്തു. 8, 9 തിയ്യതികളിൽ സ്റ്റേജിതര മത്സരങ്ങളും 12,13 തിയ്യതികളിൽ സ്റ്റേജ് മത്സരങ്ങളും നടന്നു. വിദ്യാർത്ഥികൾ അത്യധികം വാശിയോടുകൂടി മത്സരത്തിൽ പങ്കെടുക്കുന്നത് യൂനിയന് സന്തോഷം നൽകുന്നുണ്ട്. കലോത്സവത്തിൽ വിദ്യാർത്ഥികളെ ബ്ലൂ, ഗ്രീൻ,

റെഡ് എന്നീ ഹൗസുകളായി തിരിച്ചായിരുന്നു മത്സരം നടത്തിയിരുന്നത്. ബ്ലൂ, റെഡ്, ഗ്രീൻ എന്നീ ഹൗസുകൾ യഥാക്രമം 1, 2, 3 സ്ഥാനങ്ങൾ നേടി. കലോത്സവത്തിന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും, നല്ലവരായ നാട്ടുകാരെയും, ഫൈനാർട്ട്സ് സെക്രട്ടറി അനീഷ് കെ. വി. യെയും യൂനിയൻ ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

*ക്രിസ്തുമസ് ആഘോഷം*

സമാധാനത്തിന്റെയും, ഐശ്വര്യത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകമായി എത്തിയ ക്രിസ്തുമസ് എം. ജി. കോളേജിലും വിപുലമായി ആഘോഷിച്ചു. അലങ്കരിച്ച ക്രിസ്തുമസ് ട്രീയും ബലൂണുകളും കൊണ്ട് മനോഹരമാക്കിയ കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് ഫൈനാർട്സ് സെക്രട്ടറി അനീഷ് കെ. വി. യുടെ നേതൃത്വത്തിൽ ക്രിസ്തുമസ് പരിപാടികൾ ഭംഗിയായി നടത്തി. ക്രിസ്തുമസ് കേക്ക് പ്രിൻസിപ്പാളും പപ്പയും ചേർന്ന് മുറിച്ച് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു.

*യൂനിവേഴ്സിറ്റി കലോത്സവം*

2001 - 2002 വർഷത്തെ കണ്ണൂർ യൂനിവേഴ്സിറ്റി കലോത്സവം പയ്യന്നൂരിലെ വിവിധ സ്റ്റേജുകളിൽ വെച്ച് നടത്തി. കലോത്സവത്തിലും സാഹിത്യോത്സവത്തിലും ചിത്രോത്സവത്തിലും വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ യൂനിയന് സാധിച്ചിട്ടുണ്ട്. കലോത്സവത്തിൽ പങ്കെടുക്കുവാൻ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും സഹായവും നൽകിയ മാത്യു സാർ, സ്വരൂപ ടീച്ചർ, സന്ധ്യ ടീച്ചർ, ബിജുസാർ എന്നിവരോടുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

*സ്പോർട്സ് ഡേ*

ഇരിട്ടി മഹാത്മാ ഗാന്ധി കോളേജിലെ കായിക മാമാങ്കത്തിന് കോളേജ് ഗ്രൗണ്ടിൽ കൊടിയേറി. പ്രിൻസിപ്പാളിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രൊഫ. പി. വി. ജയപ്രകാശ് (29 - 1 - 02) ന് മീറ്റ് ഉദ്ഘാടനം ചെയ്തു. വർണ്ണശബളമായ മാർച്ച് പാസ്റ്റ് ചടങ്ങിന്റെ പ്രധാന ആകർഷണമായിരുന്നു. കായിക താരങ്ങൾക്ക് ജനറൽ ക്യാപ്റ്റൻ സിദ്ധിക് ബാബു പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു. മത്സരത്തിൽ 1, 2, 3 സ്ഥാനങ്ങൾ നേടിയവർക്ക് മെഡലുകൾ വിതരണം ചെയ്തു. മീറ്റിന്റെ അവസാന നിമിഷം അദ്ധ്യാപകർക്കായി നടത്തിയ മത്സരം വിദ്യാർത്ഥികൾക്ക് ഹരം പകർന്നു. മത്സരത്തിൽ ബ്ലൂ, റെഡ്, ഗ്രീൻ ഹൗസുകൾ യഥാക്രമം 1, 2, 3 സ്ഥാനങ്ങൾ നേടി. മീറ്റിന്റെ വിജയത്തിനായി പ്രയത്നിച്ച ഫിസിക്കൽ എഡ്യുക്കേഷൻ മേധാവി ശ്രീ. എം. ജെ. മാത്യു സാറിനും ജനറൽ ക്യാപ്റ്റൻ സിദ്ധിക് ബാബുവിനും മറ്റ് അദ്ധ്യാപിക അദ്ധ്യാപകർക്കും വിദ്യാർത്ഥി സുഹൃത്തുക്കൾക്കും യൂനിയന്റെ അകമഴിഞ്ഞ നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

*എൻ. എസ്. എസ്. ക്യാമ്പ്*

എൻ. എസ്. എസ്. ന്റെ ഈ വർഷത്തെ ക്യാമ്പ് 2000 ഡിസംബർ 23 മുതൽ 31 വരെ കോളേജിൽ വെച്ച് നടന്നു. ഡിസംബർ 30 ന് രാത്രി യൂണിയന്റെ സംഭാവനയായ കേക്ക് മുറിച്ച് ക്യാമ്പ് അംഗങ്ങൾ പുതുവത്സരത്തെ വരവേറ്റു.

*കോളേജ് ദിനാഘോഷം*

കോളേജ് ദിനാഘോഷം ഫെബ്രുവരി 11 ന് യൂണിയൻ ചെയർമാൻ ഷിന്റോ കെ. ജെ യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രൊഫ. എ. ഡി. മുസ്തഫ, എം. എൽ. എ. ഉദ്ഘാടനം ചെയ്തു. യൂനിയൻ അഡ്വൈസർ ശ്രീ. എം. ജെ. മാത്യു സ്വാഗതം പറഞ്ഞു. കോളേജിന്റെ പ്രവർത്തന റിപ്പോർട്ട് പ്രിൻസിപ്പാൾ എം. എ. എച്ച്. ഖാൻ യൂനിയൻ റിപ്പോർട്ട് ജനറൽ സെക്രട്ടറി ബിനേഷ് ജോർജ്ജ് എന്നിവർ അവതരിപ്പിച്ചു. ആശംസകളർപ്പിച്ചുകൊണ്ട് ശ്രീ. പി. നാരായണൻ, ശ്രീ. ഗോവിന്ദൻമാസ്റ്റർ കോളേജ് സുപ്രണ്ട് ശ്രീ. മോഹനൻ എന്നിവർ സംസാരിച്ചു. യൂണിയൻ ജോയിന്റ് സെക്രട്ടറി ശ്രീപ്രിയ. എം. നന്ദി രേഖപ്പെടുത്തി.

**ഉപസംഹാരം.**

സാമ്പത്തിക പരിമിതികൊണ്ടും സമയപരിധിയുടെ വേലിക്കെട്ടുകൾക്കിടയിൽ നിന്നുകൊണ്ടും വൈവിധ്യമായ പരിപാടികൾ നടത്തി വിദ്യാർത്ഥികളുടെ പ്രശംസയ്ക്ക് പാത്രമാകാൻ യൂനിയന് സാധിച്ചിട്ടുണ്ട്. എല്ലാം ചെയ്തു തീർത്തു എന്ന് അഹങ്കരിക്കുന്നില്ലെങ്കിലും കക്ഷിരാഷ്ട്രീയത്തിനതീതമായി ചിന്തിച്ചുകൊണ്ട് വിദ്യാർത്ഥികളെ ഒരേ കണ്ണിൽ കാണുകയും അവരുടെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

*സ്നേഹപൂർവ്വം,*
**ബിനീഷ് ജോർജ്ജ്.**
*ജനറൽ സെക്രട്ടറി*

# നന്ദിയോടെ...............

ഒരത്തിരിയൊരത്തിരി പ്രതീക്ഷകളും സ്വപ്നങ്ങളും ബാക്കി നിർത്തി ഒരു വർഷം കൂടി കടന്നുപോയി........

കാലത്തിന്റെ കയ്യൊപ്പുകൾ ഏറ്റുവാങ്ങിയ ഒരു സാക്ഷ്യ പത്രം കൂടി ഇവിടെ പൂർത്തിയാവുന്നു..........

പൂവണിഞ്ഞ സ്വപ്നത്തിലേറി വിഹായസ്സിന്റെ കാണാപ്പുറങ്ങളിലേക്ക്കുതിക്കുമ്പോൾ,

ഞങ്ങൾക്കു മുമ്പിൽ തെളിയുന്നൊരായിരം കടമയു ടെയും കടപ്പാടിന്റെയും മുഖങ്ങൾ...............

അക്ഷരങ്ങൾ കൊണ്ടു തീർത്ത ഈ സ്വപ്നസൗധ ത്തിന്റെ പണിപ്പുരയിൽ വിയർപ്പൊഴുക്കിയവർ ഏറെ........

അക്ഷരങ്ങളുടെ തീച്ചൂളയിൽ നിന്നും ഞങ്ങൾ വാർത്തെടുത്ത ഈ കമനീയ ശില്പം നിങ്ങൾക്ക് സമർപ്പിക്കുമ്പോൾ...

കനവുകൾ ചിറകുവിരിച്ച ഒരായിരം മിഴികൾ ഞങ്ങൾ കാണുന്നു..... അത് നിങ്ങളുടേതാണ്.

പ്രതീക്ഷയുടെ നിറദീപമായ് ജ്വലിക്കുവാൻ വെമ്പുന്ന യുവചേതനയുടെ ചേതോവികാരങ്ങൾക്ക് നിറം പകർന്നാൽ ഞങ്ങൾ കൃതാർത്ഥരായി....

സ്നേഹപൂർവ്വം
നിങ്ങളുടെ എഡിറ്റർ,
ഷിജേഷ് പി. വി.




# INDIRA GANDHI CO-OPERATIVE HOSPITAL

*(A unit of Mambaram Co-op. Hospital Society Ltd. No.C 952)*

MANJODI, THIRUVANGAD, THALASSERY, KANNUR, PIN: 670103

PHONE: 323135, 341195, 325685, 320750, 320730





## DEPARTMENTS

- CARDIOLOGY
- NEUROLOGY
- UROLOGY
- GENERAL MEDICINE
- PAEDIATRICS
- PAEDIATRIC SURGERY
- GENERAL SURGERY
- GYNAECOLOGY
- ORTHOPAEDICS
- ENT
- OPTHALMOLOGY
- DERMATOLOGY
- RADIOLOGY
- ANESTHESIOLOGY
- DENTAL

ECO-DOPPLER STUDY
TREAD MILL TEST (TMT)
16 CHANNEL ECG
MICROSCOPIC EAR & LARYNGEL SURGERY (FESS)
SPEECH AND AUDIOTHERAPHY
DIAGNOSTIC LAPROSCOPY & LAPROSCOPIC STERILIZATION
MICROSURGERY OF THE TUBES & UTERUS (TUBAL RECANALISATION)
INTRA UTERINE INSEMINATION (IUI) FOR INFERTILITY
C-ARM FOR ADVANCED ORTHOPAEDIC SURGERY
INFRARED COAGULATION & CRYOSURGERY FOR HAEMERRHOIDS
TRANS VAGINAL & ABDOMINAL ULTRASOUND SCANNING &
COLOUR DOPPLER STUDY
WHOLE BODY CT SCAN UNIT
HAIR TRANSPLANTATION SURGERY
PHYSIOTHERAPY DEPARTMENT

**Committed to total health-care**

Indira Gandhi Co-operative hospital is 250 beded Multispeciality Hospital with 24 hours casuality, Pharmacy Accident Trauma care Unit, X Ray Unit, Lab, I U C, I C C U, N I C U for new born babies and seperate paediatric I C U with all facilities. Indira Gandhi Co-operative Hospital has gained its uncomparable fame because of the dedicated service of eminent consultants and fully qualified able nursing staff etc. We take completed responsibility for your investment.

Be part our endeavour, invest in shares and deposits at IGCH.

**Special privileges for share holders:**

For shareholders of Rs. 10,000/- a discount of up to Rs.10,000/- is allowed every year on the hospital expenses. If husband and wife is holding shares of Rs. 10,000/- all their children between the age of three months to 18 years are eligible for a discount up to Rs. 10,000/- each every year on the hospital expenses. (The children should be registered by paying Rs. 200/- per child in every year)

President,
Mambaram Divakaran

With best compliments from:

# MAHATMA GANDHI COLLEGE COMPUTER CENTRE

**Irittty, P.O. Keezhur. Phone: 493666**

( Sub Centre of Centre for Continuing Education, Govt. of Kerala)

Reg. No. CE/A-315/2002

Courses

DIPLOMA IN COMPUTER APPLICATION

DIPLOMA IN COMPUTER APPLICATION FOR OFFICE MANAGEMENT

OFFICE AUTOMATION

COMPUTERIZED FINANCIAL ACCOUNTING

COMPUTER HARDWARE & NETWORKING

Feel the Hug of Homeliness...




# FALCON PLAZA

N. P. Road, Iritty 670 703

Kannur Dist, Kerala. India

Tele/Fax: 493880